പ്രാദേശിക ഭരണനിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം- 29

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312,
(ഡെപ്യൂട്ടി ഡയറക്ടർ) 2207003
ഇ-മെയിൽ : **info@kila.ac.in**
വെബ് സൈറ്റ് : **www.kila.ac.in**
കില ഹെൽപ്പ് ഡെസ്ക് : 0487-2455000

പ്രാദേശിക ഭരണനിർവ്വഹണം
സർക്കാർ ഉത്തരവുകളും സർക്കുലറുകളും
വോള്യം- 29

ചീഫ് എഡിറ്റർ
ഡോ. ജോയ് ഇളമൺ,
ഡയറക്ടർ ജനറൽ, കില

എഡിറ്റർ
ഷഫീക്ക് പി എം,
ഡപ്യൂട്ടി ഡയറക്ടർ, കില

സമാഹരണം
ആർ ബാലഗംഗാധരൻ,
ഹെൽപ്പ് ഡെസ്ക്, കില
സി പി സുനിൽ,
ഹെൽപ്പ് ഡെസ്ക്, കില
വി.ജി ശശിധരൻ,
ഹെൽപ്പ് ഡെസ്ക്, കില
വി. കലാധരൻ,
ഹെൽപ്പ് ഡെസ്ക്, കില

നവംബർ 2022

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ (ഓഫീസ്) (0487) 2207000,
(ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207003
ഇ-മെയിൽ : info@kila.ac.in
വെബ് സൈറ്റ് : www.kila.ac.in
കില ഹെൽപ്പ് ഡെസ്ക് : 0487-2455000

ലേ ഔട്ട് &കവർ - രാജേഷ് താണിക്കുടം, തൃശൂർ

അച്ചടി
കോ-ഓപ്പറേറ്റീവ് പ്രസ്സ്, മുളങ്കുന്നത്തുകാവ് ഫോൺ- 0487 2200391, 9895566621

ആമുഖം

പ്രാദേശിക ഭരണനിർവഹണത്തിന്റെ ഭാഗമായ ദൈനംദിന പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഗവണ്മെന്റും വിവിധ വകുപ്പുകളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിച്ചുവരികയാണ്. അവയുടെ 21 മുതൽ 26 വരെയുള്ള വോള്യങ്ങൾ 2018 ജൂൺ മാസത്തിലാണ് പ്രസിദ്ധീകരിച്ചത്.

അതിനുശേഷം നമ്മുടെ സംസ്ഥാനം കടന്നുപോയത് ദുരന്തങ്ങളുടെ ഒരു കാലഘട്ടത്തിലൂടെയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടുതന്നെ ഉത്തരവുകളുടെയും സർക്കുലറുകളുടെയും തുടർന്നുള്ള വോള്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളതാണ്. പ്രളയവും കോവിഡും അതിജീവിച്ച് നമ്മുടെ സംസ്ഥാനവും തദ്ദേശസ്ഥാപനങ്ങളും പുതിയ കാലത്തിനൊത്ത വികസന ക്ഷേമപ്രവർത്തനങ്ങളിലേക്ക് കടന്നിരിക്കുകയാണ്. കോവിഡാനന്തര കാലത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് നേരിട്ടും ഓൺലൈനായുമുള്ള പരിശീലന പരിപാടികളുമായി കില തദ്ദേശസ്ഥാപനങ്ങളോടൊപ്പം സജീവമാവുകയാണ്. ഈ അവസരത്തിൽ 2017–18 മുതൽ ഉള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 27, 28, 29 വോള്യങ്ങളായി കില പ്രസിദ്ധീകരിക്കുകയാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിനും ഈ പ്രസിദ്ധീകരണം പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കിലയുടെ ഫാക്കൽറ്റി അംഗങ്ങൾ, കില ഹെൽപ്പ് ഡെസ്കിലെ ശ്രീ. ആർ ബാലഗംഗാധരൻ, ശ്രീ. സി പി സുനിൽ, ശ്രീ.വിജിശശിധരൻ, ശ്രീ വി കലാധരൻ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

കില
25.11.2022

ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കില

അദ്ധ്യായം	ഉള്ളടക്കം	പേജ് നമ്പർ	
		മുതൽ	വരെ
1.	ജീവനക്കാര്യം	13	125
2.	ലൈസൻസുകൾ	127	159
3.	കെട്ടിടനിർമ്മാണ ചട്ടം, വസ്തുനികുതി	161	276
4.	സാമൂഹ്യക്ഷേമം	277	341
5.	ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ	343	370

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ

1. ജീവനക്കാര്യം

1.1	സ.ഉ.(കൈ)15/2017/തസ്വഭവ	16.01.2017	നഗരസഭ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുന്നതിന് കൗൺസിലുകൾക്ക് തീരുമാനം എടുക്കാൻ അനുമതി - ഉത്തരവ്	15
1.2	സ.ഉ.(കൈ)5/2018/ഉഭപവ	21.02.2018	സമാശ്വാസ തൊഴിൽദാന പദ്ധതി - നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സമ്മതപത്രം കൂടി ബാധക മാക്കിക്കൊണ്ട് ഉത്തരവ്.	17
1.3	സർക്കുലർ നമ്പർ 22/2018/ധന	28.03.2018	KSR Part I, Annexure XII A യും, XII C യും ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച്	20
1.4	സർക്കുലർ നമ്പർ 28/2018/ധന	04.04.2018	ജീവനക്കാരുടെയും പെൻഷൻകാരുടെയും പദ്ധതി (MEDISEP) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്	23
1.5	സ.ഉ.(കൈ)10/2018/ഉഭപവ	05.04.2018	സംസ്ഥാന ജീവനക്കാരുടെ പൊതു സ്ഥലമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഭേദഗതി ഉത്തരവ്	28
1.6	G.O.(P) 4/2018/P&ARD	05.04.2018	SC/ST Exemption of Departmental Test	30
1.7	സ.ഉ.(സാധാ)998/2018/തസ്വഭവ	09.04.2018	പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള മിനിസ്റ്റീരിയൽ ജീവനക്കാരെ പുനർവിന്യസിച്ച ഉത്തരവ്	32
1.8	സ.ഉ.(കൈ)39/2018/തസ്വഭവ	17.04.2018	മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണ ഉത്തരവ് - ഭേദഗതി	42
1.9	സ.ഉ.(സാധാ)1104/2018/തസ്വഭവ	18.04.2018	പകർച്ചപ്പനി പ്രതിരോധ പ്രവർത്തനത്തിന് കരാർ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ നഗരസഭകളിൽ നിയമിക്കൽ - ഉത്തരവ്	44
1.10	സ.ഉ.(പി)7/2018/ഉ.ഭ.പ.വ.	28.04.2018	സമാശ്വാസ തൊഴിൽദാന പദ്ധതി - കുടുംബ വാർഷിക വരുമാനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.	45
1.11	ഇ12 12608/2018/പഞ്ചായത്ത്	04.05.2018	ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ - പൊതു പരിപാടികളിൽ പങ്കെടുക്കുന്നത് സംബന്ധിച്ച്	47
1.12	സ.ഉ.(സാധാ)1311/2018/തസ്വഭവ	10.05.2018	കോർപ്പറേഷനിൽ താല്ക്കാലികമായി നിയമിച്ച എഞ്ചിനീയർമാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകാൻ - ഉത്തരവ്	49
1.13	സ.ഉ.(അ) 76/2018/ധന	19.05.2018	വിമാനയാത്ര - വിദേശ യാത്ര - മെഡിക്കൽ ഇൻഷ്വറൻസ് തുക റീഇമ്പേഴ്സ് ചെയ്യുന്നതിനുള്ള അനുമതി - ഉത്തരവ്.	51
1.14	G.O.(P)10/2018/P&ARD	29.05.2018	Kerala State and Subordinate Services (Amendment) Rules 2018 (Regarding upper age relaxation to widows)	53
1.15	സ.ഉ.(പി)84/2018/ഫിൻ	07.06.2018	സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ./ഡി.ആർ. - 01.07.2017 മുതൽ പുതുക്കിയ നിരക്ക് - ഉത്തരവ്	54
1.16	സ.ഉ.(സാധാ)83/2018/തസ്വഭവ	13.06.2018	മുനിസിപ്പൽ സർവ്വീസ് - കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - ഭേദഗതി ഉത്തരവ്	61
1.17	സർക്കുലർ നമ്പർ 54/2018/ധന	18.06.2018	ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (MEDISEP) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്	64
1.18	സർക്കുലർ നമ്പർ 59/18/ ധന	29.06.2018	ഭിന്നശേഷിക്കാരായ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം	65
1.19	358/ഡിഎ. 2/2018/തസ്വഭവ	02.07.2018	സമൻസ് ലഭിച്ചിട്ടും കോടതിയിൽ ഹാജരാകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ നടപടി സംബന്ധിച്ച്	67
1.20	സ.ഉ.(സാധാ)1837/2018/തസ്വഭവ	05.07.2018	എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ച് കൊണ്ടുള്ള ഉത്തരവ്	69
1.21	സ.ഉ.(സാധാ)1838/2018/തസ്വഭവ	05.07.2018	ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികക്കുള്ള യോഗ്യത - സംബന്ധിച്ച്	75

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
1.22	സ.ഉ.(പി)112/2018/ധന	21.07.2018	ദിവസ വേതന കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച ഉത്തരവ്	78
1.23	സ.ഉ.(കൈ)99/2018/തസ്വഭവ	25.07.2018	കുടുംബശ്രീ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച ഉത്തരവ്	89
1.24	സ.ഉ.(എം.എസ്)105/2018/തസ്വഭവ	04.08.2018	മുനിസിപ്പൽ കണ്ടിജൻസി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ ഉത്തരവ് ഭേദഗതി ചെയ്ത ഉത്തരവ്	91
1.25	സർക്കുലർ നമ്പർ ഇ3/2100/2008/സിഇ/തസ്വഭവ	06.08.2018	ജീവനക്കാർക്ക് അന്യായമായി അവധി അനുവദിക്കുന്നത് സംബന്ധിച്ച്	93
1.26	സ.ഉ.(സാധാ)2326/2018/തസ്വഭവ	30.08.2018	നഗരസഭകളിലെ ഹെൽത്ത് ഓഫീസർ നിയമനം - ഒഴിവുകൾ - കരാർ വ്യവസ്ഥയിൽ നിയമനം നടക്കുന്നത് സംബന്ധിച്ച്	94
1.27	സ.ഉ.(കൈ)147/2018/തസ്വഭവ	05.10.2018	അസി. സെക്രട്ടറിമാരുടെ ചുമതലകളിലും ഉത്തരവാദിത്വങ്ങളിലും ഭേദഗതി വരുത്തി ഉത്തരവ്	95
1.28	ഇ.ആർ.ഏ3/211/2018/തസ്വഭവ	06.10.2018	ജീവനക്കാർ അപേക്ഷകൾ വകുപ്പ് മന്ത്രിക്ക് നേരിട്ട് സമർപ്പിക്കാൻ പാടില്ല	97
1.29	സ.ഉ.(കൈ)158/2018/തസ്വഭവ	01.11.2018	ഫുൾ ടൈം കണ്ടിജൻറ് ജീവനക്കാരെ തസ്തിക മാറ്റത്തിനുള്ള സംയോജിത ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ഉത്തരവ്	98
1.30	സ.ഉ.(കൈ)161/2018/തസ്വഭവ	07.11.2018	പുതിയതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ടുമാരുടെ ചുമതലകൾ നിർണ്ണയിച്ച ഉത്തരവ്	103
1.31	സ.ഉ.(പി)175/2018/ധന	12.11.2018	ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2019 വർഷത്തേക്ക് പുതുക്കുന്നത് - സംബന്ധിച്ച്	110
1.32	സ.ഉ.(കൈ)5/2019/തസ്വഭവ	10.01.2019	ലൈബ്രറികളിലെയും ശിശു മന്ദിരത്തിലെയും ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ച ഉത്തരവ്	115
1.33	സർക്കുലർ നമ്പർ ഉ.പ.സി. 3/141/2017/ഉഭപവ	18.01.2019	നിയമനാധികാരികൾ ഒഴിവുകൾ പി.എസ്.സി.യെ ഇ-വേക്കൻസി സോഫ്റ്റ് വെയർ സംവിധാനത്തിലൂടെ അറിയിക്കുന്നത് സംബന്ധിച്ച്	117
1.34	സ.ഉ.(കൈ)01/2019/ഉഭപവ	21.01.2019	കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർമാർക്ക് പൊതുവായ യൂണിഫോം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു	119
1.35	സ.ഉ.(കൈ)21/2019/തസ്വഭവ	11.02.2019	പതിനൊന്നിന പരിപാടി - ലൈബ്രേറിയൻ, ആയ, നഴ്സറി ടീച്ചർ - പ്രമോഷനും മിനിമം പെൻഷനും ഭേദഗതി ഉത്തരവ്	121
1.36	സ.ഉ.(സാധാ)324/2019/തസ്വഭവ	15.02.2019	മികച്ച ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് പുരസ്കാരം നൽകാൻ അനുമതി	123
1.37	സ.ഉ.(സാധാ)445/2019/തസ്വഭവ	27.02.2019	താൽക്കാലിക ടെക്നിക്കൽ അസിസ്റ്റൻറുമാരുടെ സേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ്	125

2.ലൈസൻസുകൾ

2.1	Notification No. 21469/ Leg.C3/2017/Law	07.04.2018	The Kerala Investment Promotion and Facilitation Act, 2018	129
2.2	G.O.(Rt)/1824/2018/LSG	04.07.2018	Common judgement of High Court regarding SIM Card and Mobile Phone, Mobile accessories licence þ regarding	151
2.3	സർക്കുലർ നമ്പർ PAN/ 24693/2018þC4(DP)	26.11.2018	പഞ്ചായത്ത് വകുപ്പ് - അലഞ്ഞു തിരിഞ്ഞു നടക്കുന്ന കാലികളും മറ്റു വളർത്തുമൃഗങ്ങളും കാരണമുള്ള ശല്യങ്ങൾ - ഉപശമിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	153
2.4	സ.ഉ(സാധാ)446/2019/തസ്വഭവ	27.02.2019	വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പിഴ കൂടാതെ അടക്കാൻ കാലാവധി നീട്ടിയ ഉത്തരവ്	156
2.5	സർക്കുലർ നം.75/ആർ.സി 3/2019/തസ്വഭവ	29.03.2019	ഡി ആന്റ് ഒ ലൈസൻസ് എന്നതിനുപകരം ഐ.എഫ്.റ്റി, ഇ ആന്റ് ഒ ലൈസൻസ് എന്നു മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം	157

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
3.കെട്ടിട നിർമ്മാണ ചട്ടം, വസ്തുനികുതി				
3.1	G.O.(P)47/2018/LSGD	20.06.2018	Kerala Municipality (Regularisation of Unauthorised Construction Rule) Amendment 2018	163
3.2	G.O.(P)48/2018/LSGD	20.06.2018	Kerala Panchayat Building Amendment Rules 2018	165
3.3	395/ആർ.എ1/2017/തസ്വഭ	05.07.2018	നിലം നികത്തിയ ഭൂമിയിൽ വീട് വച്ച് 10 വർഷത്തേക്ക് ഉപയോഗമാറ്റം വരുത്തരുത് എന്ന സർക്കുലർ ഭേദഗതി	167
3.4	നോട്ടിഫിക്കേഷൻ നമ്പർ 26798/	06.07.2018	2018 ലെ കേരള-നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട്	169
3.5	88/RD1/2018/LSGD	23.07.2018	Ease of Doing Business – KP Building Rules Amendment 2011 – Municipal Building Rules - Clarification	205
3.6	406/ആർ.എ1/2017/തസ്വഭവ	13.08.2018	തണ്ണീർത്തട നിയമം വരുന്നതിന് മുമ്പ് നൽകിയ പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകൽ	207
3.7	G.O.(MS)176/2018/LSGD	27.11.2018	Ease of Doing Business – Building Reforms Action Plan 2018-19 – Time lines for the issuance of construction permit approval/No C - approved	209
3.8	G.O.(P)89/2018/LSGD	30.11.2018	Kerala Municipality Building (Regularisation of unauthorized construction) Amendment Rules 2018	211
3.9	G.O.(P)88/2018/LSGD	30.11.2018	Kerala Panchayat Raj (KP Building Rules - Amendment Rule 2018)	213
3.10	ജി.ഒ.(പി)85/2018/റവന്യു	15.12.2018	2018 ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ	215
3.11	ആർ.എ1/24/2019/തസ്വഭവ	03.01.2019	നെൽവയൽ തണ്ണീർത്തട നിയമം - ലൈഫ് ഭവന പദ്ധതി പ്രകാരം വീടുവയ്ക്കാൻ അനുമതി നിർദ്ദേശങ്ങൾ	241
3.12	ആർ.എ1/20/2018/തസ്വഭവ	04.01.2019	പാർക്കിംഗ് ഏരിയ ചട്ടവിരുദ്ധമായി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് - നിർദ്ദേശങ്ങൾ	243
3.13	G.S.R. No. 37(E)	18.01.2019	CRZ Notification 2018	245
3.14	സ.ഉ.(സാധാ)273/2019/തസ്വഭവ	08.02.2019	വസ്തു നികുതി കുടിശിക ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ്	272
3.15	സ.ഉ.(സാധാ)540/2019/തസ്വഭവ	06.03.2019	നഗരസഭകളിലെ വസ്തുനികുതി പരിഷ്ക്കരണം പ്രാബല്യ തീയതി 1.4.2016 ആക്കി കുടിശിക തുകയക്ക് പിഴ ഒഴിവാക്കി ഉത്തരവ്	274
4.സാമൂഹ്യക്ഷേമം				
4.1	സർക്കുലർ 625/എസ് .2/ 2018/ എസ്.സി.പി.ഡബ്ലി.ഡി	13.04.2018	അംഗപരിമിതരായവർക്ക് പെൻഷന് സ്ഥായിയായ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പുതുക്കേണ്ട	279
4.2	എസ്.എഫ്.സി.ബി.2/53/2018 / ധന	15.05.2018	സാമൂഹ്യ സുരക്ഷാ പെൻഷൻ - ഡാറ്റാ തിരുത്തലുകൾ നടത്തുന്നതിന് അനുമതി	281
4.3	സ.ഉ.(കൈ)233/2018/ധന	27.06.2018	സാമൂഹ്യസുരക്ഷാ പെൻഷൻ - തെറ്റായി സസ്പെന്റ് ചെയ്യപ്പെട്ട പെൻഷൻ പുന:സ്ഥാപിച്ചു നൽകാൻ മാർഗ്ഗനിർദ്ദേശങ്ങൾ	283
4.4	സർക്കുലർ 69/2018/ധന	26.07.2018	സാമൂഹ്യ സുരക്ഷാ പെൻഷൻ - പുനർവിവാഹം ചെയ്തവരേയും മരണപ്പെട്ടവരേയും ഒഴിവാക്കുന്നത് സംബന്ധിച്ച്	285
4.5	സ.ഉ.(കൈ)278/2018/ധന	03.08.2018	സാമൂഹ്യ സുരക്ഷാ പെൻഷൻ - അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ്	287

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ
4.6	സ.ഉ(സാധാ)477/2018/സാനീവ.	08.08.2018	അപേക്ഷാ ഫാറങ്ങളിലെ ലിംഗപദവിയിൽ സ്ത്രീ/പുരുഷൻ എന്നതിന് പുറമെ 'മറ്റുള്ളവർ' എന്ന് ചേർക്കുന്നതിന് അനുമതി	289
4.7	ഡി.എ.1/569/2018/തസ്വഭവ	16.08.2018	ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക വിതരണം സംബന്ധിച്ച്	291
4.8	സ.ഉ(സാധാ)6992/2018/ധന	17.08.2018	വിവിധ കാരണങ്ങളാൽ വിതരണം ചെയ്യാതെ വന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ നിക്ഷേപിക്കുന്നത് സംബന്ധിച്ച്	293
4.9	ഡി.എ.1/627/2018/തസ്വഭവ	01.09.2018	കോക്ലിയർ ഇംപ്ലാന്റേഷന് ശേഷം കേൾവി സഹായികളും മറ്റും നൽകുന്നത് സംബന്ധിച്ച്	295
4.10	സ.ഉ.(സാധ)2391/2018/തസ്വഭവ	07.09.2018	സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയ ഉത്തരവ്	297
4.11	സ.ഉ(കൈ)126/2018/തസ്വഭവ	14.09.2018	അഗതിരഹിത കേരളം പദ്ധതി - മാർഗ്ഗരേഖ - ഭേദഗതി വരുത്തിയുള്ള ഉത്തരവ്	298
4.12	ഡി.എ.1/718/2018/തസ്വഭവ	15.10.2018	കോക്ലിയർ ഇംപ്ലാന്റേഷന് ശേഷം കേൾവി സഹായ ഉപകരണങ്ങളുടെ റിപ്പയർ സംബന്ധിച്ച്	300
4.13	സർക്കുലർ 96/2018/ധന	23.10.2018	ക്ഷേമനിധി ബോർഡിലെ കുടുംബ പെൻഷൻകാർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച്	301
4.14	സ.ഉ(സാധാ)2776/2018/തസ്വഭവ	30.10.2018	പഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രതാ സമിതി രൂപീകരിക്കാൻ ഉത്തരവ്	302
4.15	സ.ഉ(സാധാ)2960/2018/തസ്വഭവ	21.11.2018	വിവാഹ ധനസഹായം - അപേക്ഷ നൽകേണ്ട കാലാവധി സംബന്ധിച്ച ഉത്തരവ്	303
4.16	സർക്കുലർ 109/2018/ധന	23.11.2018	സാമൂഹ്യ ക്ഷേമപെൻഷൻ - മരണപ്പെട്ടവരെ ഒഴിവാക്കുന്നത് സംബന്ധിച്ച്	304
4.17	സ.ഉ(സാധാ)9697/2018/ധന	24.11.2018	സാമൂഹ്യ സുരക്ഷപെൻഷൻ - അദാലത്ത് നടത്തുന്നതിന് അനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും	306
4.18	സ.ഉ(സാധാ)3030/2018/തസ്വഭവ	29.11.2018	വയോജന ജാഗ്രതാ സമിതി രൂപീകരണം - ഭേദഗതി ഉത്തരവ്	310
4.19	സ.ഉ(കൈ)500/2018/ധന	22.12.2018	സാമൂഹ്യ സുരക്ഷ പെൻഷൻ - പുതിയ അപേക്ഷകർക്ക് രണ്ടാമത്തെ പെൻഷൻ ഡാറ്റാ എൻട്രി നടത്താൻ അനുമതി	311
420	ഡി.എ.1/19/2019/തസ്വഭവ	25.01.2019	മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നത് സംബന്ധിച്ച്	313
4.21	സ.ഉ(കൈ)59/2019/ധന	31.01.2019	വിധവാ പെൻഷൻ അവിവാഹിതരാണെന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കാൻ നിർദ്ദേശങ്ങൾ	314
4.22	സ.ഉ(കൈ)88/2019/ധന	15.02.2019	അവിവാഹിതരാണെന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കുന്ന നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയ ഉത്തരവ്	316
4.23	സ.ഉ(കൈ)90/2019/ധന	16.02.2019	വികലാംഗർക്ക് രണ്ട് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച വ്യക്തത വരുത്തി ഉത്തരവ്	318
4.24	സ.ഉ(കൈ)91/2019/ധന	18.02.2019	സാമൂഹ്യ സുരക്ഷ പെൻഷൻ പ്രതിമാസം 1200/- രൂപയായി വർദ്ധിപ്പിച്ച ഉത്തരവ്	320
4.25	സ.ഉ(സാധ)361/2019/തസ്വഭവ	18.02.2019	വയോജന ജാഗ്രതാ സമിതി രൂപീകരിച്ച ഉത്തരവ് ഭേദഗതി ചെയ്ത ഉത്തരവ്	322
4.26	സ.ഉ(കൈ)93/2019/ധന	21.02.2019	പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയ ഉത്തരവ്	323
4.27	സ.ഉ(സാധാ)374/19/തസ്വഭവ	21.02.2019	പൊതുവിഭാഗത്തിൽപ്പെട്ട വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകാൻ അനുവാദം	325
4.28	സ.ഉ(സാധാ)553/2019/തസ്വഭവ	07.03.2019	പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - മാർഗ്ഗരേഖ	326

നമ്പർ	ഉത്തരവ്/ സർക്കുലർ നമ്പർ	തീയ്യതി	വിഷയം	പേജ് നമ്പർ

5. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ

5.1	24457/ഇ2/2017/ നിയമം	01.02.2019	സിഖ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ	345
5.2	WP© 7574/2018/ High Court Kerala	05.04.2018	വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച കോടതി വിധി	349
5.3	PAN/5641/2019-B1(DP)	27.06.2019	ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ-പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ	358
5.4	ആ1/30277/2017	19.10.2019	മരണ രജിസ്ട്രേഷനിൽ ആധാർ നമ്പർ ഉൾപ്പെടുത്തുന്നത്-പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ	361
5.5	611417/ആർ.ഡി 3/16/തസ്വഭവ	12.08.2016	മാതാപിതാക്കൾ അകന്നു കഴിയുന്ന കേസുകളിൽ കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ	362
5.6	ബി1-34679/12	29.04.2016	N.A.C അനുവദിക്കുന്നതിന് ഓൺലൈനായി പരിശോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശം	364
5.7	സ.ഉ (സാധാ)നം. 1620/2017/തസ്വഭവ	18.05.2017	ജനന മരണ രജിസ്ട്രേഷൻ-ഫയൽ അദാലത്തിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി ഉത്തരവ്	366
5.8	PAN/25702/2018/B1(DP)	10-11-2019	പ്രകൃതി ദുരന്തങ്ങളിൽ കണ്ടെത്താനാകാത്ത വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ	367

1. ജീവനക്കാര്യം



കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ക്വാർട്ടേഴ്സുകൾക്ക് വാടക തുക അനുവദിക്കുന്നതിന് മുനിസ്സിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലുകൾക്ക് തീരുമാനം എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (കൈ.) നം.15/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,16/01/2017.

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 15.05.2015, 10.09.2015, 16.04.2016 തീയതികളിലെ ഇ 2-19738/15 നമ്പർ കത്തുകൾ.
2. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.09.2015 തീയതിയിലെ കെ.എസ്.എ.9245/ആർ.1/2015 നമ്പർ കത്ത്.

ഉത്തരവ്

നഗരകാര്യ ഡയറക്ടറുടേയും കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടേയും മേൽ പരാമർശിത കത്തുകളിലെ ഭാപാർശ/റിപ്പോർട്ട് പരിഗണിച്ച്, സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസ്സിപ്പാലിറ്റി/കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുമ്പോൾ, തനത് ഫണ്ടിൽ നിന്ന് വാടകയിനത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തനത് ഫണ്ടിൽ നിന്ന് വാടക തുക അനുവദിക്കുന്നതിന് മുനിസ്സിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലുകൾക്ക് തീരുമാനം എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
എല്ലാ കോർപ്പറേഷൻ മേയർ/നഗരസഭാ ചെയർമാൻ/ചെയർപേഴ്സൺമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ്

വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ധനകാര്യ വകുപ്പ് (DEV-3/427/2015-FIN നമ്പർ പ്രകാരം)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള അപേക്ഷയോടൊപ്പം സംരക്ഷണ സമ്മതമൊഴി കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈയെഴുത്ത്) നം.5/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി :21.02.2018.

==========

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി

2. ആലപ്പുഴ ജില്ലാകളക്ടറുടെ 3.11.2017 ലെ എ 7-1300/2017 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ കാലാനുസൃതമായി ചില ഭേദഗതികളും വരുത്തിയിട്ടുണ്ട്.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മക്കൾക്കു നിയമനം ലഭിക്കുന്നതിനെത്തുടർന്ന് മാതാവ്/പിതാവ് അനാഥത്വത്തിലാകുന്നതും, അശരണരാകുന്നതും, മക്കളിൽ നിന്ന് സംരക്ഷണം ലഭിക്കാതെ ജീവിതാവശ്യങ്ങൾക്ക് നന്നേ ബുദ്ധിമുട്ട് അനുഭവിക്കുന്നതായും കണ്ടുവരുന്നുവെന്നും, ആനുകാലികജീവിതത്തിൽ വരുന്ന മാറ്റങ്ങളിൽ മക്കൾ അച്ഛനമ്മമാരുടെ സംരക്ഷണങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായും അവരെ ഒറ്റപ്പെടുന്ന അവസ്ഥയിലേയ്ക്ക് വിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് മാതാവിന്റെ/പിതാവിന്റെ മരണത്തെത്തുടർന്ന് ആശ്രിത നിയമനം മക്കൾക്കു ലഭിക്കുന്ന സാഹചര്യത്തിൽ അപേക്ഷകരിൽ നിന്നും മാതൃ/പിതൃ സംരക്ഷണ സമ്മതമൊഴി കൂടി ആശ്രിത നിയമനത്തിനുള്ള അപേക്ഷയോടൊപ്പം ഉൾപ്പെടുത്താവുന്നതാണോ എന്നതു സംബന്ധിച്ച വിഷയത്തിൽ സൂചന 2 പ്രകാരം ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്ന ആശ്രിതർ മരണമടഞ്ഞ ജീവനക്കാരന്റെ മറ്റ് ആശ്രിതരെ സംരക്ഷിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ് പിതാവ് വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നും വ്യക്തമാക്കുന്ന സംരക്ഷണ സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നത് സാമൂഹ്യസുരക്ഷയെ ശക്തിപ്പെടുത്തുമെന്നും,, സാമ്പത്തികഭദ്രതയിലൂടെ പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് അനുഗുണമായിരിക്കുമെന്നും സർക്കാർ കാണുന്നു.

4. ഈ സാഹചര്യത്തിൽ മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി /അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:- നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ
വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
(ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
എറണാകുളം.(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്).
മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (റൂൾസ്-ബി) വകുപ്പ്

സർക്കുലർ

നമ്പർ 22/2018/ധന. *തിരുവനന്തപുരം, 2018 മാർച്ച് 28.*

വിഷയം:—കേരളാ സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:—1-12-2012-ലെ സ. ഉ. (പി) നമ്പർ 656/2012/ധന.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം, കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ അനുസരിച്ച്, നിലവിലുള്ള അവധി ദീർഘിപ്പിച്ച് നൽകുന്നതുൾപ്പെടെ, ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം വകുപ്പദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ അവധി അപേക്ഷകളിന്മേൽ ബന്ധപ്പെട്ട അധികാരികൾ യഥാസമയം നടപടികൾ സ്വീകരിക്കാത്തത് കാരണം ഉദ്യോഗസ്ഥർ അവധി അനുവദിച്ച് ഉത്തരവാകുംമുൻപ് അവധിയിൽ പ്രവേശിക്കുന്നതായും മുൻകാല പ്രാബല്യത്തിൽ അവധി അനുവദിക്കുന്നതിനായി അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്കയക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, കേരളാ സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം XII A-യും അനുബന്ധം XII C-യും ചട്ടങ്ങൾ അനുസരിച്ച് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നത് സംബന്ധിച്ചും ആയത് അനുവദിക്കുന്നത് സംബന്ധിച്ചും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അവധി അപേക്ഷകൻ എല്ലാ കോളങ്ങളും പൂരിപ്പിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ (കെ.എസ്.ആർ. ഭാഗം I, ഫോം നമ്പർ 13) അവധി ആരംഭിക്കുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുൻപ് നിയന്ത്രണാധികാരിക്ക്/ഓഫീസ് തലവന് സമർപ്പിക്കേണ്ടതാണ്.

2. അവധി അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ നിയന്ത്രണാധികാരി/ ഓഫീസ് തലവൻ അപേക്ഷ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതം മേലുദ്യോഗസ്ഥന് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതാണ്.

3. വകുപ്പദ്ധ്യക്ഷന്മാർ അവധി അപേക്ഷകൾ ലഭിച്ച് ഒരു മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കി അവധി അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടതും ആയത് ഉടൻതന്നെ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. സർക്കാർ അനുമതി ആവശ്യമുള്ള അപേക്ഷയാണെങ്കിൽ അവധി അപേക്ഷ ലഭിച്ച് 15 ദിവസത്തിനുള്ളിൽ വ്യക്തമായ ശുപാർശ സഹിതം പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ, അവധി ആരംഭിക്കുന്നതിന് 15 ദിവസത്തിന് മുമ്പായി അന്തിമ തീരുമാനം എടുത്ത് അപേക്ഷകനെ അറിയിക്കേണ്ടതാണ്.

4. അവധി അപേക്ഷ സമർപ്പിച്ചുവെന്ന കാരണത്താൽ അവധി അനുവദിച്ച് കിട്ടുന്നതിന് മുൻപ് ഉദ്യോഗസ്ഥർ ഒരു കാരണവശാലും അവധിയിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല. കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A/അനുബന്ധം XII C ചട്ടങ്ങൾ അനുസരിച്ചുള്ള ശൂന്യവേതനാവധി അനുവദിച്ച് ലഭിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII A ചട്ടം 9/അനുബന്ധം XII C ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഡോ. ഷർമിള മേരി ജോസഫ്,
എക്സ്പെൻഡിച്ചർ സെക്രട്ടറി (ധനകാര്യം).

പകർപ്പ്:—

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും, ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ.

ധനാഡിത ഓഫീസർ, www.finance.kerala.gov.in

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 562748).

കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്

പരിപത്രം

നം.28/2018/ധന

തിരുവനന്തപുരം , തീയതി 04/04/2018

വിഷയം : ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : സ.ഉ.(അച്ചടി) നം. 54/17/ധന തീയതി 24/04/2017

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സൂചന പ്രകാരമുള്ള ഉത്തരവനുസരിച്ച് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണമെന്ന് സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സംസ്ഥാന സർക്കാരിൽ നിന്നും ഗ്രാന്റ്-ഇൻ-എയിഡ് സ്വീകരിച്ചു വരുന്ന സർവ്വകലാശാലകളിലെയും ജീവനക്കാരെയും പെൻഷൻകാരെയും കൂടി ഉൾപ്പെടുത്തുന്നതിനും തീരുമാനമെടുത്തിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം അടിയന്തിരമായി നടത്തേണ്ടതുണ്ട്. ആയതിനാൽ അനുബന്ധമായി ലഭ്യമാക്കിയിട്ടുള്ള പ്രഫോർമ അനുസരിച്ചുള്ള വിവരങ്ങൾ ജീവനക്കാർ / പെൻഷൻകാർ എന്നിവരിൽ നിന്നും ശേഖരിച്ച് ധനകാര്യ (ഐറ്റി സോഫ്റ്റ് വെയർ) വകുപ്പ് തയ്യാറാക്കുന്ന ഡാറ്റബേസിലേയ്ക്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും സർവ്വകലാശാലകളിലേയും ബന്ധപ്പെട്ട മേധാവികൾക്ക് നിർദ്ദേശം നൽകുന്നു. വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക നിർദ്ദേശങ്ങൾ www.medisep.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി 04712305851 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതും ആയതിലേക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നോഡൽ ഓഫീസറെ അധികാരപ്പെടുത്തേണ്ടതുമാണ്.

കെ. രാജശ്രീ

അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം
സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി , തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫിസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

അനുബന്ധം -1

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സർവകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ വിവരശേഖരണത്തിനു വേണ്ടിയുള്ള പ്രഫോർമ

പേര്	
എസ്റ്റോയി നം/ കോഡ്	
സ്ഥാപനം	
സ്ത്രീ/പുരുഷൻ	
ജീവനക്കാരനു/ ജീവനക്കാരിക്ക് കുടുംബ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം	പി/പി/ഒ നമ്പർ/ പെൻഷൻ നമ്പർ:
ജനനതീയതി, വയസ്	
ആധാർ നം.*	
തിരിച്ചറിയൽ കാർഡ് നം. {ഇലക്ഷൻ ഐ.ഡി/പാസ് പോർട്ട്/ റേഷൻകാർഡ്/പാൻകാർഡ്/ **ജനന സർട്ടിഫിക്കറ്റ് (ബാധകമല്ലാത്തത് വെട്ടിക്കളയുക)}	
പാൻ നമ്പർ	
തസ്തിക	
വിരമിക്കൽ തീയതി	
സ്ഥിരമായ മേൽവിലാസം	
പങ്കാളിയുടെ പേര്	
പങ്കാളി സംസ്ഥാന/സർവകലാശാല/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷണർ / പാർട്ട് ടൈം കണ്ടിജന്റ് പെൻഷണർ / എക്സ് ഗ്രേഷ്യാ കുടുംബ പെൻഷണർ / സംസ്ഥാന സർക്കാർ / സർവകലാശാലാ /തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനം ആണെങ്കിൽ വിവരം	പി/പി/ഒ നമ്പർ/ പെൻഷൻ നമ്പർ: പെൻ നമ്പർ/ എസ്റ്റോയി നം/ കോഡ് :
അങ്ങനെ അല്ലെങ്കിൽ, ആധാർ /തിരിച്ചറിയൽ കാർഡ് നം.: ജനനതീയതി :	
ആശ്രിതർ *** ബന്ധം: പേര് : ജനന തീയതി :	

തിരിച്ചറിയൽ കാർഡ് നം: (ഇലക്ഷൻ ഐ.ഡി/ ജനനസർട്ടിഫിക്കറ്റ്/പാസ് പോർട്ട്/ റേഷൻകാർഡ്/പാൻകാർഡ് (ബാധകമല്ലാത്തത് വെട്ടിക്കളയുക)} സ്ഥിരമായ മേൽവിലാസം (എല്ലാ ആശ്രിതരുടേയും മുകളിൽപറഞ്ഞ വിവരം ചേർക്കുക)	
മൊബൈൽ നം.:	
മറ്റേതെങ്കിലും സമാനമായ സർക്കാർ പദ്ധതിയിൽ അംഗമാണെങ്കിൽ പദ്ധതിയുടെ പേര്: അംഗത്വ നമ്പർ : കാലാവധി:	

സത്യപ്രസ്താവന

..... എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൻ പ്രകാരം പൂർണ്ണവും സത്യവുമാണെന്നും ആയതിൽ എന്തെങ്കിലും പിഴവ് കണ്ടെത്തുന്ന പക്ഷം എന്റെ പോളിസി പൂർണ്ണമായും അസാധുവാകുമെന്ന മനസ്സിലാക്കുന്നതായും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം : പേര് :

തീയതി : ഒപ്പ് :.....

* അഭികാമ്യം

** മറ്റൊരു തിരിച്ചറിയൽ കാർഡുമില്ലാത്ത കുട്ടികൾക്ക്

*** ജീവനക്കാരെ മാത്രം പൂർണ്ണമായി ആശ്രയിച്ചു കഴിയുന്ന മാതാവ്, പിതാവ്, മകൻ/മകൾ (ഇരുപത്തിയഞ്ച് വയസ് പൂർത്തികരിക്കുന്നതുവരെയോ അല്ലെങ്കിൽ വിവാഹം കഴിയുകയോ അല്ലെങ്കിൽ ജോലി ലഭിക്കുന്നതു വരെയോ), 60% മുകളിൽ ശാരീരിക മാനസിക വൈകല്യം ബാധിച്ച മക്കൾക്ക് പ്രായ പരിധി ബാധകമല്ല.

അനുബന്ധം -2

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ സർവകലാശാലകൾ എന്നിവിടങ്ങളിലെ പെൻഷൻകാരുടെ വിവരശേഖരണത്തിനു വേണ്ടിയുള്ള പ്രഫോർമ

പേര്	
പി.പി.ഒ.നമ്പർ/ മറ്റേതെങ്കിലും പെൻഷണറെ തിരിച്ചറിയുന്നതിനുള്ള നമ്പർ	
മാതൃടഷറി/ പെൻഷൻ വിതരണ ഏജൻസി	
മറ്റേതെങ്കിലും പെൻഷനോ/കുടുംബ പെൻഷനോ ലഭിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം	
സ്ത്രീ/പുരുഷൻ	
ജനനതീയതി	
ആധാർ നം.*	
തിരിച്ചറിയിൽ കാർഡ് നം. (ഇലക്ഷൻ ഐ.ഡി/ ജനനസർട്ടിഫിക്കറ്റ്/പാസ് പോർട്ട്/ റേഷൻകാർഡ്/പാൻകാർഡ് (ബാധകമല്ലാത്തത് വെട്ടിക്കളയുക))	
പാൻ നമ്പർ	
പെൻഷൻ (ഇനം)	പെൻഷൻ/ കുടുംബ പെൻഷൻ / എക്സ് ഗ്രേഷ്യാ കുടുംബ പെൻഷൻ / പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻ / പാർട്ട് ടൈം കണ്ടിജന്റ് കുടുംബപെൻഷൻ (ആവശ്യമില്ലാത്തത് വെട്ടിക്കളയുക)
റിട്ടയർ ചെയ്ത സമയത്ത് തസ്തികയും ഓഫീസും	
വിരമിച്ച തീയതി	
സ്ഥിരമായ മേൽവിലാസം	
പങ്കാളിയുടെ പേര്	
പങ്കാളി സംസ്ഥാന പെൻഷണർ / പാർട്ട് ടൈം കണ്ടിജന്റ് പെൻഷണർ / എക്സ് ഗ്രേഷ്യാ കുടുംബ പെൻഷണർ / സംസ്ഥാന സർക്കാർ / സർവകലാശാല/ തദ്ദേശസ്വയം ഭരണ സ്ഥാപനം ജീവനം ആണെങ്കിൽ വിവരം	പി.പി.ഒ നമ്പർ/പെൻഷൻ നമ്പർ : പെൻ/ എസ്റ്റോയി നം/കോഡ് :
അങ്ങനെ അല്ലെങ്കിൽ, ആധാർ /തിരിച്ചറിയൽ കാർഡ് നം.: ജനനതീയതി :	

60%-മോ അതിനു മുകളിലോ വൈകല്യമുള്ള ആശ്രിതരായ കുട്ടികളുണ്ടെങ്കിൽ , പെൻഷണറുമായുള്ള ബന്ധം : ആധാർ നം : തിരിച്ചറിയൽ കാർഡ് നം : {ഇലക്ഷൻ ഐ.ഡി/ ജനനസർട്ടിഫിക്കറ്റ്/പാസ് പോർട്ട്/ റേഷൻകാർഡ്/പാൻകാർഡ് (ബാധകമല്ലാത്തത് വെട്ടിക്കളയുക)} ജനനതീയതി : സ്ത്രീ/പുരുഷൻ	
മൊബൈൽ നം.	
മറ്റേതെങ്കിലും സമാനമായ സർക്കാർ പദ്ധതിയിൽ അംഗമാണെങ്കിൽ പദ്ധതിയുടെ പേര്: അംഗത്വ നമ്പർ : കാലാവധി:	

സത്യപ്രസ്താവന

..... എന്ന ഞാൻ മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൻ പ്രകാരം പൂർണ്ണവും സത്യവുമാണെന്നും ആയതിൽ എന്തെങ്കിലും പിഴവ് കണ്ടെത്തുന്ന പക്ഷം എന്റെ പോളിസി പൂർണ്ണമായും അസാധുവാകുമെന്നു മനസ്സിലാക്കുന്നതായും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം :

തീയതി :

പേര് :

ഒപ്പ് :.....

* അഭികാമ്യം

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ 14) വകുപ്പ്

സ.ഉ.(കൈ) നം./10/2018/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 05/04/2018

പരാമർശം:- സ.ഉ(പി) നം.3/2017/ഉഭപവ തീയതി 25/02/2017.

ഉത്തരവ്

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5(i) ൽ ഓരോ വ്യക്തിക്കും മുന്ന് ഓപ്ഷനുകൾ സൂചിപ്പിക്കാവുന്നതാണെന്നും ഖണ്ഡിക 9(ii)ൽ സ്വന്തം ജില്ല(ഹോം സ്റ്റേഷൻ) എന്നത് സർവ്വീസ് പ്രവേശന സമയത്ത് ഓപ്റ്റ് ചെയ്തതോ അല്ലെങ്കിൽ അപേക്ഷ നൽകി പിന്നീട് നിയമപരമായി മാറ്റി വാങ്ങിയ ജില്ലയോ എന്ന് നിർവ്വചിച്ച് അത് ഇലക്ട്രോണിക് ഡേറ്റയിൽ ഉൾക്കൊള്ളിക്കണമെന്നും ഉത്തരവായിരുന്നു.

ഒരോ വ്യക്തിക്കും പരിധിയില്ലാതെ ഓപ്ഷൻ നൽകാവുന്നതാണെന്നും സ്വന്തം ജില്ല (ഹോം സ്റ്റേഷൻ) എന്നത് ജീവനക്കാരൻ സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന സ്ഥിരമായ മേൽവിലാസപ്രകാരമുള്ള ജില്ല ആയിരിക്കുമെന്നും സർവ്വീസിൽ പ്രവേശിച്ച ശേഷം ഹോം സ്റ്റേഷൻ ഒരു പ്രാവശ്യം മാത്രമേ മാറ്റാൻ സാധിക്കുകയുള്ളൂ എന്നും മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശപ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/
സെക്രട്ടറിമാർക്ക് /സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/
ശ്രീ. ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം, തിരുവനന്തപുരം
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

K Srinivasan

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Public Services-Persons in Service belonging to Scheduled Castes/Scheduled Tribes-Temporary Exemption from passing Special or Departmental Tests-Period of exemption-Extended-Orders issued.

PERSONNEL AND ADMINISTRATIVE REFORMS (ADVICE - C) DEPARTMENT

G.O.(P)No. 4/2018/P&ARD. Dated, Thiruvananthapuram, 05.04.2018.

Read:-
1) G.O.(Ms)No.22/PD dated 13.01.1972.
2) G.O.(P)No.141/1986/GAD dated 30.04.1986.
3) G.O.(P)No.25/1997/P&ARD dated 28.11.1997.
4) Circular No.8130/Adv.C3/2010/P&ARD, dated 24.02.2012.
5) G.O.(P)No.02/2013/P&ARD dated 28.01.2013.
6) G.O.(P)No.04/2014/P&ARD dated 21.01.2014.
7) G.O.(P)No.05/2015/P&ARD dated 29.01.2015.
8) G.O.(P)No.05/2016/P&ARD dated 22.01.2016.
9) G.O.(P)No. 2/2017/P&ARD dated 20.02.2017.

ORDER

As per the Government Order read as 1st paper above, employees belonging to Scheduled Caste/Scheduled Tribe were exempted from passing Special or Departmental Tests for a period of two years. Subsequently, this benefit was extended each year by relevant orders. The extension of this benefit for the year 2017 was ordered as per G.O. read as 9th paper above. This period of temporary exemption granted to Scheduled Caste/Scheduled Tribe employees who entered service on or before 31.12.1985 from passing Special or Departmental Test expired on 31.12.2017. The Government, after having considered the matter, are of the view that it is necessary to extend the period further and hence order that Scheduled Caste/Scheduled Tribe employees who were in service on or before 31.12.1985 will be exempted under Rule 13AA of General Rules from passing the tests (Unified, Special or Departmental) referred to in Rule 13 or Rule 13A for a further period of one year from 1.1.2018 to 31.12.2018.

2. The Scheduled Caste/Scheduled Tribe employees who entered service on or after 1.1.1986 are not entitled to test exemption under Rule 13AA but they are eligible for temporary test exemption under Rule 13A(1)(a) and as per the conditions specified in Rule 13A(2) in KS & SSRs.

(By order of the Governor),
K.GOPALAKRISHNA BHAT
Special Secretary

To

All Heads of Departments and Offices.
All District Collectors.
All Departments (all Sections including Law and Finance Department) of the Secretariat
The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.)
The Accountant General (A&E), Kerala, Thiruvananthapuram (with C.L.).
The Registrar, Kerala High Court (with C.L.).
The Secretary, Kerala Legislature Secretariat (with C.L.).
The Secretary, Kerala Public Service Commission (with C.L.).
The Advocate General, Kerala, Ernakulam.(with C.L.)
The Secretary, State Election Commission, Thiruvananthapuram.(with C.L.)
TheDierector, Information and Public Relations Department (for wide publicity)
Information and Public Relations (Web and New Media) Department
(for uploading in Government Website)
Stock file/Office copy.

Forwarded/By Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അധികാരവികേന്ദ്രീകരണം - പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.998/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09.04.2018

പരാമർശം: 1) സ.ഉ.(അ)നം.187/2000/തസ്വഭവ, തീയതി, 04.07.2000.

2) സ.ഉ. (കൈ)നം.190/2006/തസ്വഭവ, തീയതി, 08.08.2006.

3) സ.ഉ. (സാധാ) നം.2161/2012/തസ്വഭവ, തീയതി, 06.08.2012.

4) സ.ഉ.(അ)നം.254/2015/തസ്വഭവ, തീയതി, 31.07.2015.

5) സ.ഉ. (സാധാ)നം.3350/2015/തസ്വഭവ, തീയതി, 16.11.2015.

6) 14.12.2017, 05.02.2018, 22.02.2018 തീയതികളിലെ പൊതുമരാമത്ത് (ബി) വകുപ്പിന്റെ പൊ.മ.വ-ബി3/94/2016-പൊ.മ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്

7) 07.06.2017-ലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

8) 23.09.2017-ലെ ഗ്രാമവികസന കമ്മീഷണറുടെ സിആർഡി/1059/2017/എസ്ടാ.സി.3 നമ്പർ കത്ത്.

ഉത്തരവ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും രണ്ടുവർഷ കാലയളവിലേക്ക് പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം പുനർവിന്യസിക്കുകയുണ്ടായി.

2. ഇപ്രകാരം പുനർവിന്യസിച്ച ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി പുനർവിന്യസിക്കേണ്ടവരുടേയും തുടരുവാൻ ആഗ്രഹിക്കുന്നവരുടെയും മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവരുടേയും പട്ടിക പരാമർശം (6) പ്രകാരം പൊതുമരാമത്ത് (ബി) വകുപ്പ് സമർപ്പിച്ചു.

3. പരാമർശം (2), (3), (4) ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേയ്ക്ക് മടങ്ങിപ്പോകാൻ വകുപ്പ് അദ്ധ്യക്ഷന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ അനുബന്ധം 1-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുനർവിന്യാസത്തിൽ തുടരാനാഗ്രഹിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ പുനർവിന്യാസ ജീവനക്കാർക്ക് അനുബന്ധം 2-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം രണ്ട് വർഷം കൂടി

പുനർവിന്യാസ കാലാവധി ദീർഘിപ്പിച്ച നൽകിക്കൊണ്ടും, പുതുതായി പുനർവിന്യസിക്കേണ്ട ജീവനക്കാരെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവുകളിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്നവരുടെ നിയമന കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷക്കാലമാണ്. **പുനർവിന്യാസ കാലാവധി അവസാനിച്ചു കഴിഞ്ഞാൽ പുനർവിന്യാസ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പുതിയ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുമുള്ള പ്രൊപ്പോസൽ വകുപ്പദ്ധ്യക്ഷൻ സർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.** അനുബന്ധം 3 പ്രകാരം പകരം ജീവനക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവർ ഹാജരാകുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ അർഹതയുള്ളവരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

5. **ഈ ഉത്തരവിലെ അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരെ വകുപ്പദ്ധ്യക്ഷൻ 10.05.2018-നു മുമ്പ് ഓരോരുത്തരുടെയും പേരിനൊപ്പം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുംവിധം യാതൊരു വീഴ്ചയും കൂടാതെ കർശനമായി വിടുതൽ ചെയ്യേണ്ടതാണ്.** വിടുതൽ ചെയ്യുന്നതിനായി അനുബന്ധം 4-ലെ മാതൃകാ വിടുതൽ ഉത്തരവ് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ ഹാജരാകേണ്ടതും സെക്രട്ടറി അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

6. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനം ലഭിച്ചവരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാരന് പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അയാളുടെ ശമ്പളം അയാൾ നിയമിക്കപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള മാതൃവകുപ്പിന്റെ ഏറ്റവും താഴത്തെ തട്ടിലെ ഡ്രോയിംഗ് ഓഫീസറിൽ (ഓഫീസിൽ) നിന്നും കൈപ്പറ്റാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പ തലവൻ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത സമയത്ത് ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടാകാതിരിക്കുവാൻ വകുപ്പ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. **മേൽ പരാമർശിച്ചിരിക്കുന്നവയിൽ സംഭവിക്കുന്ന വീഴ്ചകൾ സർക്കാർ അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതാണ്.**

8. ഈ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ടവർ ജോലിക്ക് ഹാജരാകുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അന്നേദിവസം തന്നെ ബന്ധപ്പെട്ട വകുപ്പ തലവനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും/മുനിസിപ്പൽ ഭരണ ഡയറക്ടർക്കും/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ഗ്രാമവികസന കമ്മീഷണർക്കും ബന്ധപ്പെട്ട ട്രഷറി ഓഫിസർമാർക്കും മറ്റ് ബന്ധപ്പെട്ടവർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ ഒരാഴ്ചയ്ക്കുള്ളിൽ സമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ട്രഷറി ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

9. ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരുടെ ജോലികൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദ്ദേശിക്കുന്ന ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ നിയമനം ലഭിക്കുന്നവർ ബാദ്ധ്യസ്ഥരാണ്.

10. 1994-ലെ കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി ആക്ടുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം" സംബന്ധിച്ച ചട്ടങ്ങൾ ഈ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

11. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വിഴ്ചകളും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളും മറ്റും അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ വ്യക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ബന്ധപ്പെട്ട വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സന്തോഷ് കുമാർ എസ്.ആർ.
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട മുനിസിപ്പൽ/കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

പൊതുമരാമത്ത് വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 1

പൊതുമരാമത്ത് വകുപ്പ്

മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവർ

ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം
1	2	3	4
1	രഘുത്തമൻ പിള്ള ആർ.	ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
2	ഡോളി പി. പി.	ക്ലാർക്ക്	തിരുവനന്തപുരം കോർപ്പറേഷൻ
3	ലെനപ്രഭ പി.	ക്ലാർക്ക്	അടൂർ നഗരസഭ, പത്തനംതിട്ട.
4	ലിജോ വി. മാത്യു	ക്ലാർക്ക്	അടൂർ നഗരസഭ, പത്തനംതിട്ട.
5	പ്രിയവൃന്ദ കെ. എസ്.	ക്ലാർക്ക്	പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
6	ജസീന കെ.	ക്ലാർക്ക്	ആലപ്പുഴ നഗരസഭ, ആലപ്പുഴ
7	വിശ്വരാജ് കെ. ബി.	ക്ലാർക്ക്	ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
8	രാഗിണി സി.	ക്ലാർക്ക്	ദേവികുളം ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
9	പ്രജിത്ത് പി. എസ്.	ക്ലാർക്ക്	കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
10	ഷഹീന സി. പി.	ക്ലാർക്ക്	പറവൂർ ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
11	ശ്രീജ കെ. എസ്.	ക്ലാർക്ക്	കുവപ്പടി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
12	സജി എം. വൈ.	ക്ലാർക്ക്	കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
13	മായ വി, എസ്.	ക്ലാർക്ക്	പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
14	ഉല്ലാസ് പി. റ്റി.	ക്ലാർക്ക്	ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
15	സലിൻ കുമാർ	ക്ലാർക്ക്	ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
16	നസ്രത്ത്നീസ എൻ.	ക്ലാർക്ക്	പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
17	കല്പകവല്ലി കെ.	ക്ലാർക്ക്	ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
18	സബീല വി. എ.	ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, പാലക്കാട്

19	ജയരാജൻ കെ.	ക്ലാർക്ക്	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
20	ദീപാ രാജ് പി.	ക്ലാർക്ക്	മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
21	ജംഷീന വി.പി.	ക്ലാർക്ക്	പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
22	സുധ കെ.കെ.	ക്ലാർക്ക്	വടകര നഗരസഭ, കോഴിക്കോട്
23	സ്വപ്നകുമാരി പി.	ക്ലാർക്ക്	കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
24	ഹാജറ പി.	ക്ലാർക്ക്	കല്പറ്റ നഗരസഭ, വയനാട്
25	ജോയി മാത്യു	ക്ലാർക്ക്	കല്പറ്റ നഗരസഭ, വയനാട്
26	കെ.പി.സത്യാനന്ദ്	ക്ലാർക്ക്	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
27	സമീറ കെ.വി.	ക്ലാർക്ക്	തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
28	പദ്മനാഭൻ പറക്കാട്	ക്ലാർക്ക്	കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്
29	ശ്രീധരൻ പി.	ക്ലാർക്ക്	മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്
30	ഗോപകുമാർ ബി.	ക്ലാർക്ക്	നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്
31	നിരേഷ് കുമാർ	ക്ലാർക്ക്	അങ്കമാലി നഗരസഭ, എറണാകുളം
32	നന്ദകുമാർ .കെ.പി	ക്ലാർക്ക്	വടകര ബ്ലോക്ക് പഞ്ചായത്ത് കോഴിക്കോട്
33	അഷ്റഫ് എം.റ്റി.	ക്ലാർക്ക്	കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, കാസർഗോഡ്
34	ജയകുമാർ എസ്.	ക്ലാർക്ക്	കൊല്ലം കോർപ്പറേഷൻ
35	ജിഷ സെബാസ്റ്റ്യൻ	ക്ലാർക്ക്	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട്
36	സുമേഷ് എ.എസ്.	ക്ലാർക്ക്	മതിലകം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
37	മേഴ്സി കെ.വി.	ക്ലാർക്ക്	പുത്തൻചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

അനുബന്ധം 2

പൊതുമരാമത്ത് വകുപ്പ്

പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നവർ

ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം	നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല)
1	2	3	4	5
1	അനസ്മോൻ കെ. എച്ച്.	ക്ലാർക്ക്	വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ	വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ
2	സുജിത്ത്കുമാർ എൻ.	ക്ലാർക്ക്	ജില്ലാ പഞ്ചായത്ത്, കോട്ടയം	ജില്ലാ പഞ്ചായത്ത്, കോട്ടയം
3	അന്ന ജോസ്	ക്ലാർക്ക്	കൊല്ലം കോർപ്പറേഷൻ	കൊല്ലം കോർപ്പറേഷൻ
4	വിഷ്ണു റ്റി.	ക്ലാർക്ക്	കൊല്ലം കോർപ്പറേഷൻ	കൊല്ലം കോർപ്പറേഷൻ

അനുബന്ധം 3

പൊതുമരാമത്ത് വകുപ്പ്

പുതുതായി പുനർവിന്യസിക്കുന്നവർ

ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം	നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന്റെ വിലാസം (ജില്ല)
1	2	3	4	5
1	ശ്രീജ ജെ.	ക്ലാർക്ക്	കെ. എച്ച്. ആർ. ഐ., കാര്യവട്ടം.	ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
2	സോഫിമോൾ പി. ജെ.	ക്ലാർക്ക്	എൻ. എച്ച്. ഡിവിഷൻ, തിരുവനന്തപുരം	തിരുവനന്തപുരം കോർപ്പറേഷൻ
3	വിന്റ വിൻസെന്റ്	ക്ലാർക്ക്	ബിൽഡിംഗ്സ് നോർത്ത് സർക്കിൾ, കോഴിക്കോട്	പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
4	ഷാനവാസ് കെ.	ക്ലാർക്ക്	നിരത്തുകൾ വിഭാഗം, കാസർഗോഡ്	കൊല്ലം കോർപ്പറേഷൻ
5	സുജിത്ത് മോഹൻ ആർ.	ക്ലാർക്ക്	റോഡ്സ് സബ് ഡിവിഷൻ, റാന്നി	അടൂർ നഗരസഭ, പത്തനംതിട്ട
6	അരുൺ കുമാർ ആർ.	ക്ലാർക്ക്	റോഡ്സ് സബ് ഡിവിഷൻ, മല്ലപ്പള്ളി	അടൂർ നഗരസഭ, പത്തനംതിട്ട
7	ലാൽ കുമാർ റ്റി.	ക്ലാർക്ക്	ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പത്തനംതിട്ട	പത്തനംതിട്ട നഗരസഭ, പത്തനംതിട്ട
8	ജയശ്രീ കെ. ജി.	ക്ലാർക്ക്	റോഡ്സ് സെക്ഷൻ മല്ലപ്പള്ളി	പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട.
9	പ്രദീപ് കുമാർ ബി.	ക്ലാർക്ക്	കെട്ടിട വിഭാഗം, ആലപ്പുഴ	ചെങ്ങന്നൂർ നഗരസഭ, ആലപ്പുഴ
10	സാദത്ത് എൻ. എ.	ക്ലാർക്ക്	കെട്ടിട വിഭാഗം, ആലപ്പുഴ	ആലപ്പുഴ നഗരസഭ, ആലപ്പുഴ
11	ശ്രീജിത്ത് എം. മോഹൻ	ക്ലാർക്ക്	റോഡ്സ് ഡിവിഷൻ, കോട്ടയം	ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
12	അൽഫോൻസ ജോസഫ്	ക്ലാർക്ക്	ബിൽഡിംഗ്സ് സബ് ഡിവിഷൻ, കാഞ്ഞിരപ്പള്ളി	ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

13	ശ്രീദേവി പി.റ്റി.	ക്ലാർക്ക്	റോഡ്സ് സബ് ഡിവിഷൻ, കാഞ്ഞിരപ്പള്ളി	പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
14	റീന പി.	ക്ലാർക്ക്	റോഡ്സ് സബ് ഡിവിഷൻ, പൈനാവ്	ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്
15	അൻജു എ.കെ.	ക്ലാർക്ക്	സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ, ഇടുക്കി	കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്, ഇടുക്കി
16	ഷിജിമോൾ തോമസ്	ക്ലാർക്ക്	റോഡ്സ് സെക്ഷൻ, കോതമംഗലം	കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
17	രാജലക്ഷ്മി വി.എസ്.	ക്ലാർക്ക്	എൻ.എച്ച്.ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ, വൈറ്റില. എറണാകുളം	കുവപ്പടി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
18	രാഹുൽ ആർ.	ക്ലാർക്ക്	ഇലക്ട്രിക്കൽ സബ് ഡിവിഷൻ, എറണാകുളം	പറവൂർ ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
19	ഷാഫിയ സി.കെ.	ക്ലാർക്ക്	റോഡ്സ് ഡിവിഷൻ, എറണാകുളം	പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം
20	കൽസു എസ്.	ക്ലാർക്ക്	ബിൽഡിംഗ്സ് ഡിവിഷൻ, തൃശ്ശൂർ	ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
21	ശാരംഗധരൻ എൻ.പി.	ക്ലാർക്ക്	ബിൽഡിംഗ്സ് സെൻട്രൽ സർക്കിൾ, തൃശ്ശൂർ	മതിലകം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
22	അഭിഷേക് പി.	ക്ലാർക്ക്	റോഡ്സ് സബ് ഡിവിഷൻ, ചിറ്റൂർ	ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
23	സൂരജ് എം.	ക്ലാർക്ക്	ബിൽഡിംഗ്സ് സബ് ഡിവിഷൻ, ഷൊർണ്ണൂർ	ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
24	വിനീത കെ.	ക്ലാർക്ക്	ബിൽഡിംഗ്സ് സബ് ഡിവിഷൻ, പരപ്പനങ്ങാടി	പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
25	ശാലിനി എസ്.	ക്ലാർക്ക്	സ്പെഷ്യൽ ബിൽഡിംഗ്സ് സെക്ഷൻ, മലപ്പുറം	മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്,മലപ്പുറം
26	അബ്ദുൾ റഷീദ് പി.	ക്ലാർക്ക്	കെ.എസ്.ടി.പി., കുറ്റിപ്പുറം	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
27	സുജിത്ത് കുമാർ എം.വി.	ക്ലാർക്ക്	റോഡ്സ് & ബ്രിഡ്ജസ് നോർത്ത് സർക്കിൾ, കോഴിക്കോട്	വടകര നഗരസഭ, കോഴിക്കോട്

28	രമ്യ ആർ.	ക്ലാർക്ക്	എൻ. എച്ച്. ബൈപ്പാസ് സബ് ഡിവിഷൻ, കോഴിക്കോട്	കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
29	ലീജിന എം. വി.	ക്ലാർക്ക്	എൻ. എച്ച്. നോർത്ത് സർക്കിൾ, കോഴിക്കോട്	വടകര ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
30	പ്രിയങ്ക വി.	ക്ലാർക്ക്	ബിൽഡിംഗ്സ് നോർത്ത് സർക്കിൾ, കോഴിക്കോട്	കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
31	ബിനീഷ് ബേബി	ക്ലാർക്ക്	ബിൽഡിംഗ്സ് ഡിവിഷൻ, കല്പറ്റ	കൽപ്പറ്റ നഗരസഭ, വയനാട്
32	സുനിൽ കുമാർ പി. ആർ.	ക്ലാർക്ക്	ബിൽഡിംഗ്സ് സബ് ഡിവിഷൻ, സുൽത്താൻ ബത്തേരി	കൽപ്പറ്റ നഗരസഭ, വയനാട്
33	ദിനിൽ എ. വി.	ക്ലാർക്ക്	എൻ. എച്ച്. ഡിവിഷൻ, കണ്ണൂർ	തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
34	ഷാമിൽ എ.	ക്ലാർക്ക്	എൻ. എച്ച്. ഡിവിഷൻ, കണ്ണൂർ	തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
35	പ്രശാന്ത് കുമാർ ബി. ആർ.	ക്ലാർക്ക്	ബിൽഡിംഗ്സ് ഡിവിഷൻ, കാസർഗോഡ്	കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്
36	ബാസിത്ത് അബ്ദുള്ള	ക്ലാർക്ക്	എൻ. എച്ച്. സബ് ഡിവിഷൻ, കാസർഗോഡ്	മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ്

അനുബന്ധം 4

(വിടുതൽ ഉത്തരവിന്റെ മാതൃക)

പ്രൊസീഡിംഗ്സ്/മെമ്മോ/ഓർഡർ നമ്പർ..... തീയതി.....

..... നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനർവിന്യാസത്തിനു വിധേയനായി/വിധേയയായി.....

..... ജില്ലയിലെ

.....ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിൽ ജോലിക്ക് ഹാജരാകുന്നതിന് .....

..... (ഇപ്പോൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും)-ലെ യു.ഡി./എൽ.ഡി.ക്ലാർക്ക് ശ്രീ/ശ്രീമതി

.....

..../...../F.N./A.N.-ന് ഈ ഓഫീസിൽ നിന്നും വിടുതൽ ചെയ്തുകൊള്ളുന്നു.

2. ..... മുതലുള്ള ഇവരുടെ/ഇദ്ദേഹത്തിന്റെ ശമ്പളവും ബത്തകളും

.....വകപ്പിന്റെ .....

.....ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

3. (ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) സെക്രട്ടറി ഇവർ/ഇദ്ദേഹം ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച റിപ്പോർട്ട് മടക്കത്തപാലിൽ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റെല്ലാവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

(ഒപ്പ്)

വകുപ്പുതലവൻ/വിടുതൽ നൽകാൻ ചുമതലപ്പെട്ട/
ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് - ഖണ്ഡിക 3.6, 3.8 എന്നിവ ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്) നം.39/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 17/04/2018

പരാമർശം : 1) 20/04/2013 ലെ സ.ഉ.(എം.എസ്) നം. 160/2013/തസ്വഭവ

2) ശ്രീമതി.കുഞ്ഞിപ്പെണ്ണ് കുട്ടിയപ്പൻ (റിട്ട.കണ്ടിജന്റ് വർക്കർ, തിരുവല്ല നഗരസഭ) സമർപ്പിച്ച 14/06/2016 തീയതിയായുള്ള നിവേദനം.

3) നഗരകാര്യ ഡയറക്ടറുടെ 30/08/2017 തീയതിയിലെ ഇ 2-27266/16 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരമുള്ള മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 3.6 "ഖണ്ഡിക 3.2 പ്രകാരം കണക്കാക്കിയ പെൻഷനോ ഖണ്ഡിക 3.4/3.5 എന്നിവ പ്രകാരം കണക്കാക്കിയിട്ടുള്ള പെൻഷനോ ഏതാണോ കൂടുതൽ അതായിരിക്കും പരിഷ്കരിച്ച പെൻഷൻ" എന്ന രീതിയിൽ ഭേദഗതി ചെയ്യും, ഖണ്ഡിക 3.8-ലെ "ഖണ്ഡിക 3.2, 3.3 എന്നിവ പ്രകാരം കണക്കാക്കിയിട്ടുള്ള സഞ്ചിത പെൻഷൻ മിനിമം പെൻഷനേക്കാൾ കൂടുതലാണെങ്കിൽ അതായിരിക്കും പരിഷ്കരിച്ച പെൻഷൻ" എന്ന വാചകം ഒഴിവാക്കിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) ഒന്നാം പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.എസ്.സന്തോഷ്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി.കുഞ്ഞിപ്പെണ്ണ് കുട്ടിയപ്പൻ, റിട്ട.കണ്ടിജന്റ് വർക്കർ, തിരുവല്ല നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
ഡയറക്ടർ, കില, തൃശ്ശൂർ
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം / കൊച്ചി / കൊഴിക്കോട്)
എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡെവലപ്പ്മെന്റ് വിഭാഗം) വകുപ്പ് (WW1/227/2018-FN dated 20/01/2018 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (നഗരസഭകൾ / കോർപറേഷനുകൾ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1104/2018/തസ്വഭവ തിരുവനന്തപുരം, തീയതി 18.04.2018

പരാമർശം :- ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ 03.01.2018 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഉത്തരവ്

പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് യോഗ്യതയുടെ അടിസ്ഥാനത്തിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് കരാർ നിയമനം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (നഗരസഭകൾ/ കോർപറേഷനുകൾ) പരാമർശ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
സിന്ധു എൽ
ഗവ. സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & സോഷ്യൽ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം -കുടുംബ വാർഷിക വരുമാന പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (പി) നം. 7/2018/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 28.04.2018.

പരാമർശം:-1. 24.05.1999 ലെ സ.ഉ(പി) നം. 12/99/പി&എആർഡി
2. 25.07.2015 ലെ സ.ഉ(പി) നം. 23/15/പി&എആർഡി
3. 09.04.2018 ലെ സ.ഉ(കൈ)നം.03/18/പി.വി.വി.വ

ഉത്തരവ്

സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യ വരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പരാമർശം (2)പ്രകാരം നിലവിലുള്ള വരുമാന പരിധി 6 ലക്ഷം രൂപയായി നിശ്ചിച്ചിട്ടുണ്ട്.

പരാമർശം (3) പ്രകാരം മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിലുള്ള ആറുലക്ഷം രൂപയിൽ നിന്ന് എട്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ. ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരളം, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ഹൈക്കോടതി, കേരളം, എറണാകുളം.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളായൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ.
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം
(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ
/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
എറണാകുളം.(ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(വിപുലമായ പ്രചരണത്തിന്).
മുഖ്യ മന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഭരണഭാഷ- മാതൃഭാഷ

പഞ്ചായത്ത് വകുപ്പ്

പരിപത്രം

നമ്പർ- ഇ12-12608/2018 തീയതി- 04/05/2018

വിഷയം- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ- വകുപ്പിന്റെ അനുമതിയില്ലാതെ ജീവനക്കാർ സർക്കാർതല യോഗങ്ങളിൽ പങ്കെടുക്കുന്നത് – സംബന്ധിച്ച്

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ വകുപ്പ് അറിയാതെ സർക്കാർ തലത്തിലും മറ്റും വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതായും ടി യോഗങ്ങളിൽ വകുപ്പിന്റെതായ അഭിപ്രായങ്ങൾ എന്ന രീതിയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങാതെ ഇത്തരം അഭിപ്രായ പ്രകടനങ്ങൾ സർക്കാർ വേദികളിൽ നടത്തുന്നത് തികച്ചും അനഭിലഷണീയമാണ്. വകുപ്പ് അദ്ധ്യക്ഷനിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന അധികാരം ഉപയോഗിച്ച്, പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ ഔദ്യോഗിക പദവിയുടെ അടിസ്ഥാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടവ ഒഴികെയുള്ള ശിൽപശാലകളിലോ യോഗങ്ങളിലോ വകുപ്പിലെ ജീവനക്കാർ പങ്കെടുക്കുകയോ അഭിപ്രായ പ്രകടനങ്ങൾ നടത്തുകയോ ചെയ്യാൻ പാടില്ലെന്ന് അറിയിക്കുന്നു. തുടർന്നും ഏതെങ്കിലും ജീവനക്കാർ ഇത്തരം പ്രവൃത്തിയിലേർപ്പെടുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം ടി ജീവനക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

വകുപ്പിലെ എല്ലാ ആഫീസ് മേധാവികളും ഇക്കാര്യം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്

പി മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്-

1. എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും

ആജ്ഞാനുസരണം

സൂപ്രണ്ട്

2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം)
6. സിസ്റ്റം മാനേജർ ഐ.ടി@ഇ-ഗവേണൻസ് (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
7. കരുതൽ ഫയൽ / ആഫീസ് കോപ്പി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരെയും സ്കൂക്ചറൽ എൻജിനീയർമാരെയും തുടർന്നും നിയമിക്കുന്നതിനും ഇവർക്ക് കോർപറേഷനുകളുടെ തനത് ഫണ്ടിൽ നിന്ന് വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധാ)നം. 1311/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.05.2018

പരാമർശം:- 1. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.03.2018 ലെ ഡിബി3-753/12/സിഇ/എൽ.എസ്.ജി.ഡി നം. കത്ത്.

2 സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ലെ നടപടിക്രമം.

ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തിൽ വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്കൂക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.03.2018 ലെ യോഗത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരെ ആവശ്യമുള്ള കോർപറേഷനുകളിൽ തുടർന്ന് നിയമിക്കാനും കോർപറേഷന്റെ തനതു ഫണ്ടിൽ നിന്ന് വിഹിതം നൽകാനും തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ കോർപറേഷനുകളിൽ 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്കൂക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും

ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും, അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജിത്ത് വി.പി
അണ്ടർ സെക്രട്ടറി

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 അക്കൗണ്ടന്റ് ജനറൽ (എ) & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
3 ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.
4 എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന)
5 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7 തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്
8 വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വിമാനയാത്ര- വിദേശ യാത്ര - മെഡിക്കൽ ഇൻഷുറൻസ് തുക റീ-ഇംബേഴ്സ് ചെയ്യുന്നതിനുള്ള അനുമതി - ഉത്തരവാകുന്നു.

==========

ധനകാര്യ(രഹസ്യ) വകുപ്പ്

സ.ഉ.(അ)നം. 76/2018/ധന. **തീയതി, തിരുവനന്തപുരം, 19.05.2018.**

==========

പരാമർശം:- സ.ഉ.(അ) നം. 35/2006/ധന തീയതി 20/01/2006

ഉത്തരവ്

പരാമർശ ഉത്തരവിനു വിധേയമായി ഔദ്യോഗിക വിമാനയാത്രക്കായി ട്രാവൽ ഏജൻസികൾ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്ക് ടി ഏജൻസികൾ ഈടാക്കിയിരുന്ന സർവ്വീസ് ടാക്സും(0.5%)എജ്യൂക്കേഷൻ സെസ്സും(0.2%), യാത്രാ ടിക്കറ്റും ബില്ലുകളും പരിശോധിച്ച് റീ-ഇംബേഴ്സ് ചെയ്യു നൽകാൻ ഉത്തരവായിരുന്നു. നിലവിൽ ഔദ്യോഗിക വിദേശ യാത്രാ വേളയിൽ അനുവദിച്ചു നൽകാവുന്ന ആനുകൂല്യങ്ങളുടെ ഗണത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസുകളെ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിദേശയാത്രാ ടിക്കറ്റുകൾ ബുക്ക് ചെയ്യുന്ന വേളയിൽ എടുക്കുന്ന മെഡിക്കൽ ഇൻഷുറൻസിന്റെ തുക കൂടി, യാത്രാടിക്കറ്റും ബില്ലും ഹാജരാക്കുന്ന മുറക്ക് റീ-ഇംബേഴ്സ് ചെയ്യു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവിനു മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത. ബി.എസ്.
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ്/ ഓഫീസ് തലവന്മാർക്കും.
നിയമ വകുപ്പുൾപ്പെടെയുള്ള സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ പൊതുമേഖലാ കമ്പനികളുടെയും, കോർപ്പറേഷന്റെയും, ബോർഡുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനറൽ മാനേജറുമാർക്കും
എല്ലാ സർവ്വകലാശാല രജിസ്ട്രാറുമാർക്കും വൈസ് ചാൻസിലറുമാർക്കും
നോഡൽ ഓഫീസർ,www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിന്റെ പ്രകാരം
അക്കൗണ്ട്സ് ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 7 / Vol. VII — തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday — 2018 മേയ് 29 / 29th May 2018 — 1193 ഇടവം 15 / 15th Idavam 1193 — 1940 ജ്യേഷ്ഠം 8 / 8th Jyaishta 1940 — നമ്പർ / No. 1412

GOVERNMENT OF KERALA

Personnel and Administrative Reforms (Rules) Department

NOTIFICATION

G. O. (P) No. 10/2018/P&ARD.
Dated, Thiruvananthapuram *29th May, 2018 / 15th Idavam, 1193 / 8th Jyaishta, 1940.*

S. R. O. No. 340/2018.—In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with section 3 thereof, the Government of Kerala hereby make the following rules further to amend the Kerala State and Subordinate Services Rules, 1958, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.
33/2061/2018/S-12.

RULES

1. *Short title and commencement.*—(1) These rules may be called the Kerala State and Subordinate Services (Amendment) Rules, 2018.

(2) They shall come into force at once.

2. *Amendment of the rules.*—In Part II of the Kerala State and Subordinate Services Rules, 1958, in rule 10, after sub-rule (h), the following sub-rule shall be inserted, namely:—

"(i) The upper age limit prescribed in the Special Rules, as raised by the Public Services (Raising of Upper Age Limit for Appointment) Rules, 2014, shall be further raised by five years in the case of widows subject to the condition that the maximum upper age limit shall in no case exceed fifty years."

By order of the Governor,

BISHWANATH SINHA,
Principal Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government have decided to grant upper age relaxation of five years to widows for appointment in public service. This has necessitated amendment to the Kerala State and Subordinate Services Rules, 1958.

The notification is intended to achieve the above object.

GOVERNMENT OF KERALA

Abstract

Payment of Dearness Allowance to State Government Employees and Dearness Relief to State Service Pensioners/Family Pensioners – Revised rates effective from 01/07/2017– Orders Issued.

FINANCE (PAY RESEARCH UNIT) DEPARTMENT

G.O. (P) No. 84/2018/Fin. **Dated, Thiruvananthapuram, 07/06/2018**

Read: -
1. G.O. (P) No. 7/2016/Fin, dated 20.01.2016
2. G.O. (P) No. 9/2016/Fin, dated 20.01.2016
3. O.M. No. 01/09/2017 - E-II (B) dated 20/09/2017 of the Department of Expenditure, Ministry of Finance, Government of India.
4. O.M. No. F–No.42/15/2016 P&PW (G) dated 28.09.2017 of the Department of Pension and Pensioners Welfare, Ministry of Personnel, Public Grievances and Pensions, Government of India.
5. O.M. No. 1/3/2008-E.II(B) dated 26/09/2017 of the Department of Expenditure, Ministry of Finance, Government of India.
6. G.O (P) No. 629/2013/Fin dated 23/12/2013.
7. G.O (P) No. 61/2016/Fin dated 05.05.2016.
8. G.O (P) No. 6/2017/Fin dated 19/01/2017.
9. GO (P) No. 55/2017/Fin dated 26/04/2017.
10. GO (P) No. 74/2017/Fin dated 27/05/2017.

ORDER

In the Office Memoranda cited above, Government of India sanctioned revised rate of Dearness Allowance/Dearness Relief to Central Government employees, Pensioners and Family Pensioners with effect from 01/07/2017. On the basis of the above, the following orders are issued:

2.(i) The rate of Dearness Allowance payable in respect of State Government Employees, Teachers, Staff of Aided Schools, Private Colleges and Polytechnics, Full Time Employees borne on the contingent and work charged establishments and employees of Local Bodies will be enhanced from the existing rate of 14% to 15% w.e.f 01.07. 2017.

(ii) The Dearness Allowance payable in respect of those employees continuing in the pre-revised scale of G.O (P) No.85/2011/Fin dated 26.02.2011 will be enhanced from the existing rate of 109% to 112 % w.e.f. 01.07.2017.

(iii) The Dearness Allowance payable in respect of those employees continuing in the pre-revised scale of G.O (P) No.145/2006/Fin dated 25.03.2006 will be enhanced from the existing rate of 255% to 259 % w.e.f. 01.07.2017.

(iv) The Dearness Allowance payable in respect of teachers coming under UGC/AICTE/Medical Education Schemes (in whose case DA up to 50% has been converted as Dearness Pay) will be enhanced from the existing rate of 264% to 268% w.e.f. 01.07.2017.

(v) The Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who have changed over to revised UGC/AICTE scale from 01.01.2006 or thereafter and Judicial Officers will be enhanced from the existing rate of 136% to 139% w.e.f. 01.07.2017.

(vi) The Dearness Allowance payable to those employees who are continuing in the 1997 pay scales even after 01.07.2017will be enhanced from the existing rate of 314% to 318% w.e.f. 01.07.2017 (up to the date of effect of option under Pay Revision 2014).

(vii) The Dearness Allowance payable to those employees in Public Sector Undertakings who were getting pay and allowances based on the scales of pay admissible under 1992 Pay Revision will be enhanced as follows with effect from 01.07. 2017.

Date of effect	*Pay Range*	*Rate of DA per month*
01.07. 2017	Basic pay up to ₹ 3,500 p.m.	932% of Pay
	Basic pay above ₹ 3,500 up to ₹6000 p.m.	835% of Pay subject to a minimum of ₹ 32,620
	Basic pay above ₹ 6,000	796 % of pay subject to a minimum of ₹ 50,100

(viii) The Dearness Allowance at the enhanced rate will be paid in cash along with arrears for the period from 01/07/2017 to 31/05/2018 with the salary for the month of June 2018. It is applicable to those employees continuing in the pre- revised scale even after 2014 Pay Revision, and even after 1996 UGC/AICTE/Medical Education Scheme.

(ix)The enhanced rate of Dearness Allowance will also be applicable to Part-time and Part-time contingent employees on the basis of pay drawn by them.

(x) The Dearness Relief payable to State Service Pensioners, Family Pensioners, Ex-gratia Pensioners/Ex-gratia Family pensioners (whose pension/family pension has been revised as per G.O. (P) No 09/2016/Fin, dated 20.01.2016) will be enhanced from the existing rate of 14% to 15% with effect from 01.07. 2017.

(xi) Re-employed pensioners whose pay has been revised as per G.O(P) No. 2/17/Fin dated 04/01/2017 are eligible for payment of DA at the enhanced rate of 15% w.e.f 01/07/2017 as admissible to State Government Employees and they are eligible for this enhanced rate of DA based on a general letter of authority issued by the Accountant General.

(xii) The Dearness Relief payable to State Service Pensioners and Family Pensioners (whose pension/family pension has not undergone revision as per G.O. (P) No.09/2016/Fin, dated 20.01.2016) will be enhanced from the existing rate of 109% to 112% with effect from 01.07.2017.

(xiii) The Dearness Relief payable to State Service Pensioners and Family Pensioners whose pension/family pension has not undergone revision as per G.O. (P) No.87/2011/Fin dated 28.02.2011, and also to the Pensioners/Family Pensioners coming under UGC/AICTE/Medical Education Schemes (who retired prior to 01.07.2004 and whose family pension has been revised as per G.O.(P) No.81/2007/Fin. dated 28.02.2007 and whose pension has not undergone revision as per G.O.(P) No. 211/2011/Fin dated 07/05/2011), will be enhanced from the existing rate of 255% to 259% with effect from 01.07.2017.

(xiv) The Dearness Relief payable to retired State Judicial Officers (who are drawing Dearness Relief at central rates and whose pension or family pension has not been revised as per G.O. (Ms) No. 236/10/Home dated 02.11.2010) and the Pensioners/Family Pensioners, coming under the category UGC/AICTE/Medical Education Schemes (who retired after 01.07.2004 and whose pension/ family pension has been revised as per G.O.(P) No.84/2007/Fin dated 01.03.2007 and has not undergone revision as per GO (P) No. 211/2011/Fin dated 7/5/2011) will be enhanced from the existing rate of 264% to 268% w.e.f. 01.07.2017.

(xv) The Dearness Relief payable in respect of Ex-Chairman and Members of Kerala Public Service Commission, will be enhanced as follows w.e.f. 01.07.2017.

Category	*Date of termination of service*	*Rate of DR*
Chairman and Members who were appointed from outside Government service and whose pension structure was modified as per G.O(P) No. 23/2017/GAD dated 21/08/2017	Prior to or after 01.01.2006	139%
Chairman and Members who were appointed from outside Government service and whose pension structure was not modified as per G.O(P) No. 23/2017/GAD dated 21/08/2017	Prior to or after 01.01.2006	112%
Chairman and Members having prior service in Government and opted benefits of combined service.	Prior to or on or after 01.01.2006	112%

(xvi) (a) The Dearness Relief payable in respect of Ex-Chairmen/other Members of Kerala Public Service Commission, whose pension has not undergone revision as per G.O. (Ms.) No.339/2013/GAD dated 30.11.2013, will be enhanced as follows with effect from 01.07. 2017.

Category	*Date of termination of service*	*Rate of DR*
Chairman and Members who were appointed from outside Government service	Prior to or after 01.01.2006	259%
Chairman and Members having prior service in Government and opted benefits of combined service.	Prior to 01.07.2004	259%
Chairman and Members having prior service in Government and opted benefits of combined service.	On or after 01.07.2004	268%

(xvii) The rate of Dearness Relief payable to the teaching staff coming under UGC/AICTE/Medical Education Streams who have changed over to revised UGC/AICTE scale from 1.1.2006 and those who retired after 1.1.2006 and that to the State Judicial Officers whose pension has been revised as per G.O (Ms) No.236/2010/Home dated 02.11.2010, will be enhanced from the existing rate of 136% to 139% w.e.f. 01.07.2017. This rate will be adopted only after the formal sanctioning of revision of their pension in terms of G.O. (P) No.211/2011/Fin dated 07.05.2011. The teaching staff coming under the UGC / AICTE / Medical Education Streams who have retired prior to 01.01.2006 and whose pension has been revised in terms of G.O.(P) No.211/2011/Fin dated 07.05.2011 will also be eligible for Dearness Relief at the above rate.

(xviii) The Dearness Relief payable in respect of the State Service Pensioners/Family Pensioners whose pension has not undergone revision as per G.O.(P) No.180/2006/Fin. dated 18.04.2006 and who are drawing pension/family pension as per pension revision 1997, and in respect of Pensioners / Family Pensioners coming under UGC / AICTE / Medical Education Schemes whose pension has not undergone revision as per G.O.(P) No.81/2007/Fin. dated 28.02.2007 or G.O.(P) No.84/2007/Fin. dated 1.3.2007 will be enhanced from the existing rate of 314% to 318% w.e.f. 01.07.2017. This will be applicable only till such date of effect of option for Pension Revision 2004, after which the Dearness Relief payable will be as indicated in para 2(xiii) above and after the date of effect of option for Pension Revision 2009, Dearness Relief will be payable as indicated in para 2 (xii) above.

3. The enhanced rate of Dearness Relief due from 01.07.2017 will be paid along with the pension for July 2018 and arrears from July 2017 to June 2018 will be released in cash along with the pension for July 2018 .

4.The conditions laid down in the G.O. read as 5th above shall be applicable while regulating Dearness Allowance/Dearness Relief under these orders.

By order of the Governor,
MANOJ JOSHI
Principal Secretary to Government (Finance).

To

The Principal Accountant General (A&E), Kerala, Thiruvananthapuram
The Principal Accountant General (General & Social Sector Audit), Kerala, Thiruvananthapuram

The Accountant General (Economic & Revenue Sector Audit), Kerala, Thiruvananthapuram
The Accountant General (A&E), Tamil Nadu, Chennai
The Accountant General (A&E), Andhra Pradesh, Hyderabad
The Accountant General (A&E), Karnataka, Bangaluru
The Accountant General (A&E), Maharashtra, Mumbai
The Accountant General (A&E), Rajasthan, Jaipur
The Accountant General (A&E), Gujarat, Gandhi Nagar
The Accountant General (A&E), Hariyana, Chandigarh
The Accountant General (A&E), Punjab, Chandigarh
The Accountant General (A&E), Jammu & Kashmir, Srinagar
The Accountant General (A&E), Himachal Pradesh, Shimla
The Accountant General (A&E), Madhya Pradesh, Gwalior
The Accountant General (A&E), Orissa, Bhubaneswar
The Accountant General (A&E), Uttar Pradesh, Allahabad
The Accountant General (A&E), Bihar, Patna
The Accountant General (A&E), West Bengal, Kolkatta
The Accountant General (A&E), Assam, Dispur, Guwahati
The Accountant General (A&E), Manipur, Imphal
The Accountant General (A&E), Tripura, Agartala
The Accountant General (A&E), Nagaland, Kohima
The Accountant General (A&E), Arunachal Pradesh, Itanagar
The Accountant Genera l(A&E), Utharanchal, Dehradun
The Accountant General (A&E), Goa, Panaji
The Accountant General (A&E), Chattisgarh, Raipur
The Accountant General (A&E), Jharkhand, Ranchi
The Accountant General (A&E), Mizoram, Aizawl
The Accountant General (A&E), Meghalaya, Shillong
The Accountant General (A&E), Sikkim, Gangtok
The Principal Accounts Officer, Delhi Administration, Vikas Bhavan, New Delhi
The Principal Accounts Officer, Pondicherry
The Chief General Manager, Department of Government and Bank Accounts, Central Office, Reserve Bank of India, Opposite Mumbai Railway Station, Byculla, Mumbai-400 008
The Head Offices of all Nationalised Banks (250 copies)
The Chief Manager, Finance and Accounts, State Bank of Travancore, Thiruvananthapuram
The Regional Manager, Union Bank of India, Ernakulam and Thiruvananthapuram
The General Manager (Finance) UCO Bank, Head Office, Finance Department, 2 India Exchange Place, 3 rd Floor, Kolkatta - 700 001
The Assistant Divisional Manager, Central Bank of India, Thiruvananthapuram and Kochi

The Senior Manager, Canara Bank, Thiruvananthapuram
The Senior Manager, Canara Bank, Ernakulam
The Senior Manager, Canara Bank, Kozhikode
The Senior Manager, Circle Office, (Annex), Canara Bank, Thiruvananthapuram
The Chief Regional Manager, State Bank of India, Thiruvananthapuram
The Divisional Manager, Syndicate Bank, Thiruvananthapuram
The Regional Manager, Indian Bank, Thiruvananthapuram
The Regional Manager, Indian Overseas Bank, Thiruvananthapuram
The Regional Manager, Vijaya Bank, Thiruvananthapuram
All Heads of Departments
The Director of Treasuries, Thiruvananthapuram
All District Treasuries / Sub Treasuries
The Director of Information and Public Relations, Thiruvananthapuram
All Departments [all sections] of the Secretariat
The Secretary, Kerala Public Service Commission [with C.L.]
All Universities in Kerala
The Advocate General, Ernakulam [with C.L.]
The Secretary, Kerala State Electricity Board [with C.L.]
The Managing Director, Kerala State Road Transport Corporation, Thiruvananthapuram [with C.L.]
All Principal Secretaries, Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government
The Secretary to Governor
The Secretary, State Election Commission, Kerala, Thiruvananthapuram
The Private Secretaries to Chief Minister and other Ministers
The Private Secretary to Speaker
The Private Secretary to Deputy Speaker
The Private Secretary to the Leader of Opposition
The Additional Secretary to the Chief Secretary
The Registrar, Kerala Lok Ayukta, Thiruvananthapuram
The Secretary, Kerala Human Rights Commission, Thiruvananthapuram
The Ombudsman for Local Self Government Institutions, Thiruvananthapuram
The Nodal Officer, www.finance.kerala.gov.in

Forwarded/By Order

Section Officer.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ മുൻസിപ്പൽ കോമൺ സർവീസിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് - 17/08/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.118/2016/തസ്വഭവ. നമ്പർ ഉത്തരവിലെ **ഖണ്ഡിക II (സി)** ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്) നം. 83/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 13/06/2018

പരാമർശം : 1) 17/08/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.118/2016/തസ്വഭവ.

2) കേരള സ്റ്റേറ്റ് മുൻസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ (AITUC) 27/09/2016 തീയതിയായി സമർപ്പിച്ച നിവേദനം.

3) കേരള മുൻസിപ്പൽ & കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (INTUC) 24/10/2016 തീയതിയായി സമർപ്പിച്ച നിവേദനം.

4) കേരള മുൻസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ 20/09/2016. 03/03/2018 തീയതിയായി സമർപ്പിച്ച നിവേദനം.

5) നഗരകാര്യ ഡയറക്ടറുടെ 03/03/2017 തീയതിയിലെ ഇ 2-809/2015 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരമുള്ള മുൻസിപ്പൽ കോമൺ സർവീസിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക **II (സി) ചുവടെച്ചേർക്കുന്ന** പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഖണ്ഡിക II (സി)

ശമ്പള നിർണ്ണയത്തിനുള്ള അടിസ്ഥാന ശമ്പളം 01/07/2014 ലെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കേണ്ടത്. ടി അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ഡി.എ കൂടി ലയിപ്പിക്കുന്നതും ഇപ്രകാരം ലഭിക്കുന്ന തുകയോടൊപ്പം അടിസ്ഥാന ശമ്പളത്തിന്റെ 12% ഫിറ്റ്മെന്റ് ബെനിഫിറ്റ് കൂടി ചേർത്ത് ശമ്പളം നിർണ്ണയിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചയിക്കുന്ന ഫിറ്റ്മെന്റ് ബെനിഫിറ്റിന്റെ തുക മിനിമം 2000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ പൂർത്തിയായ ഓരോ വർഷത്തിനും 0.5% വെയിറ്റേജ് നൽകുന്നതും ആയത് പരമാവധി 15% ത്തിനു

നിജപ്പെടുത്തിയിരിക്കുന്നതുമാണ്. ഫിറ്റ്മെന്റ് ബെനിഫിറ്റും വെയ്റ്റേജും ചേർന്നുള്ള തുക 12000/- രൂപയിൽ അധികരിക്കാൻ പാടില്ല.

2) ഒന്നാം പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ സ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
ഡയറക്ടർ, കില, തൃശ്ശൂർ
നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം / കൊച്ചി / കൊഴിക്കോട്)
എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡെവലപ്പ്മെന്റ് വിഭാഗം) വകുപ്പ് (DEV-I/95/2016-FIN dated 25/05/2017 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്

പരിപത്രം

നമ്പർ 54/2018/ധന

തിരുവനന്തപുരം, 2018 ജൂൺ 18.

വിഷയം :- ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടേയും പെൻഷൻകാരുടേയും വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ(അച്ചടി)നം.54/2017/ധന തീയതി 24.04.2017.

2. സർക്കുലർ നം.28/2018/ധന തീയതി 04.04.2018.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സൂചന പ്രകാരമുള്ള ഉത്തരവനുസരിച്ച് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും വിവരശേഖരണം നടത്തുന്നതിനും അപ്രകാരം ശേഖരിക്കപ്പെട്ട വിവരം ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിനു കൈമാറുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതത് സ്ഥാപനം/വകുപ്പ് നോഡൽ ഓഫീസറെ നിയമിക്കണമെന്നും വ്യക്തമാക്കികൊണ്ട് സൂചന 2 പ്രകാരമുള്ള സർക്കുലർ പ്രകാരം മാർഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും പ്രസ്തുത വിവരശേഖരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും ബന്ധപ്പെട്ട അധികാരികൾ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ താഴെപ്പറയുന്ന നിർദ്ദേശം ഇതിനാൽ പുറപ്പെടുവിക്കുന്നു.

(എ) ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ചുള്ള വിവരശേഖരണം ഏകോപിപ്പിക്കുന്നതിനു 05/07/2018 തീയതിക്കകം നോഡൽ ഓഫീസറെ നിയമിച്ച് ആയത് ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ബി) പരാമർശ സർക്കുലർ പ്രകാരമുള്ള വിവരശേഖരണം 31/07/2018 തീയതിക്കകം പൂർത്തിയാക്കുകയും ആയത് www.medisep.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി അതത് സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ മെയിൽ വിലാസത്തിൽ നിന്നു info.fin@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലേക്ക് 04/08/2018 തീയതിക്കകം കൈമാറേണ്ടതുമാണ്.

കെ. രാജശ്രീ,

അഡീഷണൽ സെക്രട്ടറി (ധനകാര്യ വകുപ്പ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

കേരള സർക്കാർ

ധനകാര്യ (വ്യയം-സി) വകുപ്പ്

സർക്കുലർ

നം. 59/2018/ധന **തീയതി, തിരുവനന്തപുരം, 29.06.2018**

വിഷയം: ഭിന്നശേഷിക്കാരായ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന: 1) സ.ഉ. (പി) നമ്പർ 673/80/ധന, തീയതി 26.09.1980
2) സ.ഉ. (പി) നമ്പർ 101/91/ധന, തീയതി 02.02.1991
3) സ.ഉ. (പി) നമ്പർ 07/2016/ധന, തീയതി 20.01.2016
4) സ.ഉ. (കൈ) നമ്പർ 282/2017/(60)/ധന, തീയതി 30.05.2017

ഭിന്നശേഷിക്കാരായ പാർട്ട് ടൈം കണ്ടിജന്റ് സർക്കാർ ജീവനക്കാർക്ക് സൂചന (1) പ്രകാരം കൺവേയൻസ് അലവൻസ് അനുവദിച്ച നൽകി ഉത്തരവായിരുന്നു. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കൺവേയൻസ് അലവൻസ് സൂചന (2) പ്രകാരം "സ്പെഷ്യൽ അലവൻസ്" ആയി റീക്ലാസിഫൈ ചെയ്തു. സൂചന (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ അംഗവൈകല്യമുള്ള ജീവനക്കാർക്ക് അനുവദിക്കുന്ന സ്പെഷ്യൽ അലവൻസ് പ്രതിമാസം 800/- രൂപ ആയും സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ അലവൻസ് 01/06/2017 മുതൽ 800/- രൂപയിൽ നിന്ന് 1000/- രൂപയുമായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിച്ച സ്പെഷ്യൽ അലവൻസ് ആയ 1000/- രൂപ ഭിന്നശേഷിക്കാരായ പാർട്ട്ടൈം ജീവനക്കാർക്കും അനുവദനീയമാണോ എന്നത് സംബന്ധിച്ച് വ്യക്തത പല ഓഫീസുകളിൽ നിന്നും ആവശ്യപ്പെട്ടുകയുണ്ടായി.

ഈ സാഹചര്യത്തിൽ സൂചന (4) പ്രകാരം ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക് അനുവദിച്ച സ്പെഷ്യൽ അലവൻസ് ആയ 1000/- രൂപയ്ക്ക് ഭിന്നശേഷിക്കാരായ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരും അർഹരാണെന്ന് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ഷർമിള മേരി ജോസഫ്
ധനകാര്യ (വ്യയം) സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.358/ ഡി.എ 2/2018- തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 02.07.2018.

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1) 20.12.2016 ലെ 1068103(3)/ ഡി.എ 2/2016- തസ്വഭവ സർക്കുലർ നമ്പർ.

2) 17195/2018 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 18.06.2018 ലെ ഉത്തരവ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന റിട്ട് പെറ്റീഷനുകളിൽ എതിർ വാദം നടത്തുന്നതിന് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലയേല്പിക്കുകയോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ അവരുടെ വാദം ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചുമതലയേൽപ്പിച്ചവർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ സൂചന (1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ നിർദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി മാർ പാലിക്കുന്നില്ല യെന്നും ആയതിനാൽ ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ ശിക്ഷ നടപടികൾ സ്വീകരിക്കണം എന്ന് സൂചന (2) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചു സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദേശിക്കുന്നു.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും.

ഡയറക്ടർ, ഐ & പി. ആർ. ഡി/വെബ് ആൻഡ് ന്യൂമീഡിയ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

പകർപ്പ്- തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ്ഓഫീസർ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അധികാരവികേന്ദ്രീകരണം - എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നുമുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ചുകൊണ്ടും പുനർവിന്യാസം പൂർത്തിയാക്കിയ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1837/2018/തസ്വഭവ **തിരുവനന്തപുരം, തീയതി, 05.07.2018.**

പരാമർശം: 1) സ.ഉ.(അ)നം.187/2000/തസ്വഭവ, തീയതി, 04.07.2000.

2) സ.ഉ. (കൈ)നം.149/2014/തസ്വഭവ, തീയതി, 19.08.2016.

3) 19.12.2016, 22.04.2017 തീയതികളിലെ 136/ഇആർഎ1/2016/തസ്വഭവ നമ്പർ കത്തുകൾ.

4) എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടറുടെ 23.06.2017-ലെ ജെ4/18832/12/ഡി.ഇ നമ്പർ കത്ത്.

5) നഗരകാര്യ ഡയറക്ടറുടെ 17.11.2017-ലെ ഇ6-15217/17 നമ്പർ കത്ത്.

6) ഗ്രാമവികസന കമ്മീഷണറുടെ 04.01.2018-ലെ സിആർഡി/1059/2017/എസ്റ്റാ.സി.3 നമ്പർ കത്ത്.

7) പഞ്ചായത്ത് ഡയറക്ടറുടെ 29.01.2018-ലെ ഇ9-1095/17 നമ്പർ കത്ത്.

ഉത്തരവ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നും രണ്ടുവർഷ കാലയളവിലേക്ക് പരാമർശം (2) പ്രകാരം പുനർവിന്യസിക്കുകയുണ്ടായി.

2. ഇപ്രകാരം പുനർവിന്യസിച്ച ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി പുനർവിന്യസിക്കേണ്ടവരുടേയും തുടരുവാൻ ആഗ്രഹിക്കുന്നവരുടെയും മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവരുടേയും പട്ടിക സമർപ്പിക്കുവാൻ വകുപ്പ് മേധാവിക്ക് പരാമർശം (3) മുഖേന നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് പരാമർശം (4) പ്രകാരം, പുനർവിന്യസിക്കപ്പെടേണ്ട ജീവനക്കാരുടെയും മാതൃവകുപ്പിലേക്ക് തിരികെ പോകേണ്ട ജീവനക്കാരുടെയും പുനർവിന്യാസത്തിൽ തുടരുവാൻ താല്പര്യമുള്ള ജീവനക്കാരുടെയും പട്ടിക എംപ്ലോയ്മെന്റ് വകുപ്പ് ഡയറക്ടർ സമർപ്പിച്ചു.

3. മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കേണ്ടവരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടിക്രമങ്ങളോ ഇല്ലായെന്ന് പരാമർശം (7)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുതായി പുനർവിന്യാസം ആവശ്യപ്പെട്ട ജീവനക്കാരെ നിയമിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലും എറണാകുളം ജില്ലയിലും ഒഴിവുള്ളതായി പരാമർശം (5), (6)-ലെ കത്ത് മുഖേന യഥാക്രമം നഗരകാര്യ ഡയറക്ടറും, ഗ്രാമവികസന കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിട്ടുള്ള എംപ്ലോയ്മെന്റ് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ അനുബന്ധം 1-ലെ പട്ടികയിൽ

പ്രതിപാദിക്കും പ്രകാരം വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും പുതുതായി പുനർവിന്യസിക്കേണ്ട ജീവനക്കാരെ അനുബന്ധം 2-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവുകളിൽ പുനർവിന്യസിച്ചുകൊണ്ടും ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസത്തിൽ ഇടരാനാഗ്രഹിക്കുന്ന ജീവനക്കാർക്ക് അനുബന്ധം 3-ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം പുനർവിന്യാസ കാലാവധി ദീർഘിപ്പിച്ച നൽകിക്കൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. **ഗ്രാമപഞ്ചായത്തിൽ ജോലിചെയ്യുവരുന്ന പുനർവിന്യാസ ജീവനക്കാരെ പി.എസ്.സി. വഴി നിയമനം ലഭിച്ച ആളുകൾ എത്തുന്ന മുറയ്ക്ക് മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.**

5. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്നവരുടെ നിയമന കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷക്കാലമാണ്. **പുനർവിന്യാസ കാലാവധി അവസാനിച്ചു കഴിഞ്ഞാൽ പുനർവിന്യാസ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പുതിയ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുമുള്ള പ്രൊപ്പോസൽ വകുപ്പദ്ധ്യക്ഷൻ സർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.** അനുബന്ധം 2 പ്രകാരം പകരം ജീവനക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവർ ഹാജരാകുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ അർഹതയുള്ളവരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

6. **ഈ ഉത്തരവിലെ അനുബന്ധം 2-ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരെ വകുപ്പദ്ധ്യക്ഷൻ 01.08.2018-നു മുമ്പ് ഓരോരുത്തരുടെയും പേരിനൊപ്പം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുംവിധം യാതൊരു വീഴ്ചയും കൂടാതെ കർശനമായി വിടുതൽ ചെയ്യേണ്ടതാണ്.** വിടുതൽ ചെയ്യുന്നതിനായി അനുബന്ധം 4-ലെ മാതൃകാ വിടുതൽ ഉത്തരവ് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ ഹാജരാകേണ്ടതും സെക്രട്ടറി അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

7. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനം ലഭിച്ചവരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാരന് പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അയാളുടെ ശമ്പളം അയാൾ നിയമിക്കപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള മാതൃവകുപ്പിന്റെ ഏറ്റവും താഴത്തെ തട്ടിലെ ഡ്രോയിംഗ് ഓഫീസറിൽ (ഓഫീസിൽ) നിന്നും കൈപ്പറ്റാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പ് തലവൻ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത സമയത്ത് ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടാകാതിരിക്കുവാൻ വകുപ്പ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. **മേൽ പരാമർശിച്ചിരിക്കുന്നവയിൽ സംഭവിക്കുന്ന വീഴ്ചകൾ സർക്കാർ അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതാണ്.**

9. ഈ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ടവർ ജോലിക്ക് ഹാജരാകുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അന്നേദിവസം തന്നെ ബന്ധപ്പെട്ട വകുപ്പ് തലവനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും/മുനിസിപ്പൽ ഭരണ ഡയറക്ടർക്കും/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ഗ്രാമവികസന കമ്മീഷണർക്കും ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും മറ്റ് ബന്ധപ്പെട്ടവർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ ഒരാഴ്ചയുള്ളിൽ സമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ട്രഷറി ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

10. ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരുടെ ജോലികൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദ്ദേശിക്കുന്ന ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ നിയമനം ലഭിക്കുന്നവർ ബാദ്ധ്യസ്ഥരാണ്.

11. 1994-ലെ കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി ആക്ടുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം" സംബന്ധിച്ച ചട്ടങ്ങൾ ഈ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

12. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകളും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളും മറ്റും അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ വ്യക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ബന്ധപ്പെട്ട വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പ്രീത കെ.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട മുനിസിപ്പൽ സെക്രട്ടറിമാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന).

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

എംപ്ലോയ്മെന്റ് വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം 1			
എംപ്ലോയ്മെന്റ് വകുപ്പ്			
മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവർ			
ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം
1	2	3	4
1	നിയാസ്.എ.	സീനിയർ ക്ലാർക്ക്	മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം
2	ചന്ദ്രൻ സി.	സീനിയർ ക്ലാർക്ക്	പാലക്കാട് മുനിസിപ്പാലിറ്റി
3	വാസുദേവൻ ആർ.	സീനിയർ ക്ലാർക്ക്	അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
4	കൃഷ്ണകുമാർ.സി.ബി.,	സീനിയർ ക്ലാർക്ക്	മുദാക്കൽ ഗ്രാമപഞ്ചായത്ത്,

അനുബന്ധം 2				
എംപ്ലോയ്മെന്റ് വകുപ്പ്				
പുതുതായി പുനർവിന്യസിക്കുന്നവർ				
ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം	നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന്റെ വിലാസം (ജില്ല)
1	2	3	4	5
1	പത്മകുമാർ എസ്.എസ്.	ക്ലാർക്ക്	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരൂർ	നെടുമങ്ങാട് നഗരസഭ
2	സാജ ജെ.എസ്.	ക്ലാർക്ക്	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ചാലക്കുടി	നെടുമങ്ങാട് നഗരസഭ
3	അനീഷ് വി.	ക്ലാർക്ക്	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഹോസ്ദുർഗ്	പെരുങ്കടവിള ബ്ലോക്ക്
4	ശ്രീമതി ടീന ജെയിംസ്	ക്ലാർക്ക്	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നിലമ്പൂർ	അങ്കമാലി ബ്ലോക്ക്

അനുബന്ധം 3				
എംപ്ലോയ്മെന്റ് വകുപ്പ്				
പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നവർ				
ക്രമ നമ്പർ	പേര്	തസ്തിക	ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം	നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല)
1	2	3	4	5
1	സാബു ബി.	ക്ലാർക്ക്	ആറനാട് ഗ്രാമപഞ്ചായത്ത്	ആറനാട് ഗ്രാമപഞ്ചായത്ത്
2	സാജിത എൽ.വി.	ക്ലാർക്ക്	കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്	കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്
3	സിന്ധുകുമാരി എൽ	സീനിയർ ക്ലാർക്ക്	ആര്യങ്കോട് ഗ്രാമപഞ്ചായത്ത്	ആര്യങ്കോട് ഗ്രാമപഞ്ചായത്ത്
4	അരുൺ ജോഷി,	സീനിയർ ക്ലാർക്ക്	മുരിയാട് ഗ്രാമപഞ്ചായത്ത്	മുരിയാട് ഗ്രാമപഞ്ചായത്ത്
5	നിഷ മേരി ബി	ക്ലാർക്ക്	വിളക്കുടി ഗ്രാമപഞ്ചായത്ത്	വിളക്കുടി ഗ്രാമപഞ്ചായത്ത്

അനുബന്ധം 4

(വിടുതൽ ഉത്തരവിന്റെ മാതൃക)

പ്രൊസീഡിംഗ്സ്/മെമ്മോ/ഓർഡർ നമ്പർ..... തീയതി.....

..... നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനർവിന്യാസത്തിനു വിധേയനായി/വിധേയയായി.....

..... ജില്ലയിലെ .....ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിൽ ജോലിക്ക് ഹാജരാകുന്നതിന് .....

..... (ഇപ്പോൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും)-ലെ യു.ഡി./എൽ.ഡി.ക്ലാർക്ക് ശ്രീ/ശ്രീമതി .....

..../...../F.N./A.N.-ന് ഈ ഓഫീസിൽ നിന്നും വിടുതൽ ചെയ്യുകൊള്ളുന്നു.

2. ..... മുതലുള്ള ഇവരുടെ/ഇദ്ദേഹത്തിന്റെ ശമ്പളവും ബത്തകളും .....വകപ്പിന്റെ .....

.....ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

3. (ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) സെക്രട്ടറി ഇവർ/ഇദ്ദേഹം ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച റിപ്പോർട്ട് മടക്കത്തപാലിൽ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റെല്ലാവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

(ഒപ്പ്)

വകുപ്പുതലവൻ/വിടുതൽ നൽകാൻ ചുമതലപ്പെട്ട/
ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ശ്രീ സുബിൻ പി. മുതൽ പേർ ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2654/2016 ൽ 08/12/2016 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയ്യ) വകുപ്പ്

സ.ഉ.(സാധാ)നം. 1838/2018/തസ്വഭവ തീയതി, തിരുവനന്തപുരം 05.07.2018

പരാമർശം:
1. ശ്രീ സുബിൻ പി. മുതൽ പേർ സർക്കാരിൽ സമർപ്പിച്ച 02/12/2016 തീയതിയിലെ നിവേദനം (Annexure MA1).
2. ശ്രീ സുബിൻ പി. മുതൽപേർ ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2654/2016 നമ്പർ കേസിൽ 08/12/2016 തീയതിയിലുണ്ടായ വിധിന്യായം.
3. നഗരകാര്യ ഡയറക്ടറുടെ 19/01/2017 തീയതിയിലെ ഇ 4-28/2017 നമ്പർ കത്ത്.
4. കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള 18/05/2018 തീയതിയിലെ A11(2) 808/2018/GW നമ്പർ കത്ത്.

ഉത്തരവ്

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യതയിൽ കേരള സർക്കാർ നടത്തുന്ന ഐ.റ്റി.ഐ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് കൂടി ഉൾപ്പെടുത്തണമെന്നും അതനുസരിച്ച് പ്രസ്തുത തസ്തികയുടെ തിരഞ്ഞെടുപ്പിൽ ഈ കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തുന്നതിന് പി.എസ്.സിയ്ക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം ശ്രീ സുബിൻ പി. മുതൽ പേർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 2654/2016 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള ഇടക്കാല വിധിയിൽ രണ്ടാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി അനക്ഷർ MA1 അപേക്ഷ പരിശോധിച്ച് അപേക്ഷകരുടെ പ്രതിനിധിയെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം അപേക്ഷകരുടെ പ്രതിനിധിയെ തദ്ദേശ സ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട സമയത്തെ അപേക്ഷകരുടെ വാദപ്രകാരം, മുനിസിപ്പൽ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യതകളിലൊന്നായ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ്, മുംബൈ-നടത്തുന്ന 'സാനിട്ടറി ഇൻസ്പെക്ടേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ്'-ന്റെ യോഗ്യത എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്ലസ്ടുവും കോഴ്സിന്റെ കാലാവധി ഒരു വർഷം, ആറ് മാസം എന്നിങ്ങനെയാണ്. എന്നാൽ സർക്കാർ ഐ.ടി.ഐ. കളിൽ നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സിന്റെ യോഗ്യത പ്ലസ്ടുവും കാലാവധി ഒരു വർഷവുമാണ്. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലെ കോഴ്സുകൾ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയായിരിക്കെ കേരള സർക്കാർ നേരിട്ട് നടത്തുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ തത്തുല്യയോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും, മേൽ കോഴ്സ് പാസ്സായവരെ പ്രസ്തുത തസ്തികയുടെ തെരഞ്ഞെടുപ്പിൽ ഉൾപ്പെടുത്തുന്നതിന് കേരള പി.എസ്.സിയ്ക്ക് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരള സർക്കാർ ഐ.ടി.ഐ.കളിൽ നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് നിർത്തലാക്കുവാൻ 23.07.2014 ലെ സർക്കാർ കത്ത് പ്രകാരം ടെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവിധ ഐ.ടി.ഐ.കളിൽ സർക്കാർ നേരിട്ട് നടത്തിയിരുന്ന ഈ കോഴ്സിൽ നിരവധി വിദ്യാർത്ഥികൾ ചേർന്നിരുന്നതും പല സർക്കാർ സ്ഥാപനങ്ങളിലും അപ്രന്റിഷിപ്പ് ടെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. കേരളത്തിലെ ഐ.ടി.ഐ.കളിൽ പ്രസ്തുത കോഴ്സ് ഇപ്പോൾ നിലവിലില്ല.

4. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ടെയിനിങ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ്, മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിക്കണമെന്ന നിർദ്ദേശം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചു.

5. മേൽ സാഹചര്യത്തിൽ അപേക്ഷകരുടെ അനക്ഷർ MA1 അപേക്ഷയിലെ ആവശ്യം പരിഗണിച്ച് സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ടെയിനിങ് നടത്തിയിരുന്ന ഹെൽത്ത് സാനിട്ടറി ഇന്സ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയ്ക്കുള്ള നിശ്ചിത യോഗ്യതകളുടെ സമാന യോഗ്യതയായി അംഗീകരിച്ച് ഉത്തരവാകുന്നു.

6. ബഹു. ട്രിബ്യൂണലിന്റെ പരാമർശം 2-ലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ് മോഹൻദാസ്
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. സുബിൻ.പി, ചിരുകണ്ടോത്ത് വീട്, പിണറായി പി.ഒ, കണ്ണൂർ-670 741
ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്(16.11.2017 തീയതിയിലെ 203/ബി2/2017/ഉഭപവ. നമ്പർ കുറിപ്പ് പ്രകാരം)
തൊഴിലും നൈപുണ്യവും വകുപ്പ്(03.08.2017 തീയതിയിലെ സി2/59/2017-LBRD നമ്പർ കുറിപ്പ് പ്രകാരം)
എക്സ്റ്റി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 112/2018/ധന തിരുവനന്തപുരം, തീയതി, 21/07/2018

പരാമർശം: 1. സ.ഉ. (പി)നം. 28/2016/ധന തീയതി, 26/02/2016
2. സ.ഉ. (പി)നം. 56/2017/ധന തീയതി, 28/04/2017
3. സ.ഉ. (പി)നം. 98/2017/ധന തീയതി, 28/07/2017
4. സ.ഉ. (പി)നം. 83/2018/ധന തീയതി, 06/06/2018

ഉത്തരവ്

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം സർക്കാർ വകുപ്പുകൾ, ഗ്രാൻറ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനും ടി ജീവനക്കാരുടെ വേതനം സംബന്ധിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (4) ഉത്തരവു പ്രകാരം കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് വേതനം പുതുക്കി നിശ്ചയിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവിൽ 01/04/2016 പ്രാബല്യത്തിൽ അനുവദിച്ച വേതനം എല്ലാ വർഷവും ഏപ്രിൽ മാസം, സർക്കാരിനു അനിവാര്യമാണെന്ന് തോന്നുന്ന പക്ഷം, മാറുന്ന വിലസൂചികയുമായി അനുസരിച്ച് പുതുക്കി നിശ്ചയിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് പുറമെ, താഴെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവാകുന്നു.

i) 26/02/2016 ലെ സ.ഉ (പി) നം.28/2016/ധന, 28/04/2017 ലെ സ.ഉ (പി) നം.56/2017/ധന എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നു എന്നതിനു വിധേയമായി മാത്രം പുതുക്കിയ വേതനം അനുവദിയ്ക്കാവുന്നതാണ്.

ii) മെട്രോപൊളിറ്റൻ നഗരമായ ഡൽഹിയിലെ കേരളഹൗസിലെ ദിവസ വേതന ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരമുള്ള ദിവസവേതനത്തിലുപരിയായി 5% വർദ്ധനവിനു അർഹത ഉണ്ടായിരിക്കും.

iii) 26/02/2016 ലെ സ.ഉ (പി) നം. 28/2016/ധന, 28/04/2017 ലെ സ.ഉ (പി) നം. 56/2017/ധന എന്നീ ഉത്തരവുകളിലെ അനക്സറിൽ ഉൾപ്പെടാത്തതും എന്നാൽ പ്രത്യേകമായി കാറ്റഗറി തിരിച്ച് ദിവസ/കരാർ വേതനം നിർണ്ണയിച്ചു നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കും/ തസ്തികകൾക്കും ഈ വേതന വർദ്ധനവ് ബാധകമായിരിക്കും.

iv) പുതുക്കിയ നിരക്കുകൾക്ക് 01.07.2018 തീയതി മുതൽ പ്രാബല്യം ഉണ്ടാകും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ് IAS
സെക്രട്ടറി (ധനകാര്യ വ്യയം)

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ANNEXURE

i	II	III
Category-I Office Attendant, Amenities Assistant (MLA Hostel), Waiter/Bearer/Room Attendant/Lascar/Gardener/ Kitchen Helper, Hospitality Assistant,Ploughman/Beetle Picker/Regular Mazdoor, Permanent Servant, Poultry Attendant (Animal Husbandry), Dhobi, Depot Watcher/Reserve Watcher/ Plantation Watcher/ Elephant Mahout/Cavadies (Forest), Field Worker, Cobbler, Dark Room Assistant, Worker/Mason, Dredger Cleaner, Dredger Worker, Dredger Watcher, Village Field Assistant, Camp Follower (Police), Ayah, Chainman (Survey), Lab Attender, Mortuary Attender, Lift Operator, CT Helper, Hospital Attendant, House Keeper, Nursing Assistant, Power Laundry Helper, Worker (Health), Laundry Man/Women(Health Services Department), Animal Keeper, Curator, Gallery Attendant, Guide Lecturer, Attender, Driver (Battery-Operated Car),	Daily Wage ₹ 645/- Maximum daily wages payable in a month ₹ 17,420/-	Maximum monthly contract pay ₹ 17,675/-

Binder, Full Time Sweeper cum Sanitation Worker, Telephone Cleaner, Full Time Sweeper, Scavenger, Skilled Assistant, Matty, Warden, Cook cum Watcher, Ferry Man, Telephone Operator, Library Assistant, Record Keeper, Watch Man, Traffic Warden, Full Time Sanitation Worker, Care Taker, Cook, Peon, Mechanic, Chaulker, Painter, Sanitation Worker, Stretcher Carrier, Mess Attender, Paper Cutter (DME), Mess Boy/Girl, Sweeper cum Sanitation Worker, Packer (Lottery Dept), Pharmacy Attender, Labourer on daily wages, Daily wage workers (Farm), Night Watchman, Grounds Man/Marker, Photographic Attender (I&PRD), Casual Worker(Kerala State Ground Water Dept), Kashaya Servant/ Artist/Theater Assistant/ Kitchen Assistant/ Hospital Attender(Ayurveda Medial Education Dept).		
Category-II Office Attendant cum Driver, Driver-Motor, Driver-Tractor, Driver-Boat Syrang/Engine Driver, Loco Driver, Chauffeur, Butler,		

Steward, Part Time Special Teacher (UP School and High School), Laboratory Assistant/Junior Laboratory Assistant in Hospitals, Instructor (Pottery, Plastic, Leather, Tailoring, Book Binding) in Social Justice Department, Junior Instructor (Compositing and Printing, Weaving, Raton, Book Binding) in Technical Education Department, Electrician, Pump Operator, Welder, Plumber, Turner, Fitter in all Departments, Life Guard, Line Man, Black Smith, Carpenter, Battery Charger, Upholster, Machinist, Panel Artist (Lottery Dept), Home Guard.	Daily Wage ₹ 700/- Maximum daily wages payable in a month ₹ 18,900/-	Maximum monthly contract pay ₹ 19,280/-
Category-III Clerk/ Clerk cum Accountant/Junior Accountant/Lower Division Typist/Clerk cum Typist/Clerk Typist/Typist Clerk/Data Entry Operator, Roller Driver, Security Guard, Draftsman/Overseer, Ayurveda Therapist, Part Time Language Teacher (High School), Treatment Organizer (Health Service Department), Rehabilitation Technician (Health Service Department), Village Assistant (Revenue),	Daily Wage ₹ 725/- Maximum daily wages payable in a month ₹ 20,300/-	Maximum monthly contract pay ₹ 20,350/-

Printer/Compositor/Binder (Printing), Junior Instructor (Industrial School) and Tradesman in Technical Education Department, Steward (Tourism), Lab Technical Assistant (Higher Secondary School, Vocational Higher Secondary School), Receptionist in Health Services Department, Dialysis Technician, CT Technician, Neuro Technician, OT Technician, Anesthesia Technician, ECG / EEG / TMT Technician, Boat Master, Computer Assistant, Computer Operator, Copy Holder, Hospital KIOSK Executive under Local Self Govt Institutions, Call center Executive(NORKA), Valuation Assistant(PWD), Project Associates(Planning Board) .		
Category-IV Confidential Assistant/Steno Typist, Computer Assistant in Secretariat, PSC, State Audit Department, Enquiry Commission and Special Judge, Advocate General Office, Vigilance Tribunal, High Court, Universities, DTP Operator/Computer	Daily Wage ₹ 750/- Maximum daily wages payable in a month ₹21,000/-	Maximum monthly contract pay ₹ 21,420/-

Programmer Agriculture Assistant Laboratory Technician (Animal Husbandry) Live Stock Inspector (Animal Husbandry), Pharmacist (Homoeo, Ayurveda), Nurse (Homoeo, Ayurveda) Tracer (Soil Survey), Ware Houseman cum Store Keeper, Technical Assistant (Panchayat), Assistant Prison Officer, Security Supervisor, Chick Sexer.		
Category-V Librarian, Statistical Assistant/Statistical Investigator, Teacher (Craft), Instructor Work Experience Programme (Upper Primary and Lower Primary School), Assistant Teacher without Special Training Schools for the Handicapped, Dental Hygienist, Optometrist, Pharmacist, Lab Technician, Radiographer, Blood Bank Technician, Theater Technician, Junior Public Health Nurse, Junior Health Inspector, Bulldozer Operator (Irrigation), Dredger Operator/Dredger Driver, Assistant (Police SBCID), Literacy Teacher/ Nursery Teacher/ Craft Instructor/ Music Teacher/ Agriculture Instructor/	Daily Wage ₹ 810/- Maximum daily wages payable in a month ₹ 23,490/-	Maximum monthly contract pay ₹ 23,565/-

Carpentry Instructor/ Weaving Instructor/ Drill Instructor/ Dance Master/ Physical Training Instructor (Social Justice Dept) Surveyor, X-ray Technician, Sergeant (Govt. Medical Colleges).		
Category-VI Teacher/Instructor/Fishing Technology Assistant/Sewing Mistress/Pandit/Junior Pandit/Drill Master/Drawing Master/Bhagavatar (Upper Primary and Lower Primary Schools in General Education Department), Trade Instructor/ Instrument Mechanic (Technical Education Department) Proof Reader, Sociologist, Master Trainers (SPARK), Curator (Museum & Zoo Dept)	Daily Wage ₹ 915/- Maximum daily wages payable in a month ₹ 26,550/-	Maximum monthly contract pay ₹ 27,010/-
Category-VII Reader (Legislature Secretariat), Reception Assistant / Information Assistant (Kerala House), ITI Junior Instructor/ACD Instructor (Industrial Training Dept), Social Worker(Medical Education Psychiatric Dept), Developmental Therapist in Child Development Center	Daily Wage ₹ 965/- Maximum daily wages payable in a month ₹ 27,990/-	Maximum monthly contract pay ₹ 28,385/-

Category-VIII Assistant/Auditor (Secretariat/ PSC/State Audit Department/Advocate General Office, High Court, Vigilance Tribunal Enquiry Commission and Special Judge, Universities), Reporter (Legislature Secretariat), Instructors and Specialist Teachers (Secondary Schools) , Staff Nurse, Dietician (Health Service Department), Photographer (I&PRD), Vocational Instructor (VHSE), Occupational Therapist in Child Development Center, Clinical Psychologist (Medical Education Psychiatric Dept), GIS Specialist in IDRB	Daily Wage ₹ 1,050/- Maximum daily wages payable in a month ₹ 29,400/-	Maximum monthly contract pay ₹ 29,785/-
Category-IX Legal Assistant (Law Secretariat), High School Assistant (Secondary School), Assistant Teacher with Special Training Schools for the Handicapped, Instructor (Engineering, Govt. Commercial Institute, Shorthand, Commerce, Secretarial Practice) in Technical Education,	Daily Wage ₹ 1,050/- Maximum daily wages payable in a month ₹ 30,450/-	Maximum monthly contract pay ₹ 31,290/-

Computer Programmer (with MTech/ME/BTech/BE/MCA Qualification)		
Category-X High School Assistant in Schools for Handicapped, Higher Secondary School Teacher (Junior), Vocational Higher Secondary School Teacher (Junior), Non Vocational Higher Secondary School Teacher (Junior), Non Vocational Teacher (GFC) (Max. Number of days allowed for GFC Teacher will be 9 in a month subject to the maximum of ₹ 9,450/-) Micro Biologist, Physiotherapist in Health Services and Medical Education Department, Fine Arts Experts, Senior Computer Programmer (with MTech/ME/BTech/BE/MCA Qualification along with 2 or more years of experience as Computer Programmer.)	Daily Wage ₹ 1,155/- Maximum daily wages payable in a month ₹ 34,650/-	Maximum monthly contract pay ₹34,605/-
Category-XI Agriculture Officer (Agriculture), Veterinary Surgeon (Animal Husbandry), Analyst (Drugs Control) Higher Secondary School Teacher		

Senior (Higher Secondary Education Department) Medical Officer Homoeo, Homoeopathy Department), Medical Officer (Ayurveda, Specialist) Indian System of Medicine Department, Assistant Insurance Medical Officer (Ayurveda /Homoeo), Assistant Engineer (PWD, Irrigation, Harbour Engineering, Agriculture), Non Engineering Lecturer (Technical Education), Vocational Higher Secondary School Teacher Senior, Non Vocational Higher Secondary School Teacher Senior, Lecturer (Polytechnic), Principal (Minority Welfare Department-Directorate), Medical Officer (Unani, Sidha & Naturopathy).	Daily Wage ₹ 1,395/- Maximum daily wages payable in a month ₹ 41,850/-	Maximum monthly contract pay ₹ 42,305/-
Category-XI (a) Lecturer without PG (Ayurveda).	Daily Wage ₹ 1,500/- (If necessary).	Maximum monthly contract pay ₹44,985/-
Category-XII Medical Officer in Health Services and Insurance Medical Service Departments including General and Specialist, Lecturer with PG (Ayurveda).	Daily Wage ₹ 1,880/- Maximum daily wages payable in a month ₹54,520/-	Maximum monthly contract pay ₹55,285/-

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയ പത്താം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കുടുംബശ്രീയിലെ തനത് ജീവനക്കാർക്ക് 01/07/2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം. 99/2018/തസ്വഭവ. **തിരുവനന്തപുരം, തീയതി: 25/07/2018**

പരാമർശം:- 1) 26.03.2001 ലെ സ.ഉ(സാധാ)നം.1266/2001/തസ്വഭവ.
2) 28.11.2006 ലെ സ.ഉ(സാധാ)3054/2006/തസ്വഭവ.
3) 26.06.2008 ലെ സ.ഉ(എം.എസ്)179/08/തസ്വഭവ
4) 13.01.2011 ലെ സ.ഉ(എം.എസ്)നം.09/2011/തസ്വഭവ.
5) 05.02.2011 ലെ സ.ഉ(എം.എസ്)34/2011/തസ്വഭവ
6) 03.06.2013-ലെ സ.ഉ(എം.എസ്)208/2013/തസ്വഭവ
7) 20.07.2013-ലെ സ.ഉ(എം.എസ്)261/2013/തസ്വഭവ
8) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.05.2016 - ലെ 2183/ഇ/2013/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാന ജീവനക്കാർക്ക് ബാധകമാക്കിയ പത്താംശമ്പള പരിഷ്കരണഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കുടുംബശ്രീ മിഷനിലെ തനതു ജീവനക്കാർക്കും അനുവദിച്ചു നൽകണമെന്ന് സൂചന(8)പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയ പത്താം ശമ്പള പരിഷ്കരണത്തിനനുസൃതമായി കുടുംബശ്രീയിൽ ഒമ്പതാം ശമ്പളപരിഷ്കരണപ്രകാരമുള്ള ശമ്പളസ്കെയിലുകൾ അനുവദിച്ച 43 തസ്തികകൾക്കും 09/06/2014 ലെ ജി.ഒ.(എം.എസ്) നം.105/2014/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഡാറ്റാ അനലിസ്റ്റ് തസ്തികയ്ക്കും 20/01/2016 ലെ ജി.ഒ. (പി) നം. 7/2016/ ധന ഉത്തരവിലെ അനക്സർ I ആധാരമാക്കി പത്താംശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളസ്കെയിലുകൾ അനുവദിച്ചുകൊണ്ടും പ്രസ്തുത പരിഷ്കരണത്തിന് 01/07/2014 മുതൽ പ്രാബല്യം നല്കിക്കൊണ്ടും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	തസ്തികയുടെ പേര് (കരാർ അടിസ്ഥാനം)	അംഗീകൃത എണ്ണം	നിലവിലെ ശമ്പള സ്കെയിൽ	അനുവദനീയമായ ശമ്പള സ്കെയിൽ
1	കമ്പ്യൂട്ടർ ഓപ്പറേറ്റർ	1	9190-15780	18000-41500
2	ടൈപ്പിസ്റ്റ്	1	10480-18300	20000-45800
3	ഡ്രൈവർ	20	9190-15780	18000-41500
4	ഫോട്ടോകോപ്പിയിസ്റ്റ്	1	9190-15780	18000-41500
5	ടെക്നിക്കൽ അസിസ്റ്റന്റ്	1	9190-15780	18000-41500

6	ഓഫീസ് അസിസ്റ്റന്റ്	18	8500-13210	16500-35700
7	ഡാറ്റാ അനലിസ്റ്റ്	1	-----	16500-35700
8	പാർട്ട് ടൈം സ്വീപ്പർ	1	4850-7500	9340-14800

1. ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 01/07/2014 മുതൽ അഞ്ചുവർഷത്തേക്കോ പ്രോജക്ട് കാലാവധി അവസാനിക്കുന്നതുവരേയോ ആയിരിക്കും.

2.കരാർ അടിസ്ഥാനത്തിൽ അനുവദനീയമായ അലവൻസുകൾക്ക് 20.01.2016 ലെ ജി.ഒ.(പി)നം.7/2016/ധന. നം. ഉത്തരവിൽ പരാമർശിക്കുന്ന നിരക്കിൽ 01/02/2016 പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്.

3.പത്താം ശമ്പളപരിഷ്കരണ പ്രകാരമുള്ള ശമ്പള നിർണ്ണയം ചുവടെ പരാമർശിക്കും വിധം നടത്തേണ്ടതാണ്. 01-07-2014 ലെ നിലവിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ക്ഷാമബത്ത കൂട്ടിച്ചേർത്ത് പരിഷ്കരിച്ച ശമ്പളസ്കെയിലിൽ ചുവടെ പരാമർശിക്കുംവിധം നിജപ്പെടുത്തുക.

a. മേൽ വിവരിച്ച പ്രകാരം ലഭിച്ച തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ മിനിമത്തെക്കാൾ കുറവാണെങ്കിൽ ടിയാളുടെ ശമ്പളം പരിഷ്കരിച്ച സ്കെയിലിലെ മിനിമത്തിൽ നിജപ്പെടുത്തേണ്ടതാണ്.

b. മേൽ വിവരിച്ച പ്രകാരം ലഭിക്കുന്ന തുക പരിഷ്കരിച്ച ശമ്പളസ്കെയിലിലെ രണ്ടു സ്റ്റേജുകൾക്കിടയിൽ വരുന്ന പക്ഷം ഉയർന്ന സ്റ്റേജിൽ ശമ്പളം നിജപ്പെടുത്തേണ്ടതാണ്.

c. മേൽ വിവരിച്ച പ്രകാരം ലഭിക്കുന്ന തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ പ്രസ്തുത സ്റ്റേജിൽ തന്നെ ശമ്പളം നിജപ്പെടുത്തേണ്ടതാണ്.

4. 2014 ശമ്പള പരിഷ്കരണത്തിൽ തുടരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ക്ഷാമബത്ത അതേ നിരക്കിൽ കുടുംബശ്രീ ജീവനക്കാർക്കും അനുവദിക്കാവുന്നതാണ്

5. കരാറിലെ ക്ലോസ് 7 - നെ ആധാരമാക്കി ശമ്പളപരിഷ്കരണത്തിനു ശേഷമുള്ള ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്.

6 തസ്തിക സൃഷ്ടിക്കൽ, തസ്തിക ഉയർത്തൽ, പുനർനാമകരണം എന്നിവ മുൻകൂർ സർക്കാർ അനുമതി കൂടാതെ നടപ്പിലാക്കുവാൻ പാടുള്ളതല്ല

7. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിച്ച തസ്തികകളിലൊഴികെ യാതൊരു നിയമനവും പാടുള്ളതല്ല (ഫുൾടൈം, പാർട്ട് ടൈം, താൽക്കാലിക നിയമനം, കരാർ നിയമനം, ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം)

8. ശമ്പള നിർണ്ണയം സംബന്ധിച്ച് അവ്യക്തതയുള്ള പക്ഷം സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

9.ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ പിഴവു സംഭവിക്കുന്ന പക്ഷം ആയതിന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കും

10.എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിയ്ക്കുന്ന ചട്ടങ്ങൾ പാലിയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി. കെ. ജോസ്
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
ഫിനാൻസ് (യു.ഒ.നം. ഡെവ.1/245/2016 തീയതി 05/04/2017) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (02/05/18 ലെ ഐറ്റം നം. 2124)
കക്ഷത്തൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് - **ഖണ്ഡിക നം XVII** ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്) നം. 105/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 04/08/2018

പരാമർശം : 1) 17/08/2016 തീയതിയിലെ സ.ഉ.(എം.എസ്) നം. 118/2016/തസ്വഭവ.

2) കേരള മുൻസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ 20/09/2016 തീയതിയായി സമർപ്പിച്ച നിവേദനം.

3) കേരള സ്റ്റേറ്റ് മുൻസിപ്പൽ കോർപ്പറേഷൻ വർക്കേഴ്സ് ഫെഡറേഷൻ (AITUC) 27/09/2016 തീയതിയായി സമർപ്പിച്ച നിവേദനം.

4) കേരള മുൻസിപ്പൽ & കോർപ്പറേഷൻ വർക്കേഴ്സ് കോൺഗ്രസ് (INTUC) 24/10/2016 തീയതിയായി സമർപ്പിച്ച നിവേദനം.

5) നഗരകാര്യ ഡയറക്ടറുടെ 03/03/2017 തീയതിയിലെ ഇ 2-809/2015 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരമുള്ള മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ **ഖണ്ഡിക നം .XVII ചുവടെച്ചേർക്കുന്ന പ്രകാരം** ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"**യൂണിഫോം** : 3 ജോഡി അനുവദിച്ചിട്ടുള്ളത് 4 ജോഡിയായി അനുവദിക്കുന്നു. കൂടാതെ വനിതകൾക്ക് ഓവർകോട്ട് (ഒരു വർഷം നാലെണ്ണം) നൽകേണ്ടതാണ്. മാലിന്യം നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവർക്കുമാത്രം ഓരോ വർഷവും ഓരോ സെറ്റ് ഗംബൂട്ടും രണ്ട് വർഷത്തിൽ ഒരിക്കൽ ഒരു റയിൻകോട്ടും പ്രതിമാസം രണ്ട് ജോടി കയ്യുറയും അനുവദിക്കാവുന്നതാണ്"

2) ഒന്നാം പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്
ഡയറക്ടർ, കില, തൃശ്ശൂർ

നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ (കൊല്ലം / കൊച്ചി /'കോഴിക്കോട്)
എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ (ഡെവലപ്പ്മെന്റ് വിഭാഗം) വകുപ്പ് (DEV-I/95/2016-FIN dated 21/02/2018 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഇ 3/2100/2008/സിഇ/തസ്വഭവ

തീയതി: 06.08.2018

സർക്കുലർ

വിഷയം:- ജീവനക്കാർക്ക് അന്യായമായി അവധി അനുവദിക്കുന്നത് - സംബന്ധിച്ച്

ഈ വർഷത്തെ പദ്ധതി പ്രവർത്തനം സാങ്കേതികാനുമതി നൽകി, ഇപ്പോൾ ടെൻഡർ നടപടികളിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി നടത്തിക്കേണ്ടുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതലുള്ള ചില ഉദ്യോഗസ്ഥർ നിരുത്തരവാദപരമായി അവധിയിൽ പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതാണ്. ആകസ്മികാവധിയല്ലാത്ത അവധികൾ തൊട്ടുമുകളിലത്തെ നിയന്ത്രണാധികാരി അനുവദിക്കുമ്പോൾ ഇപ്രകാരം പദ്ധതി പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കില്ലായെന്ന് ടി നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഡിക്കൽ ലീവ് / മറ്റ് ലീവുകൾ യഥാർത്ഥത്തിൽ ആവശ്യമായതാണോ എന്ന് നിയന്ത്രണാധികാരി ഉറപ്പുവരുത്തേണ്ടതും സംശയം തോന്നുന്ന പക്ഷം ആയത് മെഡിക്കൽ ബോർഡിന് ശുപാർശ ചെയ്യേണ്ടതുമാണ്. ഇപ്രകാരം ദീർഘകാല അവധി നൽകുമ്പോൾ നിയന്ത്രണാധികാരികൾ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അനുമതി ലഭ്യമാക്കിയിരിക്കണം. പദ്ധതി പ്രവർത്തനം തടസ്സപ്പെടാതെയുള്ള അവധി ക്രമീകരണ നടപടിയെടുത്തതിനു ശേഷം മാത്രമേ നിയന്ത്രണാധികാരികൾ അവധി അനുവദിക്കാവൂ. അല്ലാത്തപക്ഷം പദ്ധതി പ്രവർത്തനത്തിൽ വീഴ്ചയുണ്ടായാൽ നിയന്ത്രണാധികാരി ആയതിന് ഉത്തരവാദിയായിരിക്കും. അത്തരം നിയന്ത്രണാധികാരികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- സംസ്ഥാനത്തെ നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒഴിവുകൾ നികത്തുന്നതിനായി കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 2326/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/08/2018.

പരാമർശം :- നഗരകാര്യ ഡയറക്ടറുടെ 20.08.2018 ലെ ഇ 5-18059/2011 നമ്പർ കത്ത്.

ഉത്തരവ്

നഗരകാര്യ വകുപ്പിൽ ഹെൽത്ത്ഓഫീസർ ഗ്രേഡ് 1,2 എന്നീ പ്രൊമോഷൻ തസ്തികയും ഹെൽത്ത് ജോയിന്റ് ഡയറക്ടർ എന്ന തസ്തികയും ഉൾപ്പെടെ അലോപ്പതി ഡോക്ടർമാരുടെ 19 തസ്തികകളാണുള്ളത്. ഇതിൽ തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം ആകെ 9, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെ ആകെ 16 ഒഴിവുകൾ വിവിധ ഗ്രേഡുകളിൽ നിലവിലുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകൾ കേന്ദ്രീകരിച്ചു ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഡോക്ടർമാരുടെ സേവനം ആവശ്യമായി വന്നിരിയ്ക്കുകയാണെന്നും അലോപ്പതി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശ പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെയുള്ള ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികകളിൽ നിലവിലുള്ള 16 ഒഴിവുകളിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമനം ഒരുവർഷത്തേക്കു കരാർ വ്യവസ്ഥയിലായിരിക്കണം.
2. പി.എസ്.സി യിൽ നിന്നും പുതിയ നിയമനം നടത്തുമ്പോഴോ ഈ ജീവനക്കാർ ഒരുവർഷം പൂർത്തിയാകുമ്പോഴോ ഏതാണോ ആദ്യം അപ്പോൾ ടി കരാർ അവസാനിപ്പിക്കേണ്ടതാണ്.
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എൻ.ആർ.എച്ച്.എം സ്കീം പ്രകാരം നിയമിക്കുന്ന ഡോക്ടർമാർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പ് നൽകുന്ന വേതനത്തിന് തുല്യമായ തുക നിയമനം ലഭിക്കുന്നവർക്ക് നൽകേണ്ടതാണ്.
4. വിവിധ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിഎന്നിവിടങ്ങളിലുള്ള ഒഴിവുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അർബൻ ഡയറക്ടർ,നഗരകാര്യ ഡയറക്ടറേറ്റ് ആരോഗ്യവിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
5. നിയമിക്കപ്പെടേണ്ടവരെ കേന്ദ്രീകൃത വ്യവസ്ഥയിൽ സെലക്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ച അസിസ്റ്റൻറ് സെക്രട്ടറി തസ്തികയുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ)നം. **147/ 2018/ തസ്വഭവ** തീയതി, തിരുവനന്തപുരം, **05/ 10/ 2018**

പരാമർശം : 1 സ.ഉ.(കൈ)നം 51/ 2013/ തസ്വഭവ, തീയതി 07.02.2013.

2 സ.ഉ.(കൈ) നമ്പർ 218/ 2013/ തസ്വഭവ, തീയതി 10.06.2013.

3 സ.ഉ.(കൈ) നമ്പർ 366/ 2013/ തസ്വഭവ, തീയതി 21.11.2013.

4 സ.ഉ.(കൈ) നമ്പർ 59/ 2014/ തസ്വഭവ, തീയതി 22.03.2014.

5 പഞ്ചായത്ത് ഡയറക്ടറുടെ 31.01.2017, 05.09.2018 എന്നീ തീയതികളിലെ ഇ 2-31404/ 16 നമ്പർ കത്തുകൾ.

ഉത്തരവ്

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പരാമർശം (1) പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ച് ഉത്തരവാകുകയും, പ്രസ്തുത തസ്തികയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (3) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി, സംസ്ഥാനത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർ ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ എസ്.സി / എസ്.ടി പദ്ധതികളുടെ Implementing Officer ചുമതല നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ ചേർത്തിരിക്കുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റൻറ് സെക്രട്ടറി തസ്തികയ്ക്ക് പുതുക്കി നിശ്ചയിച്ച്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ സ്വീകരിക്കൽ, അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറൽ, അന്വേഷണാനുസരണം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയ്ക്ക് സമർപ്പിക്കൽ, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങൽ, ഇവ അനുവദിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ എന്നിവ നടത്തുക. ഗ്രാമസഭയിൽ ഗുണഭോക്താക്കളുടെ വിവരം അവതരിപ്പിച്ച് അംഗീകാരം വാങ്ങുക, പെൻഷൻ വിതരണം സംബന്ധിച്ച കണക്കുകൾ, രേഖകൾ സൂക്ഷിക്കുക. തുടങ്ങി മുഴുവൻ ചുമതലകളും.

2. തൊഴിൽരഹിത വേതനം, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്നിവ സംബന്ധിച്ച അപേക്ഷ സ്വീകരിക്കലും അനുബന്ധ തുടർനടപടികളും.
3. ഗ്രാമപഞ്ചായത്തിലെ എസ്റ്റേറ്റ് ആഫീസർ എന്ന നിലയിൽ ആസ്തികളുടെ പൂർണ്ണ ചുമതല
4. കോടതികൾ, കമ്മീഷനുകൾ എന്നിവയിൽ സെക്രട്ടറി നേരിട്ട് ഹാജരാകേണ്ടതിനാൽ പരാമർശം (2) ഉത്തരവിലെ പിരിവ് (9) പ്രകാരം സെക്രട്ടറിയുടെ നിർദ്ദേശാനുസരണം വിവിധ കോടതികളിൽ ഹാജരാകുകയും വ്യവഹാരങ്ങളുടെ നടത്തിപ്പും എന്ന് നിർണയിച്ച് നൽകിയ ചുമതലകളിൽ നിന്ന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ഒഴിവാക്കുന്നു.
5. കേരളോത്സവവുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകൾ.
6. 1975 ലെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള ജീവനക്കാർ, ഹോണറേറിയം ജീവനക്കാർ, ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവരുടെ നിയന്ത്രണാധികാരി.

4. പരാമർശം (2), (3), (4) എന്നീ സർക്കാർ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്
ഗവ. അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നംപർ 135/EPA1/17/LSGD നംപർ ഫയലിലേക്ക്).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

നം.തസ്വഭവ-ഇആർഎ3/211/2018-തസ്വഭവ

തിരുവനന്തപുരം, തീയതി, 06.10.2018.

പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജീവനക്കാർ അപേക്ഷകൾ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

. . .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണ്. അതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹു. മന്ത്രിക്ക് നേരിട്ട് അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകുന്നു.

മേൽ നിർദ്ദേശം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനും നിർദ്ദേശം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ വകുപ്പ തലവന്മാർ സ്വീകരിക്കേണ്ടതാണ്.

കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 ഉത്തരവ്, 23.06.2017 ലെ OA(EKM) 825/2017 നം ഉത്തരവ്, 07.07.2017 ലെ OA(EKM) 457/2017 നം ഉത്തരവ്, 22.09.2017 ലെ OA(EKM) 1020/2017 നം ഉത്തരവ് എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തിക മാറ്റ നിയമനത്തിനുള്ള ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ടി ജീവനക്കാർക്ക് ഇതിനകം തസ്തികമാറ്റ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് അനുമതി നല്കിയും ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ (കൈ) നം. 158/2018/ത.സ്വ.ഭ.വ **തീയതി, തിരുവനന്തപുരം, 01/11/2018**

പരാമർശം : 1. സ.ഉ(പി) നം. 01/2014/ഉഭപവ തീയതി. 03/01/2014.
2. സ.ഉ(പി) നം. 21/2014/ഉഭപവ തീയതി. 19/07/2014.
3. 23.12.2014 ലെ 59989/ഇപിഎ 1/14/ തസ്വഭവ നം കത്ത്.
4. സ.ഉ(സാ.ധാ) നം. 671/2015/തസ്വഭവ തീയതി. 07/03/2015.
5. സ.ഉ(സാ.ധാ) നം. 49/2017/തസ്വഭവ തീയതി. 07/01/2017.
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ OA(EKM) 164, 232, 287, 345, 371, 390, 744, 874/2017 നമ്പർ ഉത്തരവ്.
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.06.2017 ലെ OA(EKM) 825/2017 നമ്പർ ഉത്തരവ്.
8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.07.2017 ലെ OA(EKM) 457/2017 നമ്പർ ഉത്തരവ്.
9. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.09.2017 ലെ OA(EKM) 1020/2017 നമ്പർ ഉത്തരവ്.

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവരിൽ നിന്ന് യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി ക്ലാർക്ക്/ എൽ.ഡി ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ തസ്തികമാറ്റം അനുവദിക്കുന്നതിനായി 10% ഒഴിവുകൾ നീക്കി വയ്ക്കാൻ

ഉത്തരവായിരുന്നു. പ്രൊബേഷൻ പ്രഖ്യാപിച്ചിരിക്കണമെന്നും താഴ്ന്ന തസ്തികകളിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ ഉത്തരവിന്റെ പ്രയോജനം പഞ്ചായത്ത് വകുപ്പിലെ എൾഡൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെടുന്നവർക്കും ബാധകമാക്കണമെന്ന ആവശ്യവുമായി ശ്രീമതി. രാധ മുതൽ പേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത TA 1025/13 നമ്പർ ഹർജിയിലെ 04.08.2014 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (1), (2) എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ളതും എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ട സീനിയോറിറ്റി ലിസ്റ്റിൽ എൾഡൈം കണ്ടിജന്റ് ജീവനക്കാരേയും ഉൾപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ പാലിച്ച് ടി കേസിലെ അപേക്ഷകർക്ക് അർഹതയുള്ള പക്ഷം എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും പരാമർശം (4) ലെ ഉത്തരവ് പുറപ്പെടുവിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പിലാക്കിയിരുന്നു.

പരാമർശം (2) ഉത്തരവിൽ തസ്തിക മാറ്റ നിയമനത്തിനുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള എൻടി കേഡറിലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തുകളിലെ എൾ ടൈം കണ്ടിജന്റ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ സ്പഷ്ടീകരണം നൽകിയിരുന്നു. തുടർന്ന് പഞ്ചായത്ത് വകുപ്പിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ സി.റ്റി.സൂരജ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 367/2015 കേസ്സിലെ 20.07.2015 ലെ ഉത്തരവിൽ പരാതിക്കാരന്റെ അനക്സർ എ 8 നിവേദനം നിയമാനുസൃതം പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിലെ എൾഡൈം കണ്ടിജന്റ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതല സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താമെന്ന പരാമർശം (3) ലെ സ്പഷ്ടീകരണം പിൻവലിക്കണമെന്നായിരുന്നു അനക്സർ എ 8 നിവേദനത്തിലെ ആവശ്യം. സർക്കാർ അക്കാര്യം വിശദമായി പരിശോധിക്കുകയും ഗ്രാമപഞ്ചായത്തുകളിലെ എൾഡൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാ തലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ച് കൊണ്ടും പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ എൾഡൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാ തലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും പരാമർശം (3) ലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തുകളിലെ എൾഡൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അപ്രകാരം തസ്തികമാറ്റ നിയമനങ്ങൾ ഇതിനകം

നൽകിയിട്ടുണ്ടെങ്കിൽ ടി നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച പരാമർശം (5) ലെ സർക്കാർ ഉത്തരവിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ടവർ സമർപ്പിച്ചിരുന്ന ഒരു കൂട്ടം ഹർജികളിൽ പരാമർശം (6) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിലും കൂടാതെ പരാമർശം (7). (8). (9) ലെ ഉത്തരവുകളിലും പരാമർശം (5) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും അപേക്ഷകരെയും ബന്ധപ്പെട്ട എല്ലാവരെയും നേരിൽ കേട്ട് അവരുടെ വിശദീകരണവും പരിശോധിച്ച് യുക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചു

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെയും ഇതുമായി ബന്ധപ്പെട്ട ഓഫീസ് അറ്റൻഡന്റുമാരേയും ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെടുന്നവരെയും നേരിൽ കേട്ടു കൂടാതെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA 1025/13 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (4) ലെ ഉത്തരവ് പ്രകാരം ഫുൾ ടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ തസ്തികമാറ്റ നിയമനത്തിന് അർഹതയുണ്ടെന്ന് ഉത്തരവാകുകയും ചെയ്തതിനാലും പ്രസ്തുത നിർദ്ദേശം നിലനിൽക്കേയാണ് പരാമർശം (5) ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാലും TA 1025/13 കേസിലെ കക്ഷികളെകൂടി നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും ഹാജരായവരെ നേരിൽ കേൾക്കുകയും ചെയ്ത തസ്തികമാറ്റത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഫുൾടൈം കണ്ടിജന്റ് വിഭാഗത്തെ ഒഴിവാക്കണമെന്ന് ഓഫീസ് അറ്റൻഡന്റ് വിഭാഗത്തിലുള്ളവരും ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി തസ്തികമാറ്റ നിയമനം അനുവദിക്കണമെന്ന് ഫുൾടൈം കണ്ടിജന്റ് വിഭാഗത്തിൽപ്പെട്ടവരും ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടു. ഇതിനകം തസ്തികമാറ്റം ലഭിച്ച് LD ക്ലാർക്കുമാരായിട്ടുള്ള ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ അപ്രകാരം അനുവദിച്ചിട്ടുള്ള തസ്തികമാറ്റ നിയമനങ്ങളിൽ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് അതാത് വകുപ്പുകളിലെ ക്ലാസ് IV / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർ എന്നിവർക്ക് പി.എസ്.സി മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിനു പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീനവക്കാർക്കും (എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ച നൽകുന്നതിന്, തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണമെന്നും അവർ താഴ്ന്ന തസ്തികയിൽ /തസ്തികകളിൽ മൂന്നു വർഷം സേവനം പൂർത്തീകരിച്ചിരിക്കണമെന്നുമുള്ള വ്യവസ്ഥകളോട് കൂടി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3), (4) എന്നിവ പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ വിഭാഗത്തിൽപ്പെട്ടവർ ഈ ആനുകൂല്യ പ്രകാരമുള്ള

തസ്തികമാറ്റത്തിന് അർഹമാണെന്ന് സ്പഷ്ടീകരണം നൽകുകയും ചെയ്തിരുന്നു. പഞ്ചായത്ത് വകുപ്പിൽ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ വിഭാഗത്തിലുള്ള ജീവനക്കാരെയും ഉൾപ്പെടുത്തി ഓഫീസ് അറ്റൻഡന്റുമാർ എന്നിവരോടൊപ്പം സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും തസ്തികമാറ്റം അനുവദിച്ചു നൽകിയിരുന്നു. ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം അനുവദിക്കുന്നതാണ് എന്ന് പരാമർശം (1) ലെ ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ തസ്തിക, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലോ സബോർഡിനേറ്റ് സർവ്വീസ് റൂളിലോ ഉൾപ്പെട്ട വരുന്നില്ല. അതിനാൽ തന്നെ എല്ലാ വകുപ്പുകൾക്കും ബാധകമാക്കി പുറപ്പെടുവിച്ചിരിക്കുന്ന മേൽ പറഞ്ഞ നിബന്ധനയോടെയുള്ള പരാമർശം (1) ലെ ഉത്തരവ് ഇവർക്ക് ബാധകമാക്കാൻ കഴിയില്ല എന്ന് കാണുന്നു.

ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് ജീവനക്കാർ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂൾസിലോ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള തസ്തിക മാറ്റ നിയമനത്തിന് അർഹരല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലാണ് പരാമർശം (5) ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾ ടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും തസ്തികമാറ്റ നിയമനം ഇതിനകം ആ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെങ്കിൽ ആ നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചത്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 180-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പരാമർശം (5) ലെ ഉത്തരവിന് പിൻകാല പ്രാബല്യം നൽകിയിട്ടില്ല. Retrospective effect നൽകാത്ത ഉത്തരവുകൾക്ക് Prospective effect ഉള്ളതായേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇപ്രകാരം നിയമിക്കപ്പെട്ട തസ്തികമാറ്റ നിയമനം റദ്ദാക്കിക്കൊണ്ട് റിവേർട്ട് ചെയ്യുന്ന ഉത്തരവുകളും അപ്രകാരം പുറപ്പെടുവിച്ചാൽ മതിയാകും. എന്നാൽ അവരുടെ നിയമനം നിയമാനുസൃതമല്ലായെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (5) ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ തസ്തികമാറ്റ നിയമനത്തിനായി തയ്യാറാക്കുന്ന ജില്ലാതലത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ലെന്ന പഞ്ചായത്ത് ഡയറക്ടർക്ക് പരാമർശം (3) പ്രകാരം നൽകിയിട്ടുള്ള സ്പഷ്ടീകരണം പിൻവലിച്ചുകൊണ്ടും പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാരെ ഒഴിവാക്കികൊണ്ട് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും പരാമർശം (3) ലെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തുകളിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് ജീവനക്കാർക്ക് അപ്രകാരം തസ്തികമാറ്റ നിയമനം ഇതിനകം

നൽകിയിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള നിയമനങ്ങൾ prospective effect ൽ മാത്രം റദ്ദ് ചെയ്യുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനകം ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിന്നും എൽ.ഡി ക്ലാർക്കായി നിയമനം ലഭിച്ചവരുടെ കാര്യത്തിൽ അവരുടെ നിയമനം നിയമാനുസൃതമല്ലായെന്ന് കണക്കാക്കേണ്ടതാണ്. എന്നാൽ പരാമർശം (4) ലെ ഉത്തരവിൽ പിൻകാല പ്രാബല്യം നൽകിയിട്ടില്ല എന്നതിനാലും Retrospective effect നൽകാത്ത ഉത്തരവുകൾക്ക് Prospective effect ഉള്ളതായേ കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും ഇവരുടെ തസ്തികമാറ്റ നിയമനം റദ്ദാക്കേണ്ടതും റദ്ദാക്കിക്കൊണ്ട് റിവേർട്ട് ചെയ്യുന്ന ഉത്തരവുകളും അപ്രകാരം പുറപ്പെടുവിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശങ്ങൾ (6) മുതൽ (9) വരെയുള്ള കേസുകളിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02.06.2017 ലെ പൊതു ഉത്തരവ് നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്

അഡീഷണൽ സെക്രട്ടറി

പരാമർശം (6) മുതൽ (9) വരെയുള്ള OA കളിലെ അപേക്ഷകർക്ക്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ,ഐ.കെ.എം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/84/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിലും പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ട് തസ്തികയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ)നം. **161/2018/തസ്വഭവ** തീയതി, തിരുവനന്തപുരം, **07/11/2018**

പരാമർശം : 1 സ.ഉ.(കൈ)നം 109/2017/തസ്വഭവ, തീയതി 05.06.2017.

2 പഞ്ചായത്ത് ഡയറക്ടറുടെ 21.06.2017 ലെ ഇ 8-19580/17 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിലും പരാമർശം (1) പ്രകാരം സൃഷ്ടിക്കപ്പെട്ട സീനിയർ സൂപ്രണ്ട് തസ്തികയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിലും പുതുതായി സൃഷ്ടിച്ച സീനിയർ സൂപ്രണ്ട് തസ്തികയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും യഥാക്രമം അനുബന്ധം - 1, അനുബന്ധം - 2, അനുബന്ധം - 3, എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിർണയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൽ.സിന്ധു
ഗവ. സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നംപർ 199/EPA1/17/LSGD നംപർ ഫയലിലേക്ക്).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം I

സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്

1. ജില്ലാപഞ്ചായത്തിന്റെ പ്ലാൻ കോ-ഓർഡിനേറ്റർ എന്ന നിലയിലുള്ള ചുമതലകൾ നിർവ്വഹിക്കുക. പുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കുക.
2. ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ മേൽനോട്ടവും ഏകോപന ചുമതലയും.
3. പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ.
4. വികേന്ദ്രീകൃത ആസൂത്രണ കോ - ഓർഡിനേഷൻ സമിതിയ്ക്ക് സമർപ്പിക്കേണ്ട പ്രപ്പോസലുകൾ തയ്യാറാക്കുന്നതിന്റെ മേൽനോട്ട ചുമതല.
5. എല്ലാ മാസവും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം പ്രസിഡന്റിന്റെ/സെക്രട്ടറിയുടെ നിർദ്ദേശാനുസരണം വിളിച്ച് ചേർക്കലും മിനിട്ട്സ് തയ്യാറാക്കലും സംബന്ധിച്ച മേൽനോട്ട ചുമതല.
6. ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന സംയോജിത പദ്ധതികളുടെ നടത്തിപ്പ് ചുമതല.
7. ജില്ലാപഞ്ചായത്ത് പദ്ധതി വരവ് ചെലവ് പുരോഗതി റിപ്പോർട്ട് തയ്യാറാക്കലും ചെലവ് ബില്ലുകളുടെ സൂക്ഷ്മ പരിശോധനയും സംബന്ധിച്ച തുടർനടപടികൾ.
8. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 3 മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണ അവലോകന യോഗങ്ങൾ സംഘടിപ്പിക്കലും പദ്ധതി നിർവ്വഹണ പുരോഗതി റിപ്പോർട്ട് തയ്യാറാക്കലും സംബന്ധിച്ച മേൽനോട്ടചുമതല.
9. ജില്ലാപഞ്ചായത്തിന്റെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കൽ മേൽനോട്ട ചുമതല.
10. ജില്ലാപഞ്ചായത്തിന്റെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഏകോപനവും മിനിറ്റ്സ് തയ്യാറാക്കലും സംബന്ധിച്ച മേൽനോട്ട ചുമതല.
11. ജില്ലാപഞ്ചായത്ത് ഘടക സ്ഥാപനങ്ങളുടെ ഏകോപന ചുമതല.
12. ജില്ലാ പഞ്ചായത്ത് സംഘടിപ്പിക്കുന്ന പരിശീലന/ഉദ്ഘാടന പരിപാടികളുടെ നടത്തിപ്പ് ചുമതല.
13. ജില്ലാപഞ്ചായത്ത് എസ്റ്റാബ്ലിഷ്മെന്റ്/കണ്ടിജന്റ് ചെലവ് ബില്ലുകളുടെ ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരം സൂക്ഷ്മ പരിശോധനയും തുടർനടപടികളും സംബന്ധിച്ച ചുമതല.
14. ജില്ലാപഞ്ചായത്തുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച മേൽനോട്ട ചുമതല.
15. ജില്ലാപഞ്ചായത്തിന്റെ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുക.
16. നിയമസഭാ ചോദ്യങ്ങൾ, വിവിധ നിയമസഭാ കമ്മിറ്റികൾ, സർക്കാർ ആവശ്യപ്പെടുന്ന അടിയന്തര റിപ്പോർട്ടുകൾ, വി.ഐ.പി തപാലുകൾ എന്നിവ സംബന്ധിച്ച സമയബന്ധിത തുടർനടപടി മേൽനോട്ട ചുമതല.

17. ജില്ലാ പഞ്ചായത്തിന്റെ ഇ-ഗവേണൻസിന്റെ നോഡൽ ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുക.

18. ജില്ലാ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള കാർഷിക ഫാമുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളും വരവ്-ചെലവുകൾ സംബന്ധിച്ച പരിശോധനയും തുടർനടപടിയും സംബന്ധിച്ച ചുമതലകൾ.

19. ജില്ലാ പഞ്ചായത്ത് ആസ്തികളുടെ എസ്റ്റേറ്റ് ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുക.

20. ജില്ലാ പഞ്ചായത്ത് വാഹനങ്ങളുടെ നിയന്ത്രണ ചുമതല.

21. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ ഓഡിറ്റുകളുടെയും ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികളുടെയും മേൽനോട്ട ചുമതല.

22. ജില്ലാ പഞ്ചായത്ത് സമാഹരിക്കുന്ന സ്ഥാവര/ജംഗമ വസ്തുക്കൾ സംബന്ധിച്ച ഫയലുകളുടെ പരിശോധന ചുമതലയും ആയത് കേരള സ്റ്റോർ പർച്ചേസ് മാന്വൽ/പ്രൊക്യൂർമെന്റ് മാർഗരേഖ/ജി.ഇ.എം/മറ്റ് നിയത ചട്ടങ്ങൾ എന്നിവ പ്രകാരമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ട ചുമതല.

23. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് (1) -ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരമുള്ള ജില്ലാ പഞ്ചായത്തിന്റെ പൊതുവായതും മേഖലാടിസ്ഥാനത്തിലുമുള്ളതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ നിയത നടപടികൾക്ക് മേൽനോട്ടം വഹിക്കുക.

24. കേരള ട്രഷറി കോഡ്, ഫിനാൻഷ്യൽ കോഡ്, പഞ്ചായത്ത് രാജ് ആക്ടും, ചട്ടങ്ങളും സർക്കാർ ഉത്തരവുകൾ എന്നിവയനുസരിച്ചുള്ള അക്കൗണ്ടിംഗ് സമ്പ്രദായം പാലിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശോധനയും നടത്തി സാമ്പത്തിക ഇടപാടുകൾ ഉള്ളതായ എല്ലാ ഫയലുകളും രജിസ്റ്ററുകളും സീനിയർ സൂപ്രണ്ട് പരിശോധിച്ച് ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കേണ്ട ചുമതല.

അനുബന്ധം II

സീനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

1. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ കോ - ഓർഡിനേറ്റർ എന്ന നിലയിൽ പദ്ധതി അംഗീകാരം, നിർവ്വഹണം എന്നിവയുടെ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തുകയും റിപ്പോർട്ട് യഥാവിധി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക.
2. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ മേൽനോട്ടവും ഏകോപനവും സംബന്ധിച്ച ചുമതല.
3. ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ നിർവ്വഹണം, പുരോഗതി വിലയിരുത്തൽ ചുമതല.
4. ജില്ലയിൽ നിന്നും വികേന്ദ്രീകൃത ആസൂത്രണ കോ - ഓർഡിനേഷൻ സമിതിയ്ക്ക് സമർപ്പിക്കേണ്ട പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന്റെ മേൽനോട്ട ചുമതല.
5. ജില്ലാ തലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന/ഉദ്ഘാടന പരിപാടികളുടെ നടത്തിപ്പ് ചുമതല.
6. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന സംയോജിത പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തൽ ചുമതല.
7. ഓഫീസിലെ ജീവനക്കാര്യം കണ്ടിജന്റ് ചെലവ് എന്നിവ സംബന്ധിച്ച വിഷയങ്ങളുടെ മേൽനോട്ട ചുമതല.
8. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വരവ് ചെലവ് വിശദാംശങ്ങൾ പരിശോധിച്ച് ജില്ലാതല പദ്ധതി പുരോഗതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മേൽനോട്ട ചുമതല.
9. ജില്ലയിലെ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികളുടെ മോണിറ്ററിംഗും തുടർനടപടികളും സംബന്ധിച്ച ചുമതല.
10. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളുടെ അന്വേഷണ തുടർനടപടി മേൽനോട്ടചുമതല.
11. ജില്ലയിൽ ഗ്രാമപഞ്ചായത്തുകളുടെ ഇ-ഗവേണൻസ് നോഡൽ ഓഫീസർ എന്ന നിലയിൽ പ്രവർത്തിക്കുക.
12. ഓഫീസിന്റെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിൽ ചുമതലകൾ നിർവ്വഹിക്കുക.
13. നിയമസഭാ ചോദ്യങ്ങൾ, വിവിധ നിയമസഭാ കമ്മിറ്റികൾ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ, സർക്കാരും പഞ്ചായത്ത് ഡയറക്ടറും ആവശ്യപ്പെടുന്ന അടിയന്തര റിപ്പോർട്ടുകൾ, വി.ഐ.പി തപാലുകൾ എന്നിവ സംബന്ധിച്ച് സമയബന്ധിത തുടർനടപടി മേൽനോട്ട ചുമതല.
14. ഭരണജാഗ്രതയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കലും തുടർനടപടികളും സംബന്ധിച്ച മേൽനോട്ട ചുമതല.
15. ഓഫീസുമായി ബന്ധപ്പെട്ട വിവിധ ഓഡിറ്റുകളുടെയും ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികളുടെയും മേൽനോട്ട ചുമതല.
16. സാമ്പത്തിക ഇടപാടുകൾ ഉള്ളതായ എല്ലാ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ട ചുമതല.
17. ഗ്രാമപഞ്ചായത്തുകളുടെ വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി കളക്ഷൻ, സഞ്ചയ സോഫ്റ്റ് വെയർ കാലികമാക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഇത് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിനുള്ള മേൽനോട്ട ചുമതല.

18. ഭരണ റിപ്പോർട്ട് തയ്യാറാക്കൽ, പൗരാവകാശരേഖ പരിഷ്കരണം ഓരോ സെക്ഷന്റെയും ചുമതലകൾ നിശ്ചയിച്ച് ഓഫീസ് ഉത്തരവ് നൽകൽ, ഓഫീസ് ജീവനക്കാരുടെ ചുമതല കൈമാറ്റം എന്നിവ സംബന്ധിച്ച മേൽനോട്ട ചുമതല.
19. പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ച് ചേർത്ത് അവലോകന റിപ്പോർട്ട് തയ്യാറാക്കേണ്ട ചുമതല.
20. ഓഫീസ് നടപടിക്രമ മാന്വലിൽ (എം.ഒ.പി) നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള മിനിസ്റ്റീരിയൽ തലവനായി പ്രവർത്തിക്കുകയും ഓഫീസിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
21 ജീവനക്കാരുടെ ഹാജർ പുസ്തകം, മൂവ്മെന്റ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ , പേഴ്സണൽ കാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവയുടെ കസ്റ്റോഡിയനും കാര്യകർത്താവും ആയിരിക്കുന്നതാണ്.
22. മേലധികാരികളുടെ അഭാവത്തിൽ ഭരണപരമായ നടപടികൾ യഥാവിധി നടത്തുക.
23. കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കലും തുടർനടപടി സ്വീകരിക്കലും സംബന്ധിച്ച മേൽനോട്ട ചുമതല.
24. ഗ്രാമപഞ്ചായത്തുൾ സമർപ്പിക്കുന്ന ബൈലകൾ, വസ്തു ആർജ്ജിക്കുന്നതിനും കയ്യൊഴിക്കുന്നതിനും സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ എന്നിവ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള മേൽനോട്ടചുമതല.

അനുബന്ധം III

സീനിയർ സൂപ്രണ്ട്, ഡി.ബി.റ്റി സെൽ, പഞ്ചായത്ത് ഡയറക്ടറേറ്റ്.

1. സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ തുക, അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർചെയ്യുന്നതുമായി ബന്ധപ്പെട്ട് ഐ.കെ.എം പ്രോസസ്സ് ചെയ്ത് നൽകുന്ന രേഖകളുടെ സൂക്ഷ്മ പരിശോധന, തുക ട്രാസ്ഫർ ചെയ്യൽ, അനുബന്ധ ജോലികൾ എന്നിവയുടെ മേൽ നോട്ടം വഹിക്കുക.
2. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുമായി ബന്ധപ്പെട്ട വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളുടെ പരിശോധനയും മറുപടി തയ്യാറാക്കുന്നതിനും മേൽനോട്ടം വഹിക്കുക.
3. സർക്കാർ, ഐ.കെ.എം, മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന കത്തുകൾ/ ഇ-മെയിലുകൾ എന്നിവ പ്രോസസ്സ് ചെയ്യുക, മറുപടി തയ്യാറാക്കുക എന്നിവയുടെ മേൽനോട്ടം.
4. ഓരോ ഇനം പെൻഷന്റെയും തരംതിരിച്ചുള്ള കണക്ക് പൊരുത്തപ്പെടുത്തുക, മാസാന്ത്യ കണക്ക് തയ്യാറാക്കുക, കാഷ്ബുക്ക് തയ്യാറാക്കൽ എന്നിവയുടെ മേൽനോട്ടചുമതല.
5. പരാതികൾ, അപ്പീലുകൾ എന്നിവയുടെ പരിശോധനയും മറുപടിനൽകുന്നതിനും മേൽ നോട്ടം വഹിക്കുക.
6. ഫോൺമുഖാന്തിരവും നേരിട്ടും പൊതുജനങ്ങൾ നടത്തുന്ന അന്വേഷണത്തിന് മറുപടി നൽകുന്നുവെന്ന് ഉറപ്പുവരുത്തുക.
7. മേൽ വിഭാഗത്തിൽപ്പെടാത്തതും ഡി.ബി.റ്റി സെല്ലുമായി ബന്ധപ്പെട്ടവയുമായ കത്തുകളുടെ പരിശോധനയും മറുപടി തയ്യാറാക്കലിനും മേൽ നോട്ടം വഹിക്കുക.
8. സർക്കാരിൽ നിന്നും ഉന്നത ഉദ്യോഗസ്ഥരിൽ നിന്നും യഥാസമയം ലഭ്യമാകുന്ന മറ്റ് ജോലികൾ നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.
9. പഞ്ചായത്ത് വകുപ്പിലെ NPS ന്റെ മേൽനോട്ട ചുമതല.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - 2019 വർഷത്തേയ്ക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ.(അച്ചടി) നം.175/2018/ധന. തിരുവനന്തപുരം, തീയതി :12/11/2018

പരാമർശം:- 1) 23.11.2010 തീയതിയിലെ സ.ഉ(പി) നമ്പർ 616/2010/ധന
2) 04.11.2011 തീയതിയിലെ സ.ഉ(പി) നമ്പർ 504/2011/ധന
3) 03.11.2012 തീയതിയിലെ സ.ഉ(പി) നമ്പർ 606/2012/ധന
4) 17.04.2013 തീയതിയിലെ സ.ഉ(പി) നമ്പർ 176/2013/ധന
5) 13/11/2013 തീയതിയിലെ സ.ഉ(പി) നമ്പർ 555/2013/ധന
6) 17/11/2014 തീയതിയിലെ സ.ഉ(പി) നമ്പർ 507/2014/ധന
7) 19/11/2015 തീയതിയിലെ സ.ഉ(പി) നമ്പർ 526/2015/ധന
8) 30/09/2016 തീയതിയിലെ സ.ഉ(പി) നമ്പർ 144/2016/ധന
9) 21/10/2017 തീയതിയിലെ സ.ഉ(പി) നമ്പർ 133/2017/ധന
10) 26.10.2018 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ്വ/ജി.പി.എ.ഐ.എസ്/എം.3/റ്റി 001812844 നമ്പർ കത്ത്.

ഉത്തരവ്

ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തിലെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത്-മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 9 പ്രകാരം ടി പദ്ധതി 2018 വർഷത്തേക്ക് ദീർഘിപ്പിച്ച്

ഉത്തരവായിരുന്നു. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി എന്നിവിടങ്ങളിലെ ജീവനക്കാർ യഥാക്രമം 850/-, 550/- രൂപ എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിൽ വരിസംഖ്യ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാർ 400 രൂപ എന്ന ക്രമത്തിലുമാണ് വാർഷിക പ്രീമിയം തുക അടച്ചുവരുന്നത്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. മേൽപ്പറഞ്ഞ പദ്ധതിയുടെ കാലാവധി 31.12.2018-ന് അവസാനിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ ടി പദ്ധതി 01.01.2019 മുതൽ 31.12.2019 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം 10 പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ താഴെപറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി(ജി.പി.എ.ഐ.എസ്) 01.01.2019 മുതൽ 31.12.2019 വരെ പുതുക്കി നടപ്പാക്കുന്നതിനും ഉത്തരവാകുന്നു.

i. നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ കെ.എസ്.ഇ.ബി ജീവനക്കാർ, കെ.എസ്.ആർ.ടി.സി ജീവനക്കാർ, എന്നിവരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ യഥാക്രമം 850/- രൂപ, 550/- രൂപ, എന്ന ക്രമത്തിലും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവ ഒടുക്കിവരുന്നവരുമായ മറ്റ് ജീവനക്കാരുടെ വാർഷിക പ്രീമിയം തുക സർവ്വീസ് ടാക്സ് ഉൾപ്പെടെ 400/- രൂപ എന്ന ക്രമത്തിലും തുടരുന്നതാണ്.

ii. വാഗ്ദത്ത തുക 10 ലക്ഷം രൂപയായി തുടരുന്നതാണ്.

iii. അപകട തീയതി മുതൽ ഒരു വർഷം കാലയളവിനുള്ളിൽ അപകടവിവരം റിപ്പോർട്ട് ചെയ്തിട്ടില്ല എന്നത് ഒഴിച്ച് അപേക്ഷകന് മറ്റെല്ലാതരത്തിലും ക്ലെയിമിന് അർഹതയുണ്ടെങ്കിൽ,അപേക്ഷകൻ/നാമനിർദ്ദേശംചെയ്യപ്പെട്ടയാൾ/ ആശ്രിതർ/ചുമതലപ്പെട്ട മറ്റാരെങ്കിലും -നെ നേരിൽ കേട്ടശേഷം ന്യായയുക്തമായ കാരണങ്ങളാലാണ് അപകടം യഥാസമയം റിപ്പോർട്ട് ചെയ്യാത്തതെന്ന് ഇൻഷ്വറൻസ് ഡയറക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം അത്തരം ക്ലെയിമുകളും ഇൻഷ്വറൻസ് ഡയറക്ടർ തന്നെ തീർപ്പാക്കേണ്ടതും അല്ലാത്തവ

നിരസിക്കേണ്ടതുമാണ്. ഇൻഷ്വറൻസ് ഡയറക്ടർ നിരസിക്കുന്ന പക്ഷം, അപ്പീൽ അപേക്ഷ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. പരാമർശം 9 ലെ ഉത്തരവിന്റെ ഖണ്ഡിക (iii) ഈ രീതിയിൽ ഭേദഗതി ചെയ്യുന്നു.

iv. കെ.എസ്.ഇ.ബി, റെയിൽവെ എന്നിവയുടെ ഉടമസ്ഥ പരിധിയിലുള്ള മേഖലകളിൽ കയറുന്നതു മൂലം ഉണ്ടാകുന്ന അപകടങ്ങൾ ഉൾപ്പടെ നിയമം തെറ്റിച്ചുണ്ടാകുന്ന യാതൊരു അപകടത്തിനും ക്ലെയിമിനുള്ള അർഹതയുണ്ടായിരിക്കുന്നതല്ല.

v. ജി.പി.എ.ഐ.എസ് ക്ലെയിമിനുള്ള അപ്പീൽ അപേക്ഷ സർക്കാർ നിരസിക്കുന്ന പക്ഷം അപേക്ഷകന് ഇൻഷ്വറൻസ് ഓംബുഡ്സ്മാനെ സമീപിക്കാമെന്ന് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12 ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് തന്റെ അധികാര പരിധിയിൽ വരുന്നതല്ലായെന്നു ഓംബുഡ്സ്മാൻ തന്നെ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രസ്തുത ഭാഗം നീക്കം ചെയ്യുന്നു. കൂടാതെ ഈ വിഷയത്തിൻമേലുള്ള സർക്കാർ തീരുമാനം അന്തിമമായിരിക്കും.

vi. 2019 വർഷത്തേയ്ക്കുള്ള പ്രീമിയം 2018 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവുചെയ്ത് ഡിസംബർ 31-നുള്ളിൽ "8658-102-88-suspense account – GPAI Fund" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ പ്രീമിയം 2018 ഡിസംബർ 31 നകം നേരിട്ട് ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഈ വിഭാഗക്കാരുടെ ഇൻഷ്വറൻസ് പ്രീമിയം യഥാസമയം ട്രഷറിയിൽ ഒടുക്കിയില്ലെങ്കിൽ ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. ഇൻഷ്വറൻസ് പരിരക്ഷ ആഗ്രഹിക്കുന്ന ജീവനക്കാർ അവരുടെ ഇൻഷ്വറൻസ് പ്രീമിയം യഥാസമയം ഒടുക്കിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

എല്ലാ വകുപ്പു മേധാവികളും, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഓഫീസർമാരും ഈ പദ്ധതി സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ പ്രചാരണം നൽകേണ്ടതും, ഈ സർക്കാർ ഉത്തരവ് അവരുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതും ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത

കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും, ഉൾപ്പെടുത്തിയവരുടെ ഇൻഷ്വറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത സ്ട്രോയിംഗ് ആന്റ് ഡിസ്ബേഴ്സിങ് ഉദ്യോഗസ്ഥർ/സെൽഫ് സ്ട്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിഷിപ്തമാണ്.

എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938 ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

പദ്ധതിയിൽ നിലവിലുള്ള മറ്റെല്ലാ വ്യവസ്ഥകളും സൂചനകളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം മാറ്റമില്ലാതെ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

മനോജ് ജോഷി

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ
സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി,തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)

സെക്രട്ടറി, ഓംബുഡ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/
ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ,ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രേറിയിലേയും ശിശു മന്ദിരങ്ങളിലെയും ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം. 5/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 10/01/2019

പരാമർശം: 1 സ.ഉ.(എം.എസ്) നം. 87/2017/തസ്വഭവ തീയതി 24/04/2017.

2. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2018, 26.09.2018 തീയതികളിലെ ഇ 9-27122/16 നമ്പർ കത്തുകൾ

ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടി പ്രകാരം പ്രവർത്തിക്കുന്ന സാംസ്കാരികനിലയം, ശിശുമന്ദിരം, എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 12,000/- രൂപയായും ആയമാർക്ക് 8,000/- രൂപയായും 01012017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സർക്കാരിന്റെ വിവിധ പദ്ധതികളിൽ നിർമ്മിച്ച മറ്റ് സ്ഥാപനങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രസ്തുത ഉത്തരവിന്റെ ഗുണഫലം ലഭിക്കുന്നില്ലെന്നും ടി ജീവനക്കാരുടെ ഓണറേറിയവും സമാനമായി വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ച് സർക്കാരിൽ നിവേദനം ലഭിച്ചു മറ്റു മേഖലകളിൽ കാലാകാലങ്ങളിൽ വേതനവർദ്ധനവ് അനുവദിക്കുമ്പോൾ വളരെ കാലമായി യാതൊരു വേതന വർദ്ധനവും ലഭിക്കാതെ സേവനമനുഷ്ഠിച്ചുവരുന്ന മേൽ ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമാണെന്നും ഗ്രാമീണ മേഖലകളിൽ സാംസ്കാരിക രംഗത്തും ശിശുപരിചരണ രംഗത്തും സമഗ്രമായ സംഭാവനകൾ നൽകുന്ന ടി സ്ഥാപനങ്ങൾ നിലനിൽക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രറികളിലെ ലൈബ്രേറിയൻമാർ, ശിശു മന്ദിരങ്ങളിലെ നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് സമാന തസ്തികകളിൽ തുല്യജോലി നോക്കുന്ന ജീവനക്കാർക്ക് അനുവദിച്ചതിന്റെ അനുപാതത്തിൽ ഓണറേറിയം വർദ്ധനവ് അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം (1) ലെ ഉത്തരവിന് തത്തുല്യമായി സ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമല്ലാതെ ആരംഭിച്ച ലൈബ്രറിയിലേയും ശിശു മന്ദിരങ്ങളിലെയും ലൈബ്രേറിയൻമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ ഓണറേറിയം 12,000/- രൂപയായും ആയമാർക്ക് 8,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ടും ഇതിലേയ്ക്കാവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർക്ക് അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഓണറേറിയം വർദ്ധനവിന് 01012017 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ. ബി

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (ഫയൽ നം.ഡെവ-1/ 168/ 2018 തീയതി, 13/ 12/ 2018.)
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. 98/ഇപിഎ 2/ 2017/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്
പരിപത്രം

നം.ഉപ.സി. 3/ 141/ 2017/ ഉഭപവ തിരുവനന്തപുരം, തീയതി 18.01.2019

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 1) 20.12.2017 -ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
2) 01.06.2018-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
3) 30.10.2018-ലെ ഉപസി3/ 141/ 2017/ ഉഭപവ നമ്പർ പരിപത്രം.
4) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 20.12.2018-ലെ R& A IV(2) 50001/ 18-KPSC നം.കത്ത്.

സൂചന (1) പരിപത്രം പ്രകാരം വകുപ്പ മേധാവികളും/നിയമനാധികാരികളും പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ 01.01.2018 മുതൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന മാത്രം പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പരിപത്രം പ്രകാരം ഒഴിവുകൾ e-vacancy software മുഖേന റിപ്പോർട്ട് ചെയ്യേണ്ട രീതി സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. എല്ലാ വകുപ്പുകളും e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ അറിയിക്കുവാൻ സജ്ജരാകാത്ത സാഹചര്യത്തിൽ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നും കേരള പി.എസ്.സിയിലേക്ക് നിലവിലുള്ള രീതിയിൽ (Tappal/E-mail/E-vacancy) ഒഴിവുകൾ സ്വീകരിക്കുന്ന തീയതി 30.09.2018 വരെയും, തുടർന്ന് ഒഴിവുകൾ e-vacancy software സംവിധാനത്തിലൂടെ റിപ്പോർട്ട് ചെയ്യുമ്പോൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തി അതിനു പകരം OTP (One Time Password) സംവിധാനം ഉപയോഗിച്ച് കൊണ്ട് ഒരു ഏകജാലക സംവിധാനമെന്ന രീതിയിൽ പരിഷ്കരിക്കുവാൻ കമ്മീഷൻ നടപടി സ്വീകരിച്ചു വരുന്നതിനാൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 31.12.2018 വരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ച വിവരം സൂചന 2,3 സർക്കുലറുകളിലൂടെ എല്ലാ വകുപ്പ മേധാവികളെയും/ നിയമനാധികാരികളെയും അറിയിച്ചിരുന്നു.

3. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള e-vacancy software സംവിധാനത്തിൽ 'ഡിജിറ്റൽ ഒപ്പ്' എന്നതിന് പകരം, OTP സംവിധാനം ഉപയോഗിക്കുന്നത് സംബന്ധിച്ച് സോഫ്റ്റ് വെയറിൽ പരിഷ്കാരം വരുത്തുന്നതിന്റെ ഭാഗമായുള്ള വ്യവസ്ഥകൾ

ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നതായി സൂചന 4 കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രിതിയിൽ (Tappal/e-mail/e-vacancy) ഒഴിവുകൾ സ്വീകരിക്കുന്നത് 30.06.2019 വരെ പബ്ളിക് സർവ്വീസ് കമ്മീഷൻ ദീർഘിപ്പിച്ചിട്ടുണ്ടെന്ന വിവരം എല്ലാ വകുപ്പ മേധാവികളെയും/നിയമനാധികാരികളെയും അറിയിക്കുന്നു.

4. കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ e-vacancy software മുഖേന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ഒഴിവുകൾ e-vacancy software മുഖേന പി.എസ്.സിയെ അറിയിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

5. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അതത് വകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും (കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിയ്ക്കുന്നതിനായി)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
(www.pard.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പബ്ലിക് സർവ്വീസസ്—കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർമാർക്ക് പൊതുവായ യൂണിഫോം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (കൈ.) നമ്പർ 1/2019/ഉ.പ.ഭ.വ. *തിരുവനന്തപുരം, 2019 ജനുവരി 21.*

പരാമർശം:—(1) സ. ഉ. (പി.) നമ്പർ 120/1973/പി. ഡി. തീയതി 30-4-1973.

(2) സ. ഉ. (പി.) നമ്പർ 23/2003/ഉ.ഭ.പ.വ. തീയതി 14-8-2003.

(3) സ. ഉ. (കൈ.) നമ്പർ 393/2016 (27)/ധന. തീയതി 6-10-2016.

(4) സർക്കുലർ നമ്പർ 38/2017/ധന. തീയതി 23-5-2017.

(5) സ. ഉ. (കൈ.) നമ്പർ 430/2017/ധന. തീയതി 26-9-2017.

(6) കേരള എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറിയുടെ 14-11-2017-ലെ നിവേദനം.

(7) സ. ഉ. (കൈ.) നമ്പർ 4/2018/ധന. തീയതി 3-1-2018.

(8) കേരള ഗവൺമെന്റ് ഡ്രൈവേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 23-3-2018-ലെ 123/2018 നമ്പരിലുള്ള നിവേദനം.

ഉത്തരവ്

ധനകാര്യ വകുപ്പിന് കീഴിലുള്ള ഡ്രൈവർമാർക്ക് കറുപ്പ് നിറത്തിലുള്ള പാന്റ്സ്, വെള്ള നിറത്തിലുള്ള ഷർട്ട് എന്ന രീതിയിൽ യൂണിഫോം നിശ്ചയിച്ച് പരാമർശം (5), (7) എന്നിവപ്രകാരം ഉത്തരവായിരുന്നു.

2. സമാനമായ രീതിയിൽ എല്ലാ സർക്കാർ വകുപ്പുകളിലെയും കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർമാർക്ക് പൊതുവായ യൂണിഫോം നിശ്ചയിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (6), (8) എന്നിവപ്രകാരം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ പ്രത്യേകമായി പരാമർശിച്ചതൊഴികെയുള്ള (എൻ. സി. സി., വിനോദസഞ്ചാരം, പോലീസ്, എക്സൈസ്, സൈനികക്ഷേമം, ആഭ്യന്തരം) എല്ലാ വകുപ്പുകളിലെയും കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർ (Medium, Heavy Passenger, Goods Vehicle), ഡ്രൈവർ (Light Motor Vehicle) തസ്തികയുടെ യൂണിഫോം കറുപ്പ് നിറത്തിലുള്ള പാന്റ്സ്, വെള്ള നിറത്തിലുള്ള ഷർട്ട് എന്ന രീതിയിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

4. യൂണിഫോം അലവൻസിന് അർഹതയുള്ള എല്ലാ ഡ്രൈവർമാരും ഡ്യൂട്ടി സമയത്ത് യൂണിഫോം നിർബന്ധമായും ധരിക്കേണ്ടതാണ്. പരാമർശം (4)-ലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും യൂണിഫോം അലവൻസ് അനുവദിക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
സെക്രട്ടറി.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവർക്ക് പ്രൊമോഷനും മിനിമം പെൻഷനും അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ (എം.എസ്) നം. 21/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 11/02/2019

പരാമർശം : 1. സ.ഉ(എം.എസ്) നം. 28/2018/തസ്വഭവ തീയതി. 24/02/2018.
2. പഞ്ചായത്ത് ഡയറക്ടറുടെ 01.12.2018 ലെ ഇ 9-10608/18 നം. കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പതിനൊന്നിന പരിപാടി പ്രകാരം ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ടവരുമായ ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ 35% തസ്തികകൾ ഫുൾടൈം കണ്ടിജന്റ് തസ്തികകളായി ഉയർത്തി അവരുടെ നിലവിലുള്ള സ്ഥാപനങ്ങളിൽ തന്നെ തുടരാൻ അനുവദിച്ച് മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പഞ്ചായത്ത് വകുപ്പിൽ ഫുൾടൈം കണ്ടിജന്റ് തസ്തികയിൽ ഫുൾടൈം സ്വീപ്പർ തസ്തിക മാത്രമേ നിലവിലുള്ളൂവെന്നും പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായ ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ 35% തസ്തിക ഫുൾടൈം കണ്ടിജന്റ് തസ്തികയായി മാറ്റുമ്പോൾ ടി ജീവനക്കാരെ ഫുൾടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് മാത്രമേ മാറ്റാനാകുവെന്നും ആയതിനാൽ ഇക്കാര്യത്തിലും 35% തസ്തികകൾ ഫുൾടൈം കണ്ടിജന്റ് തസ്തികകളായി ഉയർത്തുമ്പോൾ ടി ജീവനക്കാർക്ക് അനുവദിക്കേണ്ട ശമ്പളസ്കെയിൽ സംബന്ധിച്ചും സ്പഷ്ടീകരണം നല്കണമെന്നും കൂടാതെ ടി ഫുൾടൈം ജീവനക്കാർ ഇപ്പോൾ ചെയ്യുന്ന ജോലി പൂർണ്ണസമയം ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു

സർക്കാർ ഇക്കാര്യം പരിശോധിച്ചു പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ട ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ 35% തസ്തികകൾ ഫുൾടൈം കണ്ടിജന്റ് തസ്തികകളായി ഉയർത്തി അവരുടെ നിലവിലുള്ള സ്ഥാപനങ്ങളിൽ തന്നെ തുടരാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ഫുൾടൈം കണ്ടിജന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നവർക്ക് ഫുൾടൈം കണ്ടിജന്റ് തസ്തികയുടെ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്നും അപ്രകാരം ഫുൾടൈം

കണ്ടിജന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് അവർ ഇപ്പോൾ ചെയ്യുന്ന ജോലി പൂർണ്ണസമയം ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തപ്പെട്ട ലൈബ്രേറിയന്മാർ, ആയമാർ, നഴ്സറി ടീച്ചർമാർ എന്നിവരുടെ 35% തസ്തികകൾ ടി ജീവനക്കാരുടെ സംസ്ഥാനതലത്തിലെ സീനിയോറിറ്റി നിർണയിച്ച് ഫുൾടൈം കണ്ടിജന്റ് തസ്തികകളായി ഉയർത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദേശം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്

അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെ ബ്സൈറ്റിൽ
പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/467/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

2016 - 2017 ൽ മികച്ച ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് പുരസ്കാരം നകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.പി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.324/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/02/2019

പരാമർശം:- 1 06.02.2016-ലെ 7/ഇപിബി1/2016/തസ്വഭവ നമ്പർ പരിപത്രം.

2 പഞ്ചായത്ത് ഡയറക്ടറുടെ 12.02.2018 ലെ ജി2-30753/17 നമ്പർ കത്ത്

ഉത്തരവ്

2016 - 2017 ൽ മികച്ച ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.ജി.അനിൽ കുമാർ, മികച്ച രണ്ടാമത്തെ ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട എറണാകുളം ജില്ലാ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ധനകാര്യ വകുപ്പിലെ അഡിഷണൽ സെക്രട്ടറി ശ്രീ.കെ.കെ.അബ്ദുൽ റഷീദ് എന്നിവർക്ക് പുരസ്കാരം നൽകുവാൻ അനുവാദം നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

2. ശ്രീ.ജി.അനിൽ കുമാർ, ശ്രീ.കെ.കെ.അബ്ദുൽ റഷീദ് എന്നിവർ പരാമർശം (1) ലെ പരിപത്രത്തിലെ 1,2 നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട്.

3. പരിപത്രത്തിലെ 4 - ാം നിർദ്ദേശ പ്രകാരം, 2016 - 2017 ൽ മികച്ച ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ.ജി.അനിൽ കുമാർ, മികച്ച രണ്ടാമത്തെ ജില്ലാ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട എറണാകുളം ജില്ലാ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ധനകാര്യ വകുപ്പിലെ അഡിഷണൽ സെക്രട്ടറി ശ്രീ.കെ.കെ.അബ്ദുൽ റഷീദ് എന്നിവർക്ക് 2019 ൽ നടക്കുന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ വച്ച് പുരസ്കാരം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ബി
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,തിരുവനന്തപുരം/തൃശ്ശൂർ

3. ഡയറക്ടർ,ഐ.കെ.എം., തിരുവനതപുരം
4. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലി ചെയ്യുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 01.04.2019 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം. 445/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 27.02.2019

പരാമർശം:- 1. സ.ഉ (സാധാ) നം.741/2012/ തസ്വഭവ തീയതി, 13-03-2012.
2. സ.ഉ (സാധാ) നം.1108/2016/ തസ്വഭവ തീയതി, 03-03-2016.
3. സ.ഉ (സാധാ) നം.756/2017/ തസ്വഭവ തീയതി, 18-03-2017.
4. സ.ഉ (സാധാ) നം.571/2018/ തസ്വഭവ തീയതി, 27-02-2018.
5. പഞ്ചായത്ത് ഡയറക്ടറുടെ 16.02.2019-ലെ ഇ 3-25720/16 നമ്പർ റിപ്പോർട്ട്

ഉത്തരവ്

പരാമർശം (1) – ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വീതം നിയമിക്കുന്നതിന് അനുമതി നല്കി സർക്കാർ ഉത്തരവായിരുന്നു . തുടർന്ന് കാലാകാലങ്ങളിൽ ഇവരുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. പരാമർശം (4)-ലെ സർക്കാർ ഉത്തരവു പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 01.04.2018 മുതൽ 31.03.2019 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു.

2) പരാമർശം (5) പ്രകാരം, ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനകാലാവധി 2019 മാർച്ച് 31-ന് അവസാനിക്കുകയാണെന്നും ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം നിലവിലുള്ള അതേ കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകണം വിഷയം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനകാലാവധി, നിലവിലുള്ള അതേ കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 01.04.2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി.എം.ആർ
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) ,കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Anjula
സെക്ഷൻ ഓഫീസർ.

2. ലൈസൻസുകൾ

[Translation in English of "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ്" published under the authority of the Governor.]

ACT 14 OF 2018

THE KERALA INVESTMENT PROMOTION AND FACILITATION (NO. 2) ACT, 2018

An Act to give effect to certain proposals of the Government of Kerala to avoid delay in granting various licences, permissions, approvals, clearances required under various enactments and to provide for other matters connected therewith or incidental thereto.

Preamble.—WHEREAS, it is expedient to give effect to certain proposals of the Government of Kerala to avoid delay in granting various licences, permissions, approvals, clearances required under various enactments and to provide for other matters connected therewith or incidental thereto;

BE it enacted in the Sixty-ninth Year of the Republic of India, as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Investment Promotion and Facilitation (No. 2) Act, 2018.

(2) It shall be deemed to have come into force on the 20th day of October, 2017.

2. *Amendment of Act 13 of 1994.*—In the Kerala Panchayat Raj Act, 1994 (13 of 1994),—

(1) in section 232,—

(a) for the heading "DANGEROUS AND OFFENSIVE TRADES AND FACTORIES" before the said section, the heading "INDUSTRIES, FACTORIES, TRADES, ENTREPRENEURSHIP ACTIVITIES AND OTHER SERVICES" shall be substituted;

(b) in sub-section (1), the words "being purposes which in the opinion of Government is likely to be offensive or dangerous to human life or health or property" shall be omitted;

(2) in section 233,—

(a) in sub-section (2), after the word "Secretary", the words "or officer authorized by the Secretary" shall be inserted;

(b) after sub-section (2), the following sub-section shall be inserted, namely:—

"(2A) The Secretary or officer authorized by him shall, issue an acknowledgement to the applicant, on receipt of application along with the supporting documents in the form, as may be prescribed, and shall verify the application and all supporting documents on the spot itself, and if any supporting document is not found attached along with the application, the Secretary or officer authorized by him shall, immediately inform the applicant in writing the list of missing documents and allow the applicant to submit the missing documents as early as possible, but not later than five days from the date of receipt of application.";

(c) for sub-section (3), the following sub-section shall be substituted, namely:—

"(3) the Secretary or the officer authorised by him shall, as soon as may be, after the receipt of the application enquire and report to the Village Panchayat as to whether the establishment of the factory, workshop or workplace or other installation of machinery or manufacturing plant for which permission is applied for is objectionable by reason of density of population in the neighbourhood and possibility to cause nuisance or pollution and the Village Panchayat, after having considered the application and the reports of the Secretary and of such other authorities as specified in sub-section (4) may, as expeditiously as possible, within thirty days, grant the permission either absolutely or subject to such conditions as it thinks fit to impose.";

(d) in sub-section (4),—

(i) after the words "before granting", the words "or refusing" shall be omitted;

(ii) for the words "Village Panchayat", the word "Secretary" shall be substituted;

(iii) in clause (b), after the words "a report of the District Medical Officer", the words "in case the applicant is a hospital, clinic, para-medical institution, clinical laboratories or other healthcare institution," shall be inserted;

(e) after sub-section (5), the following sub-section shall be inserted, namely:—

"(6) If any order, on an application for permission under this section is not communicated to the applicant within thirty days from the date of receipt of application by the Secretary, the application shall be deemed to have been allowed for the period required in the application subject to the Act, rules and bye laws and all conditions which would have been imposed and if any violation is noticed later, the Secretary shall have the power to cancel the licence after giving a show cause notice to the applicant stating the reason for such cancellation and after examining the submission if any, made within the time specified in the said notice and on such cancellation the Secretary may impose a penalty on the applicant for an amount not exceeding rupees five lakhs.";

(3) in section 233A,—

(a) in sub-section (1), for the words "Village Panchayat" the word "Secretary" shall be substituted;

(b) for sub-section (2), the following sub-section shall be substituted, namely:—

"(2) The Secretary may obtain expert opinion from the departments concerned, with regard to the determination of the nuisance or its abatement, at the cost of the owner or person in charge of the factory, workshop, workplace or machinery concerned and such report shall be furnished, as soon as possible, but not later than fifteen days of reporting of such nuisance.".

3. *Amendment of Act 20 of 1994.*—In the Kerala Municipality Act, 1994 (20 of 1994),—

(1) in section 447,—

(a) for the heading "INDUSTRIES, FACTORIES AND OTHER TRADES" before the said section, the heading "INDUSTRIES, FACTORIES, TRADES, ENTREPRENEURSHIP ACTIVITIES AND OTHER SERVICES" shall be substituted;

(b) in sub-section (2), after the word "Secretary", the words "or Officer authorised by him" shall be inserted;

(c) after sub-section (2) the following sub-section shall be inserted, namely:—

"(2A) The Secretary or the officer authorized by him shall, issue an acknowledgement to the applicant on receipt of application along with the supporting document in such form, as may be prescribed, and shall verify the application and all supporting documents immediately on receipt, and if any supporting document required is not attached with the application the Secretary or the officer authorized by him shall immediately inform the applicant in writing the missing document, if any, and allow the applicant to submit the missing document at the earliest but not later than five days from the date of receipt of application.";

(d) for sub-section (3), the following sub-section shall be substituted, namely:—

"(3) The Secretary or the Officer authorized by him shall, within five days from the date of receipt of all supporting documents along with the prescribed clearance from other departments or authorities, by order and subject to such terms and conditions, as he deems fit, grant the licence for use of the place for conducting any industries, factories, trades, entrepreneurship activities or other services, as the case may be.";

(e) sub-section (3A) shall be omitted;

(f) in sub-section (4),—

(i) for the brackets, figures and words "under sections (3), (3A)" the words, brackets and figure "under sub-section (3)" shall be substituted;

(ii) for the words "three years" the words "five years" shall be substituted;

(g) after sub-section (5), the following sub-section shall be inserted, namely:—

"(5A) The license once granted under this section shall remain in force for a period of five years and shall be renewed without any application on payment of the prescribed fee, thirty days before the end of validity of the licence for a further period of five years.";

(2) in section 448,—

(a) in sub-section (1), after the word "Secretary", the words "or officer authorised by him" shall be inserted;

(b) after sub-section (1), the following sub-section shall be inserted, namely:—

"(1A) The Secretary or the officer authorized by him shall issue an acknowledgement to the applicant for the receipt of application along with the supporting document in such form, as may be prescribed, and the Secretary or the Officer authorized by him shall, verify the application and all supporting documents on the spot itself, and if any supporting document required is not attached with the application the Secretary or the officer authorized by him shall immediately bring to the notice of the applicant, the missing document, if any, and allow the applicant to submit the missing document at the earliest but not later than five days from the date of receipt of application.";

(c) for sub-section (3), the following sub-section shall be substituted, namely:—

"(3) The Secretary, or the officer authorised by him shall, as soon as may be, after the receipt of application, report to the Council if the establishment of the factory or workshop or workplace or the installation of the machinery or manufacturing plant, for which the permission is applied for is objectionable by reason of causing nuisance, pollution due to the density of population in the neighbourhood and Council shall, after having considered the application and report of the Secretary and of such other authorities specified in sub-section (4) and as far as possible, within a maximum period of thirty days from the date of receipt of application grant the permission applied for absolutely or subject to such conditions as it deems fit.";

(d) in sub-section (4), in clause (b), after the words "report of the District medical officer of health", the words "if the applicant is a hospital, clinic, para-medical institution, clinical laboratory or other healthcare institutions" shall be inserted;

(e) after sub-section (5) the following sub-section shall be inserted, namely:—

"(5A) If any order on an application for permission under this section is not communicated to the applicant within thirty days from the date of receipt of application, by the Secretary, the application shall be deemed to have been allowed for the period required in the application subject to the Act, rules and bye laws and all conditions which would have been imposed:

Provided that if any violation is noticed later, the Secretary with the approval of the Council, may cancel the licence after giving a show cause notice to the applicant stating the reason for such cancellation and after examining the submission, if any, made within the time specified in the said notice:

Provided further that on such cancellation, the Secretary may impose a penalty on the applicant for an amount not exceeding rupees five lakh:";

(3) in section 449,—

(a) in sub-section (1), for the word 'Council', the word 'Secretary' shall be substituted;

(b) for sub-section (2), the following sub-section shall be substituted, namely:—

"(2) The Secretary may obtain expert opinion from the departments concerned, with regard to the determination of the nuisance or its abatement, at the cost of the owner or person in charge of the factory, workshop, workplace, machinery or manufacturing plant concerned, and such report shall be furnished, as soon as may be, but not later than fifteen days of reporting of such nuisance.";

(4) in section 450,—

(a) after item (i), the following item shall be inserted, namely:—

"(j) Industrial units certified by the Kerala State Pollution Control Board as Green and White Category.";

(b) in the proviso, for the words, letters and brackets "item (h) and (i)" the words, letters and brackets "items (h), (i) and (j)" shall be substituted.

4. *Amendment of Act 5 of 2000.*—In the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000),—

(1) in the long title, for the words "required for setting up of industrial undertakings", the words "including renewal thereof required for setting up and for expansion, diversification and modernisation of enterprises" shall be substituted;

(2) in the preamble,—

(i) after the word "industries" the words "and enterprises" shall be inserted;

(ii) for the portion beginning with "AND WHEREAS, for the speedy issue of various licences" and ending with "industrial area level" the following shall be substituted, namely:—

"AND WHEREAS, for the speedy issue of various licences, clearances and certificate required for setting up and running of enterprises and for issue of clearances for expansion, diversification, modernisation and renewal of licences for enterprises in the State of Kerala and for that purpose it is necessary to establish Single Window Clearance Boards at the State, District and Industrial Area level";

(3) in section 2,—

(a) in clause (a),—

(i) after the word "Municipality", the words "any statutory bodies or service providers" shall be inserted;

(ii) after the word "permits", the words "or consents or renewal thereof" shall be inserted;

(iii) for the words "industrial undertaking", the word "enterprises" shall be substituted;

(b) after clause (b), the following clause shall be inserted, namely:—

"(ba) "Clearances" means various clearances including licences, certificates, permits or consents required under various Central or State enactments and rules made thereunder, and for providing utility services and renewal thereof from, time to time, for setting up and running, expansion, diversification and modernisation of any enterprise in the State of Kerala;";

(c) after clause (d), the following clause shall be inserted, namely:—

"(da) "Enterprise" means any undertaking or factory or workshop or workplace or any other establishment or industry engaged in manufacturing or processing or providing services or any commercial activities including trade or investment in infrastructure;";

(d) clause (j) shall be omitted;

(4) in section 3,—

(a) in sub-section (1), for the words "setting up of Industrial undertakings", the words "setting up, running, expansion, diversification and modernisation of enterprises" shall be substituted;

33/1340/2018/S-23.

(b) for sub-section (3), the following sub-section shall be substituted, namely:—

"(3) The State Board shall consist of the following members, namely:—

(a) Chief Secretary to the Government;

(b) The Secretaries to the Government in charge of Industries, Finance, Labour, Local Self Government, Revenue, Taxes, Water Resources, Power, Forests, Environment, Tourism, Health, Investment Promotion and Public Works departments;

(c) Managing Director, Kerala State Industrial Development Corporation Limited;

(d) Director of Industries and Commerce, Government of Kerala;

(e) Chairman and Managing Director, Kerala State Electricity Board Limited;

(f) Chief Town Planner;

(g) Chairman, Kerala State Pollution Control Board;

(h) Chief Electrical Inspector;

(i) Director of Factories and Boilers;

(j) Director of Mining and Geology;

(k) Director General, Fire and Rescue Services Department.";

(c) in sub-section (5), for the words "at such times" the words "at such intervals not exceeding thirty days" shall be substituted;

(5) in section 4,—

(a) for sub-section (3), the following sub-section shall be substituted, namely:—

"(3) Every District Single Window Clearance Board shall consist of the following members, namely:—

(a) District Collector concerned;

(b) General Manager, District Industries Centre;

(c) The President of the Village Panchayat concerned or Chairperson of the Municipality/Mayor of the Corporation concerned in cases where licence is required from local bodies;

(d) The District Officer of the Kerala State Pollution Control Board or any other officer of the said Board nominated by the Chairman, Kerala State Pollution Control Board;

(e) The District Officer of the Electrical Inspectorate or any other officer nominated by the Chief Electrical Inspector;

(f) The District Officer of the Town and Country Planning Department or any other officer nominated by the Chief Town Planner;

(g) District Medical Officer;

(h) The Deputy Chief Engineer of the Electrical Circle of the Kerala State Electricity Board Limited having jurisdiction over the district;

(i) District Officer, Factories and Boilers;

(j) Divisional Officer, Fire and Rescue Services;

(k) Divisional Forest Officer;

(l) District Labour Officer;

(m) Secretary, Urban Development Authority or Secretary, District Panchayat;

(n) An Officer of the State Goods and Services Tax Department not below the rank of Deputy Commissioner;

(o) An Officer of the Kerala Water Authority not below the rank of Executive Engineer nominated by the Managing Director, Kerala Water Authority;

(p) An Officer of the Tourism Department not below the rank of Deputy Director nominated by the Director of Tourism Department;

(q) An Officer of the Public Works Department not below the rank of Executive Engineer nominated by the Secretary, Public Works Department;

(r) District Officer of the Department of Mining and Geology.";

(b) in sub-section (5), for the words "at such times" the words "at such intervals not exceeding twenty days" shall be substituted;

(6) in section 5,—

(a) in sub-section (1), for the words, "setting up of small scale industrial undertaking or industrial undertakings" the words, "setting up and running of enterprises" shall be substituted;

(b) for sub-section (3), the following sub-section shall be substituted, namely:—

"(3) Every Industrial Area Single Window Clearance Board shall consist of the following members, namely:—

(a) Principal Secretary to Government, Industries Department or his nominee;

(b) District Collector;

(c) Chief Executive of the Agency owning or managing the industrial area;

(d) Designated Authority of industrial area concerned;

(e) District Officer of the State Pollution Control Board;

(f) District Officer of the Electrical Inspectorate;

(g) District Officer of the Town and Country Planning Department;

(h) District Medical Officer;

(i) Deputy Chief Engineer of the Kerala State Electricity Board Limited;

(j) District Officer, Factories and Boilers;

(k) Divisional Officer, Department of Fire and Rescue Services;

(l) Divisional Forest Officer;

(m) District Labour Officer;

(n) An officer of the State Goods and Service Tax Department not below the rank of Deputy Commissioner;

(o) Executive Engineer, Kerala Water Authority;

(p) Secretary, District Tourism Promotion Council;

(q) General Manager, District Industries Centre;

(r) Designated authority of Industrial Area concerned and in case of private park, General Manager, District Industries Centre of the district concerned.";

(c) for sub-section (4), the following sub-section shall be substituted, namely:—

"(4) District Collector shall be its Chairman and the Designated Authority of the industrial area concerned or in the case of private park, General Manager, District Industries Centre of the district concerned shall be the Convener of the Industrial Area Board.";

(7) in section 6,—

(a) for the words "all industrial undertakings being established or proposed to be established", the words "all enterprises being established or proposed to be established or operating" shall be substituted;

(b) after the words "for the construction of the building", the words "including expansion, diversification, modernisation and issue of trade licences" shall be inserted;

(8) in section 7,—

(a) in sub-section (1),—

(i) for the words "an industrial undertaking or small scale industrial undertaking", the word "enterprises" shall be substituted;

(ii) after the word "certificates" the words "or renewal of licences" shall be inserted;

(b) in sub-section (2),—

(i) the word "as" after the word "decision" shall be omitted;

(ii) in clause (a), for the words "to recommend to the authority concerned, the issue of the licence", the words "to issue the licence, renewal of licences" shall be substituted;

(c) in sub-section (3), after the words "designated authority of the Industrial Area Board", the words "if no communication is received by the applicant within thirty days from the date of submission of application to the Board, the permission applied for shall be deemed to have been granted by the Board for such period requested for in the application" shall be inserted;

(9) in section 8,—

(a) in sub-section (1), for the words "small scale industrial undertaking having capital investment of more than two lakh", the words "enterprises having capital investment up to fifteen crores" shall be substituted;

(b) in sub-section (2),—

(i) for the words "sixty days", the words "thirty days" shall be substituted;

(ii) the word "as" after the word "decision" shall be omitted;

(iii) in clause (a), for the words "to recommend to the authority concerned the issue of the licence", the words "to issue the licence," shall be substituted;

(c) in sub-section (3), after the words "Convener of the District Board", the words "and the same shall be binding on the authority concerned, and if no clearance, licence or certificate or renewals thereof, as the case may be, is issued within thirty days from date of submission

of application to the Board, the clearance, licence or certificate or renewals thereof applied for, shall be deemed to have been issued after the expiry of said period of thirty days" shall be inserted;

(d) for sub-section (4), the following sub-section shall be substituted, namely:—

"(4) Notwithstanding anything contained in any other law for the time being in force, the application for clearance, licence or certificate or any renewal thereof, submitted before the District Board concerned for establishing or running of an enterprise having a capital investment of less than fifteen crore rupees is rejected or granted with conditions, the person aggrieved may file an appeal before the State Board against such order of refusal or grant of license with conditions within thirty days from the date of receipt of order from the District Board, in the manner prescribed, and appeal shall be disposed of by the State Board within twenty days from the date of receipt of the appeal.";

(10) in section 9,—

(a) in sub-section (1),—

(i) for the words "industrial undertaking other than a small scale undertaking", the words "enterprise having total investment above fifteen crore rupees" shall be substituted;

(ii) after the word "certificates", the words "or renewals thereof" shall be inserted;

(b) in sub-section (2),—

(i) for the words "forty five days", the words, "thirty days" shall be substituted;

(ii) the word "as" after the word "decision" shall be omitted;

(iii) in clause (a), for the words "to recommend to the concerned authority the issue of licence", the words "to issue licence, clearance or renewal" shall be substituted;

(c) in sub-section (3), after the words "Convener of the State Board", the words "and the same shall be binding on the authorities concerned and if no clearance, licence, certificate or renewals thereof, as the case may be, is issued within thirty days from date of submission of application to the Board, the clearance, licence, certificate or renewals thereof applied for shall be deemed to have been issued after the expiry of said period of thirty days" shall be inserted;

(d) after sub-section (3), the following sub-section shall be inserted, namely:—

"(4) The State Board is also empowered to recommend to the Government on policy matters concerning various issues and problems faced by any entrepreneur in establishing any enterprise or for the development, diversification of modernisation or implementation or operation or running of such enterprises in the State and suggest remedial measures to address such issues and problems in good industrial practice to promote investment opportunity in the State.";

(11) for section 10, the following section shall be substituted, namely:—

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - പ്രായം തെളിയിക്കുന്നതിന് ഡോക്ടർ സർട്ടിഫിക്കറ്റ് നൽകുന്നതും പുനർ വിവാഹം ചെയ്തവരേയും മരണപ്പെട്ടവരേയും ഒഴിവാക്കുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ച് കൊണ്ടിരിക്കുന്നു. മരണപ്പെട്ടവരുടെ പെൻഷൻ തുടർന്നും അനന്തരാവകാശികൾ കൈക്കലാക്കുന്നു എന്നും വിധവാ പെൻഷൻ ലഭിച്ച് വരുന്നവർ പുനർ വിവാഹം ചെയ്ത ശേഷവും പെൻഷൻ വാങ്ങുന്നു എന്നും യഥാർത്ഥ വയസ്സ് മറച്ച് വച്ച് പെൻഷൻ ലഭിക്കുന്നതിലേക്ക് ഡോക്ടർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പ്രവണതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇത്തരത്തിൽ അനർഹർ പെൻഷൻ വാങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പുതിയതായി സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്ന ഒരു വ്യക്തി തന്റെ വയസ്സ് തെളിയിക്കുന്നതിന് , മറ്റ് രേഖകൾ ഇല്ലായെന്ന് കാണിച്ച് , ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കുന്നു.ഇത്തരത്തിൽ പ്രായം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാൻ പാടില്ല.

2. സ്കൂൾ സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് രേഖകളുടെ അഭാവത്തിൽ വയസ്സ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണ്.

3. പട്ടിക വർഗ്ഗത്തിൽപ്പെടുന്ന പെൻഷൻ അപേക്ഷകർ/കിടപ്പ് രോഗികൾ/80 വയസ്സ് കഴിഞ്ഞവർ എന്നിവർക്ക് ആധാർ അടക്കമുള്ള മറ്റ് രേഖകൾ ഇല്ലായെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായം നിർണ്ണയിച്ച് പെൻഷൻ അനുവദിക്കുന്ന രീതി തുടരാവുന്നതാണ്.

4. മരണപ്പെടുന്നവരുടേയും പുനർ വിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കൺവാടി/ ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം ഡേറ്റാ-ബേസിൽ നിന്ന് ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു.

5. മരണപ്പെട്ട വ്യക്തികളെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സത്വരമായി തന്നെ സ്വീകരിക്കേണ്ടതാണ് .

6. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണ് . പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ "സേവന" സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കേണ്ടതാണ് .

പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ് എഫ് സി- ബി2/ 41/2018/ധന)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - നിലവിൽ പെൻഷൻ വാങ്ങുന്നവരുടെ അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം. 278/2018/ധന. തീയതി, തിരുവനന്തപുരം, 03/08/2018

പരാമർശം :- 1) 21/06/2018 ലെ ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്സ്
2) 25/05/2017 ലെ 460587/2017/ധന നമ്പർ സർക്കുലർ
3) 06/11/2017 ലെ സ.ഉ (എം എസ്) നം.483/2017/ധന നമ്പർ സർക്കാർ ഉത്തരവ്
4) 06/07/2018 ലെ സ.ഉ (എം എസ്) നം.241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ചില മാനദണ്ഡങ്ങൾ കൂടി ഉൾക്കൊള്ളിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പുറമേ അധികമായി ചില മാനദണ്ഡങ്ങൾ കൂടി പരാമർശം (4) സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (i) മുതൽ (iv) പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി. ഇത്തരത്തിൽ പുതുതായി ഉൾപ്പെടുത്തിയ അർഹതാമാനദണ്ഡങ്ങൾ പുതിയ പെൻഷൻ അപേക്ഷകർക്കാണ് ബാധകമാകുന്നതെന്നും ഉത്തരവായിരുന്നു. എന്നാൽ നിലവിൽ പെൻഷൻ വാങ്ങിവരുന്ന ഗുണഭോക്താക്കളിൽ അനേകം പേർ വളരെ വില കൂടിയതും 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങളും സ്വന്തമായുള്ളവരാണെന്നും ഇത്തരകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും അനുവദിക്കുന്നത് സാമൂഹ്യ സുരക്ഷാ പെൻഷന്റെ ഉദ്ദ്യേശ്യത്തെ തന്നെ സാധൂകരിക്കുന്നതല്ല എന്നുമുള്ള വിവരങ്ങൾ സർക്കാരിൽ ലഭിച്ച് കൊണ്ടിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പെൻഷൻ ലഭിച്ച്കൊണ്ടിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്തിരിക്കുന്ന അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) 1000 സി സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, 4 ചക്രവാഹനങ്ങൾ സ്വന്തമായുള്ള ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. അത്തരക്കാരെ ഡേറ്റാ ബേസിൽ

നിന്ന് ഒഴിവാക്കാൻ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ii) 4 ചക്രത്തിൽ കൂടുതൽ ചക്രങ്ങളുള്ള വാഹനങ്ങളുടെ (ലോറി, ബസ്, ടെംമ്പോ ട്രാവലർ തുടങ്ങിയവ) ഉടമകൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്ന് ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(iii) അംബാസിഡർ കാർ ഉത്പാദനം നിർത്തിയിട്ട് നിരവധി വാർഷങ്ങളായ സാഹചര്യത്തിൽ അംബാസിഡർ കാർ ഉടമകളെ പെൻഷൻ വാങ്ങുവാൻ അനുവദിക്കുന്നു.

3) നിലവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ മുൻ ഖണ്ഡിക 2(i), (ii) വിഭാഗത്തിൽപ്പെടുന്നവരെ കണ്ടെത്തി ഡേറ്റാ ബേസിൽ നിന്ന് അടിയന്തരമായി ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

4) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പെൻഷൻ വാങ്ങിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് അടിയന്തരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് സർക്കാരിൽ മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

5) ഇത്തരത്തിൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നതിനെ സംബന്ധിച്ച പരാതികൾ ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന അദാലത്തിൽ പരിശോധിക്കുന്നതാണ്. അദാലത്തിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

6) പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

7) പരാമർശം (4) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ഷർമിള മേരി ജോസഫ് ഐ എ എസ്
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സംസ്ഥാനത്ത് നിലവിലുള്ള അപേക്ഷാ ഫോമുകളിലെ ലിംഗപദവിയിൽ സ്ത്രീ/പുരുഷൻ എന്നതിന് പുറമെ "മറ്റുള്ളവർ" (others) എന്നു ചേർക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.477/2018/സാനീവ തീയതി, തിരുവനന്തപുരം 08.08.2018

പരാമർശം: (1)22.09.2015 ലെ സ.ഉ(കൈ)നം.61/2015/സാനീവ സർക്കാർ ഉത്തരവ്
(2)ബഹു.ഹൈക്കോടതിയിൽ അനു ബോസ് @ റ്റി.ബി.ഉമേഷ് ഫയൽ ചെയ്ത 32489/2017 നമ്പർ റിട്ട് പെറ്റീഷൻ
(3) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.03.2018 ലെ സി2-36076/2017 നമ്പർ കത്ത്

ഉത്തരവ്

ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർ പൊതു പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ട്രാൻസ് ജെന്റർ/മറ്റുള്ളവർ എന്ന് രേഖപ്പെടുത്തുന്നതിനായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു.ഹൈക്കോടതി മുമ്പാകെ പരാമർശം (2) പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത തലത്തിൽ യോഗം ചേരുകയും ആയതനുസരിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കുന്നതിനായി " Kerala Interpretation and General Clause Act 1125" ലെ സെക്ഷൻ 12(1) ഭേദഗതി ചെയ്യുന്നതിനായി ശുപാർശ സമർപ്പിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയുമുണ്ടായി. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെടുന്നവർ സമൂഹത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങളെ ക്രിയാത്മകമായി പരിഹരിക്കുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാനത്ത് ട്രാൻസ്ജെന്റർ പോളിസി നടപ്പാക്കിയിട്ടുണ്ട്, ഈ വിഭാഗത്തിൽപ്പെട്ടവർക്കായി സർക്കാർ വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കും സേവനങ്ങൾക്കും അപേക്ഷിക്കുമ്പോൾ സ്വത്വം വെളിപ്പെടുത്താൻ കഴിയാത്തതിനാൽ ബുദ്ധിമുട്ടുകൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പബ്ലിക് സർവീസ് കമ്മീഷൻ മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ Male/Female എന്നതിന് പുറമെ മൂന്നാം ലിംഗം/മറ്റുള്ളവർ എന്ന് ചേർക്കുന്നതിന് പകരം ട്രാൻസ്ജെന്റർ എന്ന് ചേർക്കുന്നതിനും ആയതിന് സാമൂഹ്യനീതി വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡുള്ള ട്രാൻസ്ജെന്റർമാരെ മാത്രം പരിഗണിക്കാമെന്നും കേന്ദ്ര സർക്കാരിന്റെ "The Transgender Persons (Protection of Rights) Bill 2016" ബില്ല് നിയമമാകുമ്പോൾ ആയതിന് വിധേയമായി ആവശ്യമെങ്കിൽ ഭേദഗതികൾ വരുത്താവുന്നതാണെന്നും പരാമർശം (3) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതിയിൽ പരാമർശം (2) പ്രകാരം ഫയൽ ചെയ്ത കേസ്സ് പരിഗണിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലെയും/പൊതുമേഖല/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെയും, സേവനങ്ങൾക്കായുള്ള അപേക്ഷ ഫോമുകളിൽ ലിംഗ പദവി വ്യക്തമാക്കുന്നതിന് സ്ത്രീ/പുരുഷൻ എന്നതിനൊപ്പം "മറ്റുള്ളവർ" ("others") എന്ന കോളം കൂടി നിർബന്ധമായും ചേർക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഇത് സംബന്ധിച്ച് " Kerala Interpretation and General Clause Act 1125" ലെ സെക്ഷൻ 12(1) ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസ് മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖാന്തിരം)
സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

കേരള സർക്കാർ

നം.ഡി.എ 1/569/2018/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 16.08.2018

സർക്കുലർ

വിഷയം:-തദ്ദേശസ്വയംഭരണ വകുപ്പ്- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ലഭ്യമാക്കേണ്ട സ്കോളർഷിപ്പ് ഇകയുടെ വിതരണം-സംബന്ധിച്ച്.

സൂചന:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 11.12.15 ലെ സി.ആർ.എം.പി.നമ്പർ 3501/10/എൽ.എ.2/2015/KeSCPCR ഉത്തരവ്

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ സൂചന ഉത്തരവിലെ(സി)നം ഖ്രപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ലഭ്യമാക്കേണ്ട സ്കോളർഷിപ്പ് ഇകയുടെ വിതരണത്തിൽ വീഴ്ച വരാൻ പാടില്ല.

(ii) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്ന പദ്ധതിയുടെ ഏകോപനം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ അതാത് ജില്ലകളിൽ നടപ്പാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
} പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - 2018 ഏപ്രിൽ, മേയ്, ജൂൺ. ജൂലൈ വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിവിധ കാരണങ്ങളാൽ വിതരണം ചെയ്യാതെ വന്ന തുക തിരികെ നിക്ഷേപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(സാധ) നം.6992/2018/ധന. തീയതി, തിരുവനന്തപുരം, 17/08/2018

പരാമർശം :- 1) സ.ഉ (സാധാ) നം. 6832/2018/ധന തീയതി 10/08/2018.

ഉത്തരവ്

2018 ഏപ്രിൽ മുതൽ ജൂലൈ വരെ അനുവദിച്ച വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് വീടുകളിൽ എത്തിച്ച തുകയിലും, കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്ത തുകയിലും വിവിധ കാരണങ്ങളാൽ പെൻഷൻ ഗുണഭോക്താക്കൾക്ക് കൈമാറാതെ തിരികെ വരുന്ന തുക **കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ** പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300026 9 നമ്പർ അക്കൗണ്ടിൽ (IFS Code : IBKL0046KS01) സെപ്റ്റംബർ 10 നുള്ളിൽ തിരികെ നിക്ഷേപിക്കേണ്ടതാണ്. ഇത്തരത്തിൽ തിരികെ വരുന്ന തുക നേരിട്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി പ്രൈമറി അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് സൊസൈറ്റികളെയും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിനെയും ചുമതലപ്പെടുത്തിക്കൊണ്ട്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് ബ്രാഞ്ച്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ. 1/627/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 01.09.2018

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ജില്ലാ സാമൂഹ്യനീതി ഓഫീസർ,പത്തനംതിട്ട
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പത്തനംതിട്ട
സർ,

വിഷയം : തസ്വഭവ - കോക്ലിയർ ഇംപ്ലാന്റേഷന് ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകുന്നത്- സംബന്ധിച്ച്

സൂചന :- 1. പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 13.07.2018-ലെ P1 JP316/18-19 -ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന യോഗത്തിന്റെ 4.28 നമ്പർ തീരുമാനം

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന സമിതിയുടെ 13.08.18 ൽ ചേർന്ന സൂചന രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരം അറിയിക്കുന്നു

1. സൂചന 1 ലെ ക്രമനമ്പർ 1,2,4,5 എന്നീ ആവശ്യങ്ങളിന്മേൽ NISH ന്റെ കൂടി അഭിപ്രായമാരാഞ്ഞ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2. ക്രമനമ്പർ മൂന്നിൽ BPL/APL എന്നു നിശ്ചയിക്കുന്നതിനു പകരം വരുമാന പരിധി പൊതു വിഭാഗത്തിന് 2.00 ലക്ഷം, എസ്.സി. വിഭാഗത്തിന് 3.00 ലക്ഷം എന്ന നിലവിലെ മാർഗ്ഗരേഖയിലെ മാനദണ്ഡം പാലിക്കേണ്ടതാണ്

വിശ്വസ്തതയോടെ.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ. - സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിനായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 2391/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 07.09.2018

പരാമർശം :- 6/7/2018-ലെ സ.ഉ. (എം.എസ്.)നം.241/2018/ധന.

ഉത്തരവ്

സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന 40,61,393 ഗുണഭോക്താക്കളിൽ അനർഹരായ പലരും ഉൾപ്പെട്ടിട്ടുണ്ടെന്നു കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ **64,238** പേർ അനർഹരാണെന്ന് കണ്ടെത്തുകയും ഇവരുടെ പെൻഷൻ താൽക്കാലികമായി തടയുകയും ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സേവന വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ആക്ടീവായ പെൻഷൻ ഗുണഭോക്താക്കളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അനർഹരായ ഗുണഭോക്താക്കളെയാണ് പെൻഷൻ വിതരണത്തിൽ നിന്ന് ഒഴിവാക്കിയത്. എന്നാൽ അനർഹരുടെ പട്ടിക തയ്യാറാക്കിയതിൽ അപാകതകൾ ഉണ്ടെന്നു പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടുമൊരു പരിശോധന കൂടി നടത്തി തടഞ്ഞുവയ്ക്കപ്പെട്ട 4617 പേർക്കുകൂടി പെൻഷൻ വിതരണം ചെയ്തു. നിലവിൽ 59621 പേരാണ് അനർഹരുടെ ലിസ്റ്റിൽ ഇനി അവശേഷിക്കുന്നത്.. പരാമർശ സർക്കാർ ഉത്തരവ് പ്രകാരം 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി ഒഴികെയുള്ള വാഹനങ്ങൾ (അംബാസഡർ കാറുകളെ ഒഴിവാക്കിയിട്ടുണ്ട്) സ്വന്തമായി ഉള്ളവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല. അതിനാൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സ്വന്തമായി ഉള്ളവരുടെയും മരണ രജിസ്ട്രേഷൻ ഡാറ്റായിൽ നിന്ന് മരണപ്പെട്ടവരുടെയും പേരും മേൽവിലാസവും നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവുമായി ഒത്തുനോക്കി പൊരുത്തപ്പെടുന്നവരെ കണ്ടെത്തിയാണ് അനർഹരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.. എന്നാൽ നിരവധി ഗുണഭോക്താക്കൾ പ്രസ്തുത പട്ടികയിൽ തെറ്റായി ഉൾപ്പെട്ട പോയിട്ടുണ്ടെന്ന് വീണ്ടും പരാതികൾ ഉയർന്നു വന്നിട്ടുണ്ട്.. ഈ സാഹചര്യത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ തങ്ങളുടെ പരിധിക്കുള്ളിൽ വരുന്ന അനർഹരെന്ന് താൽക്കാലികമായി കണ്ടെത്തിയിട്ടുള്ളവരുടെ കാര്യത്തിൽ വീണ്ടും ഒരു പരിശോധന കൂടി നടത്തി ലിസ്റ്റ് അന്തിമമാക്കേണ്ടതുണ്ട്. . അർഹരായ ആരെങ്കിലും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് തടഞ്ഞുവച്ച പെൻഷൻ തുക എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

2. മേൽ സാഹചര്യത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷന് അനർഹരെന്ന് താൽകാലികമായി കണ്ടെത്തിയ 59621 പേരുടെ പട്ടികയിൽ തെറ്റായി ഉൾപ്പെട്ടുപോയവരെ കണ്ടെത്തി അവർക്ക് പെൻഷൻ പുന:സ്ഥാപിച്ച് നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വകുപ്പ് തലത്തിലും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

i. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഗുണഭോക്തക്കളിൽ മോട്ടാർ വാഹന വകുപ്പിന്റെയും മരണ രജിസ്ട്രേഷന്റെയും ഡാറ്റയുടെ അടിസ്ഥാനത്തിൽ 2018 ആഗസ്റ്റിലെ വിതരണത്തിൽ (2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള 4 മാസത്തെ പെൻഷൻ) പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം പെൻഷൻ വെബ് സൈറ്റിലെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമായിട്ടുള്ള ഓരോ ഗുണഭോക്താവിനെ സംബന്ധിച്ചുള്ള വിവരം ശരിയാണോ എന്നത് അന്വേഷണം നടത്തി പ്രസ്തുത പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, പഞ്ചായത്ത് ഡയറക്ടർക്ക് (ഡി.ബി.റ്റി.സെൽ) റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ii. മേൽപ്പറഞ്ഞ പ്രകാരം അന്വേഷണം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകുന്നതിന് നഗരസഭകളിൽ / കോർപ്പറേഷനുകളിൽ റവന്യൂ ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ളവരെയും, ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ക്ലാർക്ക് തസ്തികയിലുള്ളവരെയും നിയോഗിക്കാവുന്നതാണ്.

iii. ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം മേൽ പറഞ്ഞപ്രകാരം അന്വേഷണം നടത്തി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഇടർന്ന് 5 ദിവസത്തിനുള്ളിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി.സെൽ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ലഭ്യമാക്കുന്ന ലിസ്റ്റ് ക്രോഡീകരിച്ച് അനർഹരുടെ പട്ടികയിൽ നിന്നും ഒഴിവാക്കി പെൻഷൻ പുനസ്ഥാപിച്ച് നൽകേണ്ടവരുടെ പട്ടിക തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ കോർപ്പറേ ഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനകാര്യ (എസ്.എഫ്.സി.) വകുപ്പ്.
ഐ&പി.ആർ.(വെബ് & നൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം.126/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 14/09/2018

പരാമർശം:- 1. 12/12/2017-ലെ സ.ഉ.(കൈ)നം.252/2017/തസ്വഭവ ഉത്തരവ്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2018-ലെ 8696/17/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും പദ്ധതികളിൽ തുടർന്നും സേവനം അർഹിക്കുന്നവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ടി മാർഗ്ഗരേഖയിലെ 4.2 അടിസ്ഥാന സൗകര്യ ആവശ്യം എന്ന സബ് ഹെഡിങ്ങിലെ 4.21 കിടപ്പാടം - ഭൂമിയിൽ 4.2.1.1 എന്ന ഖണ്ഡികയിലും 4.2.2 വീട് - ൽ 4.2.2.1 എന്ന ഖണ്ഡികയിലും ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിത ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മാർഗ്ഗരേഖയിൽ നിലവിലുള്ളത്	ഭേദഗതി/പുതിയത്
ഖണ്ഡിക : 4.2.1.1 സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ഭൂമിവാങ്ങി നല്കിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്കു ഈ ആവശ്യത്തിനു ഭൂമി നല്കുവാൻ പാടുള്ളൂ.	ഖണ്ഡിക : 4.2.1.1 ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കുടുംബശ്രീ ഉറപ്പുവരുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം.
ഖണ്ഡിക 4.2.2.1 സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം നല്കിയതിനുശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്ക് വീട് നല്കാൻ പാടുള്ളൂ.	ഖണ്ഡിക : 4.2.2.1 ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണം. ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നല്കണം.

(3) പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി.എസ്.
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/718/2018/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 15.10.2018

സർക്കുലർ

വിഷയം:- - കേൾവിശക്തി കുറഞ്ഞവർക്ക്കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള ഉപകരണങ്ങൾ വാങ്ങിനൽകിയത് -സംബന്ധിച്ച്

സൂചന:- 1 സ.ഉ.(കൈ) നം 22/2018/തസ്വഭവ തീയതി 14/2/2018
2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.9

സൂചന (1)ലെ മാർഗ്ഗരേഖ പ്രകാരം കേൾവിശക്തി കുറഞ്ഞവർക്ക്കോക്ലിയർ ഇംപ്ലാന്റേഷൻ ശേഷമുള്ള ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, മത്സ്യ തൊഴിലാളികൾ/അവരുടെ മക്കൾ എന്നിവർക്ക് നൽകിയ ഇത്തരം ഉപകരണങ്ങൾ റിപ്പയറിംഗ് ആവശ്യമായി വന്നാൽ ഇതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. എന്നാൽ ഇത്തരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ബന്ധപ്പെടുവേണം വാങ്ങേണ്ടത്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സർക്കുലർ നമ്പർ 96/2018/ധന തീയതി 23/10/2018

വിഷയം - ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആശ്രിതരായ വിധവകൾക്ക് ലഭിക്കുന്ന കുടുംബപെൻഷൻ വളരെ കുറഞ്ഞ തുകയാണെന്നും അവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600/- രൂപയായി കുറവു ചെയ്യുമ്പോൾ ആകെ ലഭിക്കുന്ന തുക തുച്ഛമാണെന്നും ആയതിനാൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കുടുംബപെൻഷൻ ലഭിക്കുന്നവരെ രണ്ട് പെൻഷൻ ലഭിക്കുന്നവരുടെ ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും അഭ്യർത്ഥിച്ച് നിരവധി നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധനസഹായം ഉപയോഗിച്ചു പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ കുടുംബ പെൻഷൻ നൽകുന്നത് സ്വന്തം ഫണ്ട് ഉപയോഗിച്ചാണ്. മാത്രവുമല്ല, കുടുംബ പെൻഷൻ തുക ക്ഷേമനിധി ബോർഡ് പെൻഷൻ തുകയേക്കാൾ വളരെ കുറവുമാണ്/ആകയാൽ, ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർ, മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണനിരക്കിൽ ലഭിക്കാൻ അർഹരാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

പ്രതീപ് കുമാർ.ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയോജന ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 2776/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 30.10.2018.

പരാമർശം : 1)പഞ്ചായത്ത് ഡയറക്ടറുടെ 25.09.2018 ലെ ജെ8/8274/18 നമ്പർ കത്ത്.

ഉത്തരവ്

പഞ്ചായത്തുകൾ തോറും വയോജന ജാഗ്രതാ സമിതികൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ച് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വയോജന ക്ലബ് സെക്രട്ടറി ശ്രീ.ടി.ഡി.ശ്രീധരൻ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിക്കുകയുണ്ടായി

2. സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് പഞ്ചായത്ത്ഡയറക്ടർ പരാമർശ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തുകൾതോറും വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവാകുന്നു

1. ഐസിഡിഎസ് ചെയർപേഴ്സൺ
2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
4. ഗ്രാമപഞ്ചായത്ത് സെക്രട്ടറി
5. ഐസിഡിഎസ് സൂപ്പർവൈസർ
6. മെഡിക്കൽ ഓഫീസർ
7. സ്ഥലം ചുമതലയുള്ള എസ്.ഐ
8. സീനിയർ സിറ്റിസൺ ഫോറത്തിലെ ഒരംഗം
9 വില്ലേജ് ഓഫിസർ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഐസിഡിഎസ് ചെയർപേഴ്സൺ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവാഹ ധനസഹായം- സ.ഉ.(കൈ) നം. 2438/2018/തസ്വഭവ തീയതി 17/09/2018 ഉത്തരവ് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**2960/2018**/തസ്വഭവ തീയതി, തിരുവനന്തപുരം **21.11.2018**

സൂചന :- 1) സ.ഉ.(കൈ) നം. 2438/2018/തസ്വഭവ തീയതി 17/09/2018
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3.11

ഉത്തരവ്

സൂചന (1) ലെ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിന് വിവാഹ ധനസഹായത്തിന് അപേക്ഷ നൽകേണ്ട സമയപരിധി 6 മാസമായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ കാലപരിധിക്കകം അപേക്ഷിക്കാത്ത വിഷയത്തിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സൂചന രണ്ടിലെ തീരുമാനപ്രകാരം ഇത് പട്ടികവർഗ്ഗ വിഭാഗത്തിനു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ഒന്നിലെ ഉത്തരവ് മേൽഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ്.എഫ്.സി - ബി) വകുപ്പ്

സർക്കുലർ നമ്പർ 109/2018/ധന തീയതി 23/11/2018

വിഷയം : - സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ - മരണപ്പെട്ടവരുടെ വിവരങ്ങൾ പരിശോധന നടത്തി ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന :- 03/08/2018 ലെ സ.ഉ (എം എസ്) നം.278/2018/ധന നമ്പർ ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരുകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് നിമിത്തം ഒരു ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ അനുവദിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ മരണപ്പെട്ടവരെ അടിയന്തരമായി തന്നെ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനും നിർദ്ദേശങ്ങൾ സൂചന പ്രകാരം ഇതിനോടകം തന്നെ സർക്കാർ നൽകിയിട്ടുണ്ട്. അതേ സമയം മരണ ജനന രജിസ്റ്ററിൽ നിന്നും ലഭിക്കുന്ന മരണപ്പെട്ടവരുടെ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ലഭ്യമാക്കുകയും അത്തരക്കാരുടെ വിവരങ്ങൾ അന്വേഷിച്ച് സേവനയിൽ നിന്ന് സസ്പെന്റ് ചെയ്യുന്നതിലേക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇത്തരക്കാരെ യഥാസമയം ഒഴിവാക്കുന്നതിന് ചില പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ പ്രസ്തുത വ്യക്തിയെ ഡേറ്റാ ബേസിൽ നിന്ന് സസ്പെന്റ് ചെയ്യാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2) ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഇത്തരത്തിൽ ഡേറ്റാ ബേസിൽ തുടരുന്ന വ്യക്തികളുടെ വിവരങ്ങൾ ഐ.കെ.എം, സേവന സോഫ്റ്റ് വെയർ മുഖാന്തിരം പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ലഭ്യമാക്കേണ്ടതാണ്.

3) ഇത്തരത്തിൽ സേവനയിൽ ലഭ്യമായിട്ടുള്ള മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും അത്തരക്കാരെ 15 ദിവത്തിനുള്ളിൽ ഡേറ്റാ ബേസിൽ നിന്ന് സസ്പെന്റ് ചെയ്യേണ്ടതുമാണ്.

4) ഇത്തരത്തിൽ 15 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി സസ്പെന്റ് ചെയ്യപ്പെടാത്ത ഗുണഭോക്താക്കളുടെ പെൻഷൻ ഐ.കെ.എം മുഖാന്തിരം സർക്കാർ തന്നെ സസ്പെന്റ് ചെയ്യുന്നതാണ്.

ഡോ.ഷർമിള മേരി ജോസഫ് ഐ എ എസ്
ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - പ്രാദേശിക സർക്കാരുകളിൽ സാമൂഹ്യാ സുരക്ഷാ പെൻഷൻ സംബന്ധിച്ച് അദാലത്ത് നടത്തുന്നതിനുള്ള അനുമതി നൽകിയും അദാലത്ത് നടത്തുന്നതിനുള്ള നടപടി ക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

സ ഉ (സാധ) നം 9697/2018 /ധന തിരുവനന്തപുരം തിയതി 24.11.2018

പരാമർശം :- 1. . സ ഉ (എംഎസ്) 241/2018/ധന തിയതി 06/07/2018

ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ പുതിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ നിരസിക്കപ്പെട്ട പുതിയ അപേക്ഷകൾ സംബന്ധിച്ച അപ്പീലുകൾ അദാലത്തുകൾ വഴി പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതാണെന്നും അദാലത്തിന്റെ വിശദാംശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അത് പ്രകാരം പ്രാദേശിക സർക്കാരുകളിൽ ഇത്തരത്തിൽ പെൻഷൻ അപേക്ഷ നിരസിച്ചവരുടെ അദാലത്ത് നടത്തേണ്ടതുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിക്കുന്നതിലേക്ക് അദാലത്ത് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അദാലത്തിന്റെ നടപടി ക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

(i) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിലേക്ക് പ്രാദേശിക സർക്കാരുകളിൽ അപേക്ഷ സമർപ്പിക്കുകയും വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിക്കുകയും ചെയ്തവർക്ക് മാത്രമേ ഈ അദാലത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.
(ii) പരാതി സംഗതി അദാലത്ത് തിയതിക്ക് 5 ദിവസം മുമ്പെങ്കിലും ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

(iii) അദാലത്തിനു നൽകുന്ന പരാതിയിൽ, പരാതിക്കാരന്റെ പേര്, പെൻഷൻ ഇനം ആധാർ നമ്പർ/അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് , പരാതിയുടെ ചുരുക്കം , പരാതിക്കാരൻ താമസിക്കുന്ന പ്രാദേശിക സർക്കാർ , വാർഡ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(iv) അദാലത്തിന് നിശ്ചയിച്ച തീയതിയും സ്ഥലവും അദാലത്തിന് 15 ദിവസം മുമ്പെങ്കിലും പ്രാദേശിക സർക്കാർ തീരുമാനിക്കേണ്ടതും ആയത് പരസ്യപ്പെടുത്തേണ്ടതുമാണ്. പ്രാദേശിക സർക്കാർ അതിർത്തിയിലെ എല്ലാവരുടേയും ശ്രദ്ധയിൽപ്പെടുന്ന തരത്തിലായിരിക്കണം പരസ്യപ്പെടുത്തൽ

(v) അദാലത്തിന് നിശ്ചയിച്ചിട്ടുള്ള സ്ഥലം, തീയതി, സമയം എന്നിവ എല്ലാ അപേക്ഷകരേയും അറിയിക്കേണ്ടതാണ്

(vi)അദാലത്ത് തീയതിക്ക് 5 ദിവസം മുമ്പ് പരാതികൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിക്കണം.

(vii) പരാതികൾ അത് പരിഹരിക്കുന്നതിനാവശ്യമായ വ്യക്തമായ രേഖകൾ സഹിതം വേണം നല്കാൻ

(viii) അദാലത്തിൽ പരാതികൾ കേൾക്കുന്നതിനും / പരിശോധിക്കുന്നതിനും പരിഹാര നിർദ്ദേശത്തിനുമായി 3 അംഗ അദാലത്ത് ടീമിനെ നിശ്ചയിക്കണം.

(ix)അദാലത്ത് ടീമിൽ പ്രാദേശിക സർക്കാർ അദ്ധ്യക്ഷൻ/ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായിരിക്കും. (i) പ്രാദേശിക സർക്കാർ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി / അസ്സിസ്റ്റന്റ് സെക്രട്ടറി, (ii) ജൂനിയർ സൂപ്രണ്ട് /റവന്യൂ ഓഫീസർ / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവർ അദാലത്ത് ടീമിലെ അംഗങ്ങളായിരിക്കും.

(x)അദാലത്ത് ടീമിന്റെ തീരുമാനം നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും പൂർണമായും വിധേയമായിരിക്കണം.

(xi)എഴുതി നൽകിയിട്ടുള്ള പരാതികൾ അദാലത്തിൽ ഉന്നയിക്കുന്നതിന് പരാതിക്കാർക്ക് അവസരം നൽകണം. ഇതിൽ അദാലത്ത് ടീമിന്റെ തീരുമാനം നിശ്ചിത തിയതിയ്ക്കുകം പരസ്യമായി അറിയിക്കേണ്ടതും പരാതിയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(xii)അദാലത്ത് ടീമിന്റെ തീരുമാനപ്രകാരം അപേക്ഷകൻ പെൻഷന് അർഹനാണെങ്കിൽ അത് സേവന ഡേറ്റാ ബേസിൽ 7 ദിവസത്തിനകം ഉൾപ്പെടുത്തേണ്ടതാണ്

(xiii) 2019 ജനുവരി 10 നകം അദാലത്ത് സംബന്ധിച്ച എല്ലാ പ്രക്രിയകളും പൂർത്തിയാക്കണം.

(xiv)അദാലത്തിൽ താഴെ പറയും പ്രകാരം സമയ ക്രമം പാലിക്കേണ്ടതാണ്.

a. അദാലത്തിനുള്ള സമയം, സ്ഥലം തിയതി എന്നിവ **26 /11/2018** നു മുമ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണം

b. അദാലത്ത് നടത്തേണ്ടുന്ന കാലയളവ് **10 /12/2018 മുതൽ 30/12/2018** വരെയായിരിക്കും (ഈ കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ഉചിതമായ തിയതി നിശ്ചയിയ്ക്കാവുന്നതാണ്)

c. അദാലത്തിൽ അർഹരാണെന്ന് കണ്ടെത്തുന്നവരുടെ ഡേറ്റാ എൻട്രി 2018 ജനുവരി 1 നും 7 നും ഇടയ്ക്ക് പൂർത്തിയാക്കണം

(xv)അദാലത്തിന്റെ തീരുമാനത്തിനെതിരെയുള്ള അപ്പീലുകൾ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നഗരസഭകളുടെ കാര്യത്തിൽ നഗരകാര്യ റീജിണൽ ജോയിന്റ് ഡയറക്ടർമാർക്കും നൽകേണ്ടതും ടി ഉദ്യോഗസ്ഥർ പരാതികൾ പരിശോധിച്ച് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെൽ മുഖാന്തിരം ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്. ടി റിപ്പോർട്ടിന്മേൽ സർക്കാർ തീരുമാനം എടുത്ത് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കുന്നതായിരിക്കും. അപ്പീലിനുള്ള അവസരം അദാലത്തിൽ പങ്കെടുക്കുന്ന എല്ലാവരേയും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ അറിയിക്കേണ്ടതാണ്.

(Xvi) അദാലത്തിൽ എത്ര പരാതികൾ ലഭിച്ചു, എത്ര പേർക്ക് പെൻഷൻ അനുവദിച്ചു , എത്ര പേരുടെ അപേക്ഷ നിരസിച്ചു എന്നീ വിവരങ്ങൾ അദാലത്തിന് ശേഷം 10 ദിവസത്തിനകം പഞ്ചായത്ത് ഡയറക്ടർ(ഡി ബിടി സെൽ) ക്ക് നൽകേണ്ടതും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ടുകളുടെ സമാകൃത റിപ്പോർട്ട് ധനകാര്യ വകുപ്പിൽ നൽകേണ്ടതുമാണ്.

(Xvii) അദാലത്തിന്റെ ചെലവ് തനത ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ് എഫ് സി- ബി2/ 37/2018/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയോജന ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച് ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 3030/ 2018/തസ്വഭവ തിരുവനന്തപുരം, തീയതി, 29.11.2018.

പരാമർശം : 1)സ.ഉ(സാധാ)നം. 2776/2018/തസ്വഭവ. തീയതി, 30.10.2018.

ഉത്തരവ്

സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പരാമർശ(1)ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിലെ ക്രമ നം 1 ലെ ഐസിഡിഎസ് ചെയർപേഴ്സൺ എന്നതിന് പകരം സി.ഡി.എസ് ചെയർപേഴ്സൺ എന്ന് തിരുത്തികൊണ്ടും വയോജന ജാഗ്രത സമിതിയിൽ പഞ്ചായത്ത് പ്രസിഡന്റിനെ ക്രമ നമ്പർ ഒന്നാമതായും സി .ഡി എസ് ചെയർപേഴ്സണിനെ ക്രമ നമ്പർ രണ്ടാമതായും ചേർത്തുകൊണ്ടും പരാമർശ(1)ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നു.

മേൽ ഭേദഗതിയോടെ പരാമർശ(1)ലെ സർക്കാർ ഉത്തരവ് നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - പുതിയ അപേക്ഷകർക്ക് രണ്ടാമത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുള്ള ഡാറ്റാ എൻടിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം.500/2018/ധന. തീയതി, തിരുവനന്തപുരം, 22/12/2018

പരാമർശം :- 06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

പുതിയ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ഡേറ്റാ എൻടി അനുവദിക്കുകയും പുതുക്കിയ അർഹതാ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത പരാമർശത്തിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(VII) ൽ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം പ്രാദേശിക സർക്കാരുകളിൽ ലഭിച്ച അപേക്ഷകളിൽ നിലവിൽ യാതൊരു വിധ പെൻഷനും (സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി/ ഇപിഎഫ്/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള പെൻഷൻ മുതലായവ ഉൾപ്പെടെ) ലഭിക്കാത്തവരുടെ അപേക്ഷകൾ മാത്രം ഡാറ്റാ എൻടി നടത്താൻ അനുമതി നൽകുകയും രണ്ടാമത്തെ പെൻഷനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതാണ് എന്ന് ഉത്തരവാകുകയും ചെയ്തിരുന്നു. രണ്ടാമത്തെ പെൻഷനു വേണ്ടിയുള്ള അപേക്ഷകളുടെയും ഡേറ്റാ എൻടി നടത്തുന്നതിന് അനുമതി അഭ്യർത്ഥിച്ചു കൊണ്ട് സർക്കാരിൽ അപേക്ഷകൾ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിലേക്ക് ലഭിച്ച പുതിയ അപേക്ഷകളിൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം തൽകാലികമായി ഡേറ്റാ എൻടി തടഞ്ഞു വച്ചവ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഡേറ്റാ എൻടി നടത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

4) പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ , ദേശീയ സമ്പാദ്യ പദ്ധതി , തിരുവനന്തപുരം
ഡയറക്ടർ , ഗ്രാമ വികസന വകുപ്പ്
എക്സ്ിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഐ ടി മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ദേശിയ സമ്പാദ്യ പദ്ധതിയിലെ എല്ലാ അസ്സിസ്റ്റന്റ് / ഡെപ്യൂട്ടി ഡയറക്ടർകാർക്കും (ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം.ഡി.എ 1/19/2019/തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 25.01.2019

സർക്കുലർ

വിഷയം:-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ 3.2 നമ്പർ തീരുമാനം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകണമെന്നും ആയതു ഗ്രാമപഞ്ചായത്ത്/ നഗരസഭകളാണ് നൽകേണ്ടത് എന്നും മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മതിയായ ഫണ്ട് പലപ്പോഴും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതും കാരണം ഇത്തരം കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പും ബത്തയും നൽകാറില്ല.ആയതിനാൽ മുടക്കം കൂടാതെ ഈ ധനസഹായം നൽകുന്നതിന് ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകളും മതിയായ തുക മാറ്റി വയ്ക്കേണ്ടതാണ് . അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമൂഹ്യസുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS/CDPO മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതും മതിയായ തുക മാറ്റി വയ്ക്കുന്നുവെന്ന് ICDS/CDPO മാർ ഉറപ്പു വരുത്തേണ്ടതുമാണ് ഇതിന് ജില്ലാ ആസൂത്രണസമിതി മേൽനോട്ടം വഹിക്കേണ്ടതുമാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- വിധവാ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും അവിവാഹിതരാണെന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം. 59/2019/ധന. തീയതി, തിരുവനന്തപുരം, 31/01/2019

പരാമർശം :- 06-11-2017 ലെ സ.ഉ(എം എസ്)നം. 483/2017/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

ബാങ്ക് വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണെന്നും വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും വിധവാ പെൻഷൻ ഗുണഭോക്താക്കളും വിവാഹം / പുനർ വിവാഹം ചെയ്ത ശേഷവും ഇത്തരത്തിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും വാങ്ങിവരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിപ്പെടുകയുണ്ടായി. ഇത്തരത്തിൽ വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളിൽ പുനർ വിവാഹം ചെയ്തവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ , പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞ് വയ്ക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണ്.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- വിധവാ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും അവിവാഹിതരാണെന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം. 88/2019/ധന. തീയതി, തിരുവനന്തപുരം, 15/02/2019

പരാമർശം :- 31-01-2019 ലെ സ.ഉ(എം എസ്)നം. 59/2019/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും ഇത്തരത്തിൽ സമർപ്പിക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ , പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞ് വയ്ക്കേണ്ടതാണ് എന്നും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുനഃസ്ഥാപിച്ച് നൽകേണ്ടതുമാണെന്നും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റും സ്വീകരിക്കുന്നതിലേക്ക് അനുമതി നൽകണമെന്ന നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - വികലാംഗർക്ക് രണ്ട് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം.90/2019/ധന. തീയതി, തിരുവനന്തപുരം,16/02/2019

പരാമർശം :- 06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

പുതിയ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് ഡേറ്റാ എൻട്രി അനുവദിക്കുകയും പുതുക്കിയ അർഹതാ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത പരാമർശത്തിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(ii) ൽ വികലാംഗ പെൻഷൻ ലഭിക്കുന്നർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുമെന്ന് ഉത്തരവായിരുന്നു. വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റേതെങ്കിലും പെൻഷൻ (സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ) ലഭിച്ച വരുന്ന വികലാംഗനായ ഒരു വ്യക്തിക്ക് പുതുതായി വികലാംഗ പെൻഷൻ ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ച വരുന്ന വികലാംഗനായ ഒരു വ്യക്തിക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതുതായി വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണെന്ന് ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഇ നം 1073745)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ പ്രതിമാസം 1200 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ് എഫ് സി -ബി) വകുപ്പ്

സ ഉ (എം എസ്) നം91/2019 /ധന തിരുവനന്തപുരം തിയതി 18.02.2019

പരാമർശം :-1) 23/03/2017 തീയതിയിലെ സഉ(എം എസ്) 204/2017/ധന ഉത്തരവ്
2) 04/08/2017 തിയതിയിലെ സഉ(എം എസ്) 359/2017/ധന ഉത്തരവ്
1) 2019-2020 വർഷത്തെ ബജറ്റ് പ്രസംഗം ഖണ്ഡിക 150

ഉത്തരവ്

പരാമർശം (1) പ്രകാരം എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും പരാമർശം (2) പ്രകാരം എല്ലാ ക്ഷേമനിധി ബോർഡ് പെൻഷനുകളും 1100 രൂപയായി വർദ്ധിപ്പിച്ച കൊണ്ട് ഉത്തരവായിരുന്നു. 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ക്ഷേമ പെൻഷനുകൾ 100 രൂപ വർദ്ധിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷന്റെ പ്രതിമാസ നിരക്ക് നിലവിൽ നൽകി വരുന്ന 1100 രൂപയിൽ നിന്നും 1200 രൂപയായി (ആയിരത്തി ഇരുന്നൂറ് രൂപ മാത്രം) വർദ്ധിപ്പിച്ച കൊണ്ട് ഉത്തരവാകുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അല്ലെങ്കിൽ ക്ഷേമനിധി ബോർഡ് പെൻഷൻ 1200 രൂപയിൽ കൂടുതൽ ലഭിക്കുന്നവർക്ക് അത് ഉയർന്ന നിരക്കിൽ തന്നെ തുടർന്നും ലഭിക്കുന്നതാണ്. വർദ്ധിപ്പിച്ച നിരക്കിന്01/04/2019 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ് എഫ് സി- ബി2/ 17/2019/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയോജന ക്ഷേമത്തിനുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജന ജാഗ്രത സമിതി രൂപീകരിച്ച ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 361/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 18.02.2019.

പരാമർശം : 1) സ.ഉ(സാധാ)നം. 2776/2018/തസ്വഭവ. തീയതി, 30.10.2018.
2) സ.ഉ(സാധാ)നം. 3030/2018/തസ്വഭവ. തീയതി, 29.11.2018.

ഉത്തരവ്

സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പരാമർശം(1)(2) പ്രകാരം രൂപീകരിച്ച കമ്മിറ്റിയിലെ ക്രമ നം 8 ലെ "സീനിയർ സിറ്റിസൺ ഫോറത്തിലെ ഒരംഗം" എന്നതിന് പകരം "വയോജന ക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടന പ്രതിനിധി " എന്ന് തിരുത്തി കൊണ്ട് പരാമർശം(1)ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

2.മേൽ ഭേദഗതിയോടെ പരാമർശം(1)ലെയും രണ്ടിലെയും സർക്കാർ ഉത്തരവുകൾ നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ - അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്

സ.ഉ.(എം എസ്) നം.93/2019/ധന. തീയതി, തിരുവനന്തപുരം, 21/02/2019

പരാമർശം :-06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

ഉത്തരവ്

സംസ്ഥാനത്ത് നിലവിൽ 45.19 ലക്ഷത്തിലധികം പേർ സാമൂഹ്യ സുരക്ഷാ പെൻഷനും 6.50 ലക്ഷത്തിലധികം പേർ സർക്കാർ ധനസഹായമുപയോഗിച്ച് ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നു. കൂടാതെ ചില ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിനു പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. അർഹരായ ഗുണഭോക്താക്കൾ മാത്രം സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നു എന്ന് ഉറപ്പാക്കുന്നതിനു വേണ്ടി അർഹതാ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അത് പ്രകാരം ഇ പി എഫ് പെൻഷൻ ലഭിക്കുന്നവർക്ക് (പുതിയ അപേക്ഷകർക്ക്) സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നും 1200 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്ന , പുതിയ അപേക്ഷകർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്നും ഉത്തരവായിരുന്നു. പുതുതായി ഉൾപ്പെടുത്തിയ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വീടിന്റെ തറ വിസ്തൃതി സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

ii. പ്രതിമാസം 2000 രൂപ വരെ ഇ.പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും . എന്നാൽ പ്രതിമാസം 2000/- രൂപയ്ക്ക് മുകളിൽ ഇ. പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ്

പെൻഷൻ പ്രതിമാസം 600/- രൂപനിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3) ഇ. പി. എഫ് പെൻഷൻ പ്രതിമാസം 2000 രൂപ വരെ ലഭിക്കുന്നവരുടെ കാര്യത്തിൽ ഇ പി എഫ് പെൻഷൻ ലഭിക്കുന്ന ബാങ്ക് പാസ്സ് ബുക്കോ മറ്റ് ബന്ധപ്പെട്ട രേഖകളോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂ എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ/ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത പാസ്സ് ബുക്കിന്റെ /ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സേവന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

4) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ ബി

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഐ ടി മിഷൻ
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E File no 878985)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അടുത്ത വർഷം മുതൽ (2019-20) നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.374 /2019/തസ്വഭവ തിരുവനന്തപുരം, തീയതി, 21.02.2019

പരാമർശം :- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ തീരുമാനം നം. 3.6

ഉത്തരവ്

പരാമർശത്തിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാന പ്രകാരം, 2.00 ലക്ഷം രൂപ വരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അടുത്ത വർഷം മുതൽ (2019-20) നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ



കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - മാർഗരേഖ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.553/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 07/03/2019

പരാമർശം:- 1. 15.04.2008-ലെ സ.ഉ.(പി)നം.109/2008/ആരോ.ക്ഷേ.വ
2. 02.11.2009 ലെ സർക്കുലർ നമ്പർ 66373/ഡി.എ 1/2009/തസ്വഭവ
3. 23.08.2012 ലെ സ.ഉ.(എം.എസ്)നമ്പർ 228/2012/ തസ്വഭവ
4. 29.10.2015 ലെ സ.ഉ.(സാധാ)നമ്പർ 3217/2015/ തസ്വഭവ
5. 29.11.2017 ലെ സ.ഉ(സാധാ)നം.3845/2017/തസ്വഭവ
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.07.2018 ലെ സർക്കുലർ നമ്പർ പി.എച്ച്.5-51297/18/ഡി.എച്ച്.എസ്
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 27.02.2019 ലെ യോഗത്തിലെ 4.52-ാം നമ്പർ തീരുമാനം

ഉത്തരവ്

ഉയർന്ന ആയുർദൈർഘ്യവും ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളും, ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടേയും തോത് ഗണ്യമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തെ ഫലപ്രദമായി നേരിടുന്നതിന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ പുന:ക്രമീകരിച്ചുകൊണ്ട് ആരോഗ്യവകുപ്പ് പരാമർശം 6 പ്രകാരം മാർഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഇതിന് അനുസൃതമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മാർഗരേഖയിൽ ചില മാറ്റങ്ങൾ അനിവാര്യമായിട്ടുണ്ട്. കൂടാതെ പരിഷ്കരിച്ച മാർഗ്ഗരേഖ നിലവിൽ വന്നതിനുശേഷമുള്ള അനുഭവപാഠങ്ങൾ ഉൾച്ചേർക്കേണ്ടതുമുണ്ട്.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും കമ്മിറ്റിയുടെ പരാമർശം 7 ലെ തീരുമാനപ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാമർശം (4)പ്രകാരം നിലവിലുള്ള മാർഗ്ഗരേഖ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ പ്രകാരം സമഗ്രമായി പരിഷ്കരിച്ച് ഉത്തരവാകുന്നു. പരിഷ്കരിച്ച മാർഗ്ഗരേഖ 2019 ഏപ്രിൽ 1 ന് പ്രാബല്യത്തിൽ വരുന്നതാണ്.

ഗവർണ്ണരുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും മുഖേന) } (പഞ്ചായത്ത് ഡയറക്ടർ
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും മുഖേന) } (നഗരകാര്യ ഡയറക്ടർ
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ഒ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ - പരിഷ്ക്കരിച്ച മാർഗ്ഗരേഖ

1. ആമുഖം

1.1 ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലെയുള്ള കാരണങ്ങളാൽ ശരീരം തളർന്ന കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹരോഗികൾ, ആസ്ത്മ രോഗികൾ, അപസ്മാര രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, സാധാരണ ജീവിതം നയിക്കാൻ കഴിയാത്ത രീതിയിൽ ബുദ്ധിമാന്ദ്യമുള്ളവർ, പ്രായാധിക്യം മൂലം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങൾക്ക് പരസഹായവും ആവശ്യമുള്ള നിരവധി രോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും മാനസികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പൊതു സമൂഹത്തിന്റെ മുഴുവൻ പിന്തുണയും അത്യാവശ്യമാണ്.

1.2 1990 കളിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് കേരളത്തിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പിന്നീട് 'സാന്ത്വനമേകാൻ അയൽക്കണ്ണികൾ' (Neighbourhood Network in Palliative Care (NNPC)) എന്ന പേരിൽ ഇതൊരു ജനകീയാരോഗ്യ പ്രവർത്തനമായി മാറി. 2008-ൽ പാലിയേറ്റീവ് കെയർ നയരേഖ പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം. 2009-ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതെങ്ങനെയെന്ന് വിശദീകരിച്ചുകൊണ്ടുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കി. 2012-ൽ പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് മാർഗ്ഗരേഖ പരിഷ്കരിച്ചു. വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015-ൽ മാർഗ്ഗരേഖ വീണ്ടും പരിഷ്കരിച്ചു.

1.3 ഇപ്പോൾ കേരളത്തിൽ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്രാഥമിക പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ചിട്ടയായ രീതിയിൽ നടന്നു വരുന്നു. കൂടാതെ സി.എച്ച്.സി/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികൾ കേന്ദ്രീകരിച്ചുകൊണ്ട് വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടന്നുവരുന്നു. എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ പരിശീലന കേന്ദ്രങ്ങളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. കൂടാതെ സന്നദ്ധ സംഘടനകളും നൂറുകണക്കിന് സന്നദ്ധ പ്രവർത്തകരും ഈ മേഖലയിൽ നിസ്തുലമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

1.4 ഇതുവരെയുള്ള പ്രവർത്തനാനുഭവങ്ങൾ വിലയിരുത്തിയതിൽനിന്നും നിലവിലുള്ള മാർഗ്ഗരേഖയിൽ ചില കൂട്ടിച്ചേർക്കലുകളും ഭേദഗതികളും ആവശ്യമാണെന്ന് ബോധ്യപ്പെട്ടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള മാർഗ്ഗരേഖ ചുവടെ വിവരിക്കുന്ന പ്രകാരം സമഗ്രമായി പരിഷ്കരിക്കുന്നു.

പരിശോധിക്കുക, ജീവിത ശൈലി മാറ്റങ്ങൾക്കാവശ്യമായ ക്ലാസുകളും പരിശീലന പരിപാടികളും നടത്തുക, മുതിർന്ന പൗരൻമാർക്കായി പകൽ വീടുകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ സബ് സെന്റർ തലത്തിൽ നടത്താവുന്നതാണ്. കൂടാതെ ഇത്തരം രോഗികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, സർക്കാരിതര സംഘടനകൾ, പൊതുസമൂഹം തുടങ്ങിയവരുടെ സഹായ സഹകരണങ്ങളോടെ നൽകാവുന്ന പരമാവധി സാമൂഹിക പിന്തുണ ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

2.3.2 തുടർച്ചയായി മരുന്നുകൾ ആവശ്യമായവരെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ പ്രാദേശിക ആരോഗ്യരംഗത്തിടപെടുന്ന ആരോഗ്യ കേന്ദ്രത്തിലെ ഒ.പി.യിലേക്കും നഴ്സിംഗ് പരിചരണം ആവശ്യമായവരെ തുടർ പരിചരണത്തിനായി ഹോം കെയർ യൂണിറ്റിലേക്കും റഫർ ചെയ്യേണ്ടതാണ്.

2.4 ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ (പ്രാഥമിക യൂണിറ്റ്) തല പ്രവർത്തനങ്ങൾ

2.4.1 ഗൃഹകേന്ദ്രീകൃത പരിചരണം

(1) വാർഡ് തലത്തിൽ നിന്നും സബ് സെന്റർ തലത്തിൽ നിന്നും റഫർ ചെയ്യപ്പെടുന്ന രോഗികളെയും നേരിട്ട് പരിചരണം ആവശ്യപ്പെട്ട് യൂണിറ്റിനെ സമീപിക്കുന്നവരെയും കണ്ട ശേഷം നഴ്സിംഗ് പരിചരണം ആവശ്യമുണ്ടെന്ന് കണ്ടെത്തുന്നവരെ, തുടർ പരിചരണത്തിനായി രജിസ്റ്റർ ചെയ്യുകയും ആവശ്യമായവർക്ക് കൃത്യമായ ഇടവേളകളിൽ ഗൃഹകേന്ദ്രീകൃത അടിസ്ഥാന നഴ്സിംഗ് പരിചരണം (ഹോംകെയർ) നൽകുകയും ചെയ്യേണ്ടതാണ്. ആഴ്ചയിൽ നാലു ദിവസമെങ്കിലും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ ഏകദേശം 8 രോഗികളെ കാണാനാവുന്ന വിധത്തിൽ ഹോംകെയർ സന്ദർശനങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്. ആവശ്യമായ സാധനങ്ങൾ അടങ്ങിയ ഹോം കെയർ കിറ്റ് പരിചരണത്തിനു വേണ്ടി ഉപയോഗിക്കണം. ഇതിൽ ആവശ്യമായ സാധനങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ആരോഗ്യ സ്ഥാപനമാണ്. ഓരോ രോഗിയുടെയും പരിചരണം സംബന്ധിച്ചുള്ള വിവരങ്ങൾ കേസ് ഷീറ്റിലും രോഗിയുടെ കൈയിൽ സൂക്ഷിക്കുന്ന ചികിത്സാ രേഖയിൽ ചുരുക്കമായും നഴ്സ്/ആശ/ഹോംകെയർ ടീം അംഗങ്ങൾ രേഖപ്പെടുത്തണം.

(2) അലോപ്പതി ചികിത്സയോടൊപ്പമോ അല്ലാതെയോ, ആയുർവ്വേദ/ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന / അവലംബിക്കേണ്ട കിടപ്പിലായ രോഗികളുണ്ടെങ്കിൽ അത്തരം രോഗികളെ സന്ദർശിക്കുന്നതിനായി മാസത്തിൽ ആകെയുള്ള ഹോംകെയർ ദിനങ്ങളിൽ ഒന്നോ രണ്ടോ ദിനങ്ങൾ നിശ്ചയിക്കാവുന്നതും അങ്ങനെ സന്ദർശനം നടത്തുന്ന ടീമിൽ സർക്കാർ ആയുർവ്വേദ/ഹോമിയോപ്പതി ആശുപത്രിയിലെ ഡോക്ടർ ഉണ്ടായിരിക്കേണ്ടതുമാണ്.

(3) 30,000 ത്തിൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഹോംകെയർ പരിചരണം നൽകേണ്ട രോഗികളുടെ എണ്ണവും പദ്ധതി തുകയുടെ ലഭ്യതയും പരിഗണിച്ച് ആവശ്യമെങ്കിൽ ഒന്നിലധികം ഹോം കെയർ ടീമുകൾ, ഈ മാർഗ്ഗരേഖയുടെ ഖണ്ഡിക 2.9.1 പ്രകാരം രൂപീകരിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ (പി.എം.സി.) തീരുമാന പ്രകാരം ആരംഭിക്കാവുന്നതാണ്. ഒന്നിലധികം യൂണിറ്റുകൾ രൂപീകരിച്ചാൽ ഓരോ യൂണിറ്റും ഗൃഹസന്ദർശനം നടത്തേണ്ട വീടുകൾ ഏതൊക്കെയെന്ന് തീരുമാനിച്ച് ഓരോ യൂണിറ്റിന്റെയും ചുമതലയിൽ വരുന്ന രോഗികളെ സംബന്ധിച്ച വിവരങ്ങൾ വെവ്വേറെ തുടർ പരിചരണ ഹോം കെയർ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(4) ഹോം കെയർ ടീം നടത്തുന്ന ഗൃഹസന്ദർശനം, നഴ്സിംഗ് പരിചരണവും മരുന്നു വിതരണവും നടത്താൻ വേണ്ടി മാത്രമല്ല എന്ന് ടീമിന് ബോദ്ധ്യമുണ്ടായിരിക്കണം. ഇവയ്ക്ക് പുറമെ, രോഗിയെ പരിചരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കുടുംബാംഗങ്ങൾക്ക് നൽകുക, മാനസികമായി അവർക്ക് പ്രചോദനം നൽകുക എന്നിവ കൂടി ചെയ്യേണ്ടതാണ്.

(5) ഹോംകെയറിന്റെ വിശദാംശങ്ങൾ ഖണ്ഡിക 2.6, 2.7 എന്നിവയിൽ നൽകിയിട്ടുണ്ട്.

2.4.2 ഒ.പി

തുടർച്ചയായി മരുന്നു കഴിക്കുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ പി.എച്ച്.സി/ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ തീരുമാനിക്കുന്നതനുസരിച്ച് ആറാഴ്ച വരെ നൽകാവുന്നതാണ്. ദീർഘകാല രോഗമുള്ളവർക്കായി ഒ.പി ടിക്കറ്റിനുപകരം രോഗത്തിന്റെയും ചികിത്സയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ ചികിത്സാരേഖ നൽകാവുന്നതാണ്. ഇത് തുടർ പരിചരണത്തിന്റെ ഏകോപനത്തിനും സഹായകമാണ്. രോഗിയെ പരിചരിക്കുന്ന എല്ലാവർക്കും (ഡോക്ടർ, കമ്മ്യൂണിറ്റി നഴ്സ്, സന്നദ്ധ പ്രവർത്തകർ) രോഗിയുടെ അവസ്ഥയും ചികിത്സയും രേഖപ്പെടുത്താൻ ഇത് ഉപയോഗിക്കാം. ഒ.പി യ്ക്കുവേണ്ടി പ്രത്യേക ദിവസം മാറ്റി വയ്ക്കേണ്ടതില്ല. ബുക്കുമായി എത്തുന്ന രോഗിക്കോ പരിചാരകർക്കോ ഏതു ദിവസവും മരുന്നുകളും പരിചരണ സാമഗ്രികളും നൽകാവുന്നതാണ്. എന്നാൽ ഓരോ ആഴ്ചയിലും വന്ന രോഗികളുടെ വിവരങ്ങൾ കമ്മ്യൂണിറ്റി നഴ്സ് ഒ.പി രജിസ്റ്ററിൽ നിന്നും ഡോക്ടറിൽ നിന്നും മനസിലാക്കി ആവശ്യമായവർക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പുവരുത്തേണ്ടതാണ്.

2.4.3 പരിചരണ സാമഗ്രികൾ

രോഗികൾക്കാവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വീൽ ചെയർ, കമ്മോഡ് ചെയർ, എയർ കുഷൻ തുടങ്ങിയവ പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റ്/ സബ് സെന്റർ / വാർഡ് തലത്തിൽ നൽകാവുന്നതാണ്.

2.4.4 സാമൂഹ്യ പിന്തുണ

വാർഡ്, സബ് സെന്റർ തലത്തിൽ ലഭിക്കുന്ന സഹായങ്ങൾക്കൊപ്പം ഭക്ഷണം, കട്ടിലുടെ വിദ്യാഭ്യാസം, പെൻഷൻ, ധനസഹായം തുടങ്ങിയവയ്ക്കായി സർക്കാർ, സർക്കാരിതര ഏജൻസികളുടെ സഹായങ്ങൾ പരമാവധി രോഗികൾക്കെത്തിക്കാനുള്ള ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ നടപ്പാക്കി കഴിയുന്നത്ര രോഗികളെ സ്വയം പര്യാപ്തരാക്കാൻ ശ്രമിക്കണം.

2.4.5 ബോധവൽക്കരണ, പരിശീലന പരിപാടികൾ

(1) ഹോം കെയർ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് പ്രത്യേക ത്രിദിന പ്രായോഗിക പരിശീലനം നൽകണം. പരിചരണ പ്രവർത്തനങ്ങളുടെ ആവശ്യകതയും ഉദ്ദേശ്യ ലക്ഷ്യങ്ങളും ബോധ്യമാവുകയും പ്രവർത്തനങ്ങളെപ്പറ്റിയുള്ള കൃത്യമായ ധാരണ രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് പരിശീലനത്തിന്റെ ലക്ഷ്യം. രോഗികൾക്ക് വീടുകളിൽ നൽകുന്ന പരിചരണത്തിനും ആരോഗ്യ സ്ഥാപനങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളിലും പങ്കാളികളാക്കിയും പ്രവർത്തനങ്ങൾ പഠിപ്പിച്ചുകൊണ്ടുമുള്ള പരിശീലനമാണ് നൽകേണ്ടത്. ഇങ്ങനെ നടത്തപ്പെടുന്ന പരിശീലനങ്ങൾക്ക് ഒരാൾക്ക് ഒരു ദിവസം 100 രൂപ എന്ന നിരക്കിൽ ചെലവഴിക്കാവുന്നതാണ്. പരിശീലനം 20 മുതൽ 30 വരെ ആളുകളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതാണ് അഭികാമ്യം. ഇപ്രകാരം ഒരു വർഷത്തിൽ 100 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകാൻ ശ്രമിക്കണം. പാലിയേറ്റീവ് കെയറിനുവേണ്ടിയല്ലാതെ നടത്തപ്പെടുന്ന യോഗങ്ങളിലും പരിശീലന പരിപാടികളിലും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം

നടത്തുവാൻ ശ്രമിക്കണം. ഇതിനുവേണ്ടി പണം ചെലവഴിക്കുവാൻ പാടില്ല. സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കായി പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.

(2) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വരെയോ, ജില്ലാതലത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നവരെയോ പരിശീലകരായി നിശ്ചയിക്കാവുന്നതാണ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ ജില്ലാതല പാലിയേറ്റീവ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും പങ്കാളിത്തത്തിലുമായിരിക്കണം ഈ പരിശീലനം നൽകേണ്ടത്. പരിശീലനത്തിനുള്ള ചെലവ് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുത്തി വഹിക്കാവുന്നതാണ്.

2.4.6 രോഗികളുടെയും കുടുംബങ്ങളുടെയും ഒത്തുചേരലുകൾ

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരൽ തദ്ദേശഭരണസ്ഥാപനം/ സബ് സെന്റർ/ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ രോഗികൾക്കും കുടുംബാംഗങ്ങൾക്കും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരസ്പരം പങ്കുവയ്ക്കുവാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാൻ ആത്മ വിശ്വാസം ലഭിക്കുവാനും ഉപകരിക്കും. കൂടാതെ മാനസിക ഉല്ലാസത്തിന് ആവശ്യമായ കലാകായിക പരിപാടികൾ, നൈപുണ്യ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതുമാണ്. ഇങ്ങനെയുള്ള പരിപാടികൾ 10 മുതൽ 30 രോഗികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്നതായിരിക്കും അഭികാമ്യം.

2.4.7 റഫറൽ സംവിധാനം

ദീർഘകാലരോഗങ്ങൾ ബാധിച്ചവരിൽ വിദഗ്ധ പരിചരണം ആവശ്യമായവരെ സി.എച്ച്.സി/താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലെ വിദഗ്ധ പാലിയേറ്റീവ് യൂണിറ്റിലേക്ക് റഫർ ചെയ്യണം. അതുപോലെ, പെട്ടന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിനും താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലേക്ക് റഫർ ചെയ്യാവുന്നതാണ്.

2.4.8 മറ്റ് പരിചരണ സംവിധാനങ്ങൾ

ഓരോ തദ്ദേശ ഭരണ സ്ഥാപന പരിധിയിലുമുള്ള രോഗികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് രോഗികൾക്കാവശ്യമായ പരിചരണ സംവിധാനങ്ങൾ - മാനസിക വൈകല്യമുള്ളവർക്ക് പകൽവീട്, മുതിർന്ന പൗരൻമാർക്ക് ഡേ കെയർ സംവിധാനം, പാരാപ്ലീജിയ രോഗങ്ങൾക്ക് തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ തുടങ്ങിയവ - സംഘടിപ്പിക്കാവുന്നതാണ്.

2.5 ധനാഗമ മാർഗ്ഗങ്ങൾ

പ്രാഥമിക യൂണിറ്റിന്റെ പ്രധാന ധനസ്രോതസ്സ് തദ്ദേശഭരണ സ്ഥാപനം നടപ്പിലാക്കുന്ന പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരമുള്ള ഫണ്ടാണ്. സർക്കാരിതര സംഘടനകൾ, വ്യക്തികൾ തുടങ്ങി പൊതുസമൂഹത്തിൽ നിന്നുള്ള സംഭാവനകളും സ്വീകരിക്കാവുന്നതാണ് (ഖണ്ഡിക 2.12 കാണുക).

2.6 ഹോം കെയർ ടീം

2.6.1 ഓരോ ദിവസവും ഹോം കെയറിന് പോകുന്ന ടീമിൽ പാലിയേറ്റീവ് കെയറിൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു കമ്മ്യൂണിറ്റി നഴ്സ് ഉണ്ടായിരിക്കണം. നഴ്സിനു പുറമെ വാർഡ് മെമ്പർ/കൗൺസിലർ, സർക്കാർ മേഖലയിലെ ഒരു ആരോഗ്യ പ്രവർത്തക/ പ്രവർത്തകൻ, ഒരു ആശ പ്രവർത്തക, പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ, പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവത്തകർ മുതലായവർ ചാക്രികാടിസ്ഥാ

നത്തിൽ പങ്കെടുക്കേണ്ടതാണ്. ഗൃഹ സന്ദർശനം നടത്തുമ്പോൾ രോഗികൾക്കുവേണ്ടി സാമൂഹിക-സാമ്പത്തിക പിന്തുണ നൽകിക്കൊണ്ടിരിക്കുന്ന സാമൂഹിക പ്രവർത്തകരുമായി കൂടിയാലോചിച്ച് മികച്ച പിന്തുണ ലഭ്യമാക്കാൻ ശ്രമിക്കണം.

2.6.2 വിവിധ ആശുപത്രികളിൽ നിന്ന് ചികിത്സ ലഭിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്ക് പരിചരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നിലവിൽ ചികിത്സിക്കുന്ന ടീമുമായി ബന്ധപ്പെട്ട കൊണ്ട് നൽകാൻ ഹോം കെയർ ടീം ശ്രദ്ധിക്കണം. മറ്റ് രോഗികൾക്ക് ചികിത്സയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്നതും ഹോം കെയർ പരിചരണ പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കുന്നതുമായ സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ (അലോപ്പതി/ ആയുർവ്വേദം/ ഹോമിയോപ്പതി) ഹോംകെയർ ടീമിന് നൽകേണ്ടതാണ്. കൂടാതെ അതാതു പ്രദേശത്തുള്ള ഡോക്ടർമാർ. നെഴ്സുമാർ എന്നിവർക്ക് പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകി രോഗികൾക്ക് വീടുകളിൽ പരിചരണം മെച്ചപ്പെടുത്താനാവുന്ന പിന്തുണ നൽകുവാൻ ശ്രമിക്കണം.

2.6.3 അതാതു ദിവസത്തെ ഗൃഹ സന്ദർശന വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തുന്നതിനുള്ള പുസ്തകത്തിൽ (ഹോം കെയർ റിപ്പോർട്ട് ബുക്ക്) ടീമിനോടൊപ്പമുള്ള ആശ/ സന്നദ്ധ പ്രവർത്തകർ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. തുടങ്ങിയ സമയം, ഓരോ രോഗിയുടെയും വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, രോഗിയുടെ അവസ്ഥ, ചെയ്ത കാര്യങ്ങൾ, ആകെ കണ്ട രോഗികൾ, പുതിയവർ, ഫോളോ അപ്, ഉച്ച ഭക്ഷണത്തിനു നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീം അംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ ഈ ബുക്കിൽ രേഖപ്പെടുത്തണം.

2.6.4 ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്കു സമർപ്പിച്ച് ഹോം കെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്.

2.6.5 ഹോം കെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറു പേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ്, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ, പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സിയുടെ തീരുമാനപ്രകാരം ചെലഴിക്കാവുന്നതുമാണ്. എന്നിരുന്നാലും പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭിക്കുവാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

2.7 ഹോം കെയർ കിറ്റ്

2.7.1 ഹോം കെയർ കിറ്റിലേക്ക് ആവശ്യമുള്ള സാമഗ്രികൾ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർക്കുന്ന അലോപ്പതി ആരോഗ്യ സ്ഥാപനത്തിൽനിന്നും ഹോം കെയർ യൂണിറ്റിന് നൽകേണ്ടതാണ്. പ്രസ്തുത കേന്ദ്രത്തിൽ മതിയായ സ്റ്റോക്കില്ലാത്ത സാമഗ്രികൾ തദ്ദേശ ഭരണ സ്ഥാപനം നടപ്പാക്കുന്ന പാലിയേറ്റീവ് പരിചരണ പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങി നൽകാവുന്നതാണ്. സ്റ്റോക്കില്ലാത്തതുമൂലം കിറ്റിലേക്ക് ആവശ്യമായ

സാധന സാമഗ്രികൾ ഹോംകെയർ ടീമിന് നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാൻ പാടില്ല. ഏകദേശ ആവശ്യകത കണക്കിലെടുത്ത് മൂന്നോ നാലോ മാസത്തേക്ക് ആവശ്യമായവ എപ്പോഴും സ്റ്റോക്കിൽ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സാധന സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമാക്കേണ്ട ഉത്തരവാദിത്തം പി.എം.സിയുടെ മെമ്പർ സെക്രട്ടറിക്കായിരിക്കുന്നതാണ്. ഇങ്ങനെ വാങ്ങുന്ന സാമഗ്രികളുടെ സ്റ്റോക്ക് സൂക്ഷിപ്പ് മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനത്തിലെ ഫാർമസിസ്റ്റിന്റെ ചുമതലയായിരി ക്കുന്നതാണ്.

2.7.2 ഹോം കെയർ ടീമിന് ആവശ്യമായ സാമഗ്രികൾ കൃത്യമായ ഇടവേളകളിൽ ഹോം കെയറിന് നേതൃത്വം നൽകുന്ന നെഴ്സിന് സബ് സ്റ്റോക്കായി നൽകേണ്ടതും അതിന്റെ സബ് സ്റ്റോക്ക് രജിസ്റ്റർ (പേര്, എണ്ണം, സ്പെസിഫിക്കേഷൻ, ബാച്ച് നമ്പർ, കാലാവധി കഴിയുന്ന തീയതി, സാധന സാമഗ്രികൾ ലഭിച്ച തീയതി, എവിടെ നിന്ന് ലഭിച്ചു, ഓരോ രോഗിക്കും വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ) നഴ്സ് സൂക്ഷിക്കേണ്ടതുമാണ്.

2.8 ഹോം കെയർ വാഹനം

2.8.1 ഹോം കെയർ ടീമിന് രോഗികളുടെ വിടുകളിലെത്തി പരിചരണം നൽകുവാൻ ആവശ്യമായ വാഹനം തദ്ദേശ ഭരണ സ്ഥാപനം ഏർപ്പെടുത്തണം. അതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.8.2 തദ്ദേശ ഭരണ സ്ഥാപനത്തിന്റെയോ ആരോഗ്യ സ്ഥാപനത്തിന്റെയോ വാഹനങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്നവ സൗകര്യപ്പെടുന്ന ദിവസങ്ങളിൽ അനുവദിച്ചു നൽകാവുന്ന താണ്. ഇങ്ങനെ അനുവദിക്കുന്ന വാഹനങ്ങളുടെ ഇന്ധനച്ചിലവ്, ഡ്രൈവറുടെ വേതനം തുടങ്ങിയവ ഉൾപ്പെടുത്തി ഒരു ദിവസം വാഹനം ഓടുന്നതിന് ചെലവാകുന്ന നിയമാനുസൃത തുക, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കണക്കാക്കണം. ഈ തുക വാഹനമോടുന്ന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

2.8.3 മേൽപ്പറഞ്ഞ രീതിയിൽ വാഹനം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാഹനം ദിവസം/ മാസ വാടകയ്ക്ക് എടുക്കാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്റ്റോർപർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന/ പ്രതിമാസ നിരക്ക് കോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്കെടു ക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കേ ണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും. കാലാവധി അവസാനിക്കുന്നതിനുമുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്. പൊതു സമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ വാഹനം ലഭിക്കുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ ശ്രമിക്കേണ്ടതാണ്.

2.8.4 മാസവാടകയ്ക്ക് വാഹനം എടുക്കുകയാണെങ്കിൽ കമ്മ്യൂണിറ്റി നെഴ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന ഹോം കെയർ ദിവസങ്ങൾക്കുശേഷമുള്ള ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പരിധിയിൽ ദീർഘകാല രോഗങ്ങളാൽ പ്രയാസമനുഭ വിക്കുന്ന ആളുകൾക്ക് പരിചരണം ലഭ്യമാക്കുന്നതിന് ആശുപത്രിയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ഈ വാഹനം ഉപയോഗപ്പെടുത്താവുന്നതാണ്.

2.9 ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിലുള്ള മേൽനോട്ടവും അവലോകനവും

2.9.1 പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ചുവടെ പ്രതിപാദിച്ചിട്ടുള്ള ഘടനയിൽ ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത്/ നഗര ഭരണ സ്ഥാപനം രൂപീകരിക്കേണ്ടതാണ്.

1	ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർ പേഴ്സൺ/ കോർപ്പറേഷൻ മേയർ	:	ചെയർ പേഴ്സൺ
2	ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ / കോർപ്പറേഷനിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	:	വൈസ് ചെയർ പേഴ്സൺ
3	ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ	:	മെമ്പർ
4	ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ / കോർപ്പറേഷൻ സെക്രട്ടറി	:	"
5	തദ്ദേശ ഭരണ സ്ഥാപനം തീരുമാനിക്കുന്ന രണ്ട് ജന പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം)	:	മെമ്പർമാർ
6	കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റ്	:	മെമ്പർ
7	സി.ഡി.എസ് മെമ്പർ സെക്രട്ടറി	:	"
8	ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് മെമ്പർമാർ	:	മെമ്പർമാർ
9	ഹോം കെയർ സംവിധാനം നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത ഹോം കെയർ ടീമിലെ പരിശീലനം ലഭിച്ച രണ്ട് സന്നദ്ധ പ്രവർത്തകർ	:	"
10	മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി/ ആശുപത്രി	:	മെമ്പർ
11	മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഡിസ്പെൻസറി/ ആശുപത്രി	:	"
12	ഹോം കെയറിന് നിയോഗിക്കപ്പെട്ടുന്ന നഴ്സ്	:	"
13	തദ്ദേശ ഭരണ സ്ഥാപനത്തിലെ പ്രാഥമിക ആരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ	:	"
14	മെഡിക്കൽ ഓഫീസർ/ നിർവഹണ ഉദ്യോഗസ്ഥൻ - (പ്രാഥമിക ആരോഗ്യ കേന്ദ്രം/ എഫ്.എച്ച്.സി/ സി.എച്ച്.സി/ ഗവ.ആശുപത്രി/ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രി)	:	മെമ്പർ സെക്രട്ടറി

2.9.2 പി.എം.സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തെയും പ്രവർത്തന-അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പാലിയേറ്റീവ് കെയർ പരിചരണം മെച്ചപ്പെടുത്തുന്നതിന് തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ

പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരേയും ഈ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ധരെയും ഈ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്.

2.9.3 ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ എല്ലാ മാസവും ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകനയോഗം തദ്ദേശ ഭരണ സ്ഥാപനത്തിൽ വച്ച് നടത്തേണ്ടതാണ്. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗം നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. ഈ അവലോകന യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ പ്രോജക്ട് ഉൾപ്പടെ വിവിധ ആരോഗ്യ പദ്ധതികളുടെ അവലോകനം, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ അവലോകനം ചെയ്യുകയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയും വേണം. ഇപ്രകാരം നടത്തുന്ന മാസ അവലോകന യോഗങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ശ്രമിക്കേണ്ടതാണ്.

2.10. ഹോംകെയർ പ്രവർത്തനങ്ങളുടെ ഏകോപനം

ഒരു തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ സർക്കാർ തല പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കൂടാതെ സന്നദ്ധ സംഘടനകളുടെയും മറ്റു പല ഏജൻസികളുടെയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടാകും. ഇവയുടെ ഏകോപനത്തിനായി ഇത്തരം യൂണിറ്റുകളുടെ ഡോക്ടർ, നേഴ്സ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ യോഗം പി.എം.സി ക്ക് വിളിച്ചുചേർത്തു ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

2.11. പുനരധിവാസ പ്രവർത്തനങ്ങൾ

തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന പാലിയേറ്റീവ് കെയർ രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതാണ്.

2.12. വിഭവ സമാഹരണം

2.12.1 ഹോംകെയർ സംവിധാനവും അനുബന്ധപ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. മനുഷ്യസ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലായവരിൽ നിന്നും ഇപ്രകാരം സംഭാവനയിനത്തിൽ സമാഹരിക്കുന്ന ഫണ്ടിന്റെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും വേണ്ടി തദ്ദേശഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രിയിലെ എച്ച്.എം.സി.ക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. സംഭാവന നൽകുന്നവർക്ക് "പാലിയേറ്റീവ് പരിചരണ പദ്ധതി-സംഭാവന" എന്ന് രേഖപ്പെടുത്തിയ പ്രത്യേക കൈപ്പറ്റ് രസീത് (കാർബൺ പേപ്പർ വച്ച് ഡ്യൂപ്ലിക്കേറ്റ് പകർപ്പ് സഹിതമുള്ളത്) നൽകുകയും ലഭിക്കുന്ന ഫണ്ടിന്റെയും വിനിയോഗത്തിന്റെയും കണക്കുകൾ പ്രത്യേക രജിസ്റ്ററിൽ

തയ്യാറാക്കി സൂക്ഷിക്കുകയും അവ ഓഡിറ്റിന് ഹാജരാക്കുകയും വേണം. രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കുകയും വേണം.

2.12.2 പണമായോ സാധനസാമഗ്രികളായോ ലഭിക്കുന്ന വിഭവ സമാഹരണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു Cash & assets donation register ഉണ്ടായിരിക്കേണ്ടതാണ്.

2.12.3 എച്ച്.എം.സി.യിൽ നിന്ന് പണം പിൻവലിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിയേറ്റീവ് പരിചരണ പ്രോജക്ടിന് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് ബാധകമായിരിക്കുകയില്ല. ബന്ധപ്പെട്ട പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്ക് എച്ച്.എം.സി യുടെ മെമ്പർ സെക്രട്ടറി പണം വിനിയോഗിക്കുകയും തുടർന്ന് എച്ച്.എം.സി യോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയും ചെയ്യുക എന്ന രീതി അവലംബിക്കേണ്ടതാണ്. ഇതും തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ്-ചെലവ് കണക്ക പുസ്തകത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2.13. പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച നഴ്സിന്റെ സേവനം ലഭ്യമാക്കൽ

2.13.1 പാലിയേറ്റീവ് പരിചരണത്തിന്റെ വിജയകരമായ നടത്തിപ്പിന് പാലിയേറ്റീവ് കെയറിൽ പ്രത്യേക പരിശീലനം ലഭിച്ച നഴ്സിന്റെ (കമ്മ്യൂണിറ്റി നഴ്സിന്റെ) സേവനം ആവശ്യമാണ്. ജനസംഖ്യ അനുസരിച്ച് കൂടുതൽ ഹോംകെയർ യൂണിറ്റുകൾ ആവശ്യമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഒരു യൂണിറ്റിന് ഒന്ന് എന്ന അനുപാതത്തിൽ കമ്മ്യൂണിറ്റി നേഴ്സുമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

2.13.2 പുതുതായി നിയോഗിക്കപ്പെടുന്നവർ താഴെ പറയുന്ന രണ്ടു യോഗ്യതകളിൽ എതെങ്കിലും ഒരു യോഗ്യത ഉള്ളവരായിരിക്കണം.

(1) ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് ഓക്സിലറി നേഴ്സിംഗ് ആന്റ് മിഡ്വൈഫറി (എ.എൻ.എം) കോഴ്സ് / ജെ.പി.എച്ച്.എൻ കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്ന് മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് ആക്സിലറി നേഴ്സിംഗ് (ബി.സി.സി.പി.എ.എൻ) കോഴ്സ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന് മൂന്ന് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിറ്റി പാലിയേറ്റീവ് നേഴ്സിംഗ് (സി.സി.സി.പി.എ.എൻ) കോഴ്സ് പാസായിരിക്കണം .

(2) ജനറൽ നഴ്സിംഗ് ആൻഡ് മിഡ്വൈഫറി കോഴ്സ്/ ബി.എസ്.സി നഴ്സിംഗ് കോഴ്സ് പാസായിരിക്കണം. കൂടാതെ ആരോഗ്യ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നും ഒന്നര മാസത്തെ ബേസിക് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാലിയേറ്റീവ് നഴ്സിംഗ് (ബി.സി.സി.പി.എൻ) പാസായിരിക്കണം.

2.13.3 ബി.സി.സി.പി.എൻ., ബി.സി.സി.പി.എ.എൻ., സി.സി.സി.പി.എൻ. എന്നിവയിലേതെങ്കിലും ഒരു യോഗ്യതയോടുകൂടി മാത്രം കരാർ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ മുൻകാലങ്ങളിൽ നിയോഗിക്കപ്പെട്ട് നിലവിൽ പ്രവർത്തിച്ചു വരുന്ന എല്ലാ കമ്മ്യൂണിറ്റി നേഴ്സുമാരെയും തൽസ്ഥാനത്ത് തുടർന്ന് കരാർ അടിസ്ഥാന ത്തിൽ പ്രവർത്തിക്കുവാൻ അനുവദിക്കേണ്ടതാണ്.

2.13.4 നിലവിൽ കമ്മ്യൂണിറ്റി നേഴ്സായി പ്രവർത്തിച്ചുവരുന്നവരും പുതുതായി നിയോഗിക്കപ്പെടുന്നവരും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുമായി ഓരോ വർഷവും കരാറിൽ ഏർപ്പെടേണ്ടതാണ്.

2.13.5 കമ്മ്യൂണിറ്റി നഴ്സ് പ്രവൃത്തി ദിവസങ്ങളിൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 മണിവരെ തദ്ദേശഭരണ സ്ഥാപന പരിധിയിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടതാണ്. കമ്മ്യൂണിറ്റി നഴ്സിന്റെ ഹാജർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

2.13.6 മേൽപ്പറഞ്ഞ പ്രകാരം സേവനമനുഷ്ഠിക്കുന്ന നഴ്സിന് ഒരു മാസത്തേയ്ക്ക് 15,000 രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്. ഇത് പി.എം.സി തീരുമാനപ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നൽകേണ്ടതാണ്. കമ്മ്യൂണിറ്റി നഴ്സിന് പ്രവൃത്തി ചെയ്ത ഓരോ മാസത്തേയും ഹോണറേറിയം അടുത്തമാസം 10-ാം തീയതിക്കകം നൽകേണ്ടതാണ്. വർഷത്തിൽ 12 മാസം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ 12 മാസവും ഹോണറേറിയം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടാകാൻ പാടില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാത്തതുമൂലം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും ഹോണറേറിയം നൽകാൻ കഴിയാതെ വന്നാൽ, അങ്ങനെയുള്ള മാസങ്ങളിൽ ഹോണറേറിയം തല്ക്കാലം തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട്, എച്ച്.എം.സി. ഫണ്ട് എന്നിവയിൽ നിന്നും നൽകേണ്ടതും പിന്നീട് പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ, അങ്ങനെ നൽകിയ തുക പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് പിൻവലിച്ച് അതാതു ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

2.13.7 സർക്കാർ വർഷംതോറും നിശ്ചയിക്കുന്ന നിരക്കിലുള്ള ഉത്സവബത്ത പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്മ്യൂണിറ്റി നേഴ്സിന് അനുവദിച്ചു നൽകാവുന്നതാണ്.

2.13.8 നിയോഗിക്കപ്പെടുന്ന നഴ്സിന് ഒരു കലണ്ടർ വർഷത്തിലെ അവധി ദിവസങ്ങൾ റിപ്പബ്ലിക്ക് ദിനം, വിഷു, ദുഃഖ വെള്ളിയാഴ്ച്ച, റംസാൻ, സ്വാതന്ത്ര്യ ദിനം, തിരുവോണം, ഗാന്ധി ജയന്തി, ബക്രീദ്, ക്രിസ്തുമസ് എന്നിങ്ങനെ ഒൻപതു ദിവസങ്ങളിലായി നിജപ്പെടുത്തിയിരിക്കുന്നു.

2.13.9 നിയോഗിക്കപ്പെടുന്ന നഴ്സിന് ഒരു സാമ്പത്തിക വർഷത്തിൽ ആകെ 20 കാഷ്വൽ ലീവ് അനുവദനീയമാണ്. എന്നാൽ ഒരു മാസം അഞ്ചിൽ കൂടുതൽ കാഷ്വൽ ലീവ് അനുവദിക്കുവാൻ പാടുള്ളതല്ല. കൂടുതൽ ലീവ് എടുത്താൽ ഹോണറേറിയം ആനുപാതികമായി കുറയ്ക്കേണ്ടതാണ്.

2.13.10 ആരോഗ്യവകുപ്പും ബ്ലോക്ക്/ജില്ലാപഞ്ചായത്തും വിളിച്ചു ചേർക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുന്ന കമ്മ്യൂണിറ്റി നഴ്സുമാർക്ക് ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ യാത്രാ ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് നൽകാവുന്നതാണ്.

2.13.11 ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും, പരിശീലന പരിപാടികൾ/ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുന്നതിനും, സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനുമായി കമ്മ്യൂണിറ്റി നഴ്സിന് പ്രതിമാസം 200 രൂപാ വീതം ഫോൺ ചാർജ്ജ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകേണ്ടതാണ്.

2.13.12 കമ്മ്യൂണിറ്റി നേഴ്സുമാർക്ക് ഗൃഹസന്ദർശന വേളയിൽ രോഗീപരിചരണത്തിലേർപ്പെടുമ്പോൾ ഉപയോഗിക്കുന്നതിനായി കോട്ട് അനുവദിച്ചു നൽകേണ്ടതാണ്.

2.13.13 കമ്മ്യൂണിറ്റി നേഴ്സിന് നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് കരാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധി ഹോണറേറിയത്തോടുകൂടി അനുവദിക്കാവുന്നതും ഇതിനുള്ള തുക പദ്ധതിയിൽ വകയിരുത്താവുന്നതുമാണ്.

2.13.14 അസുഖങ്ങൾ മൂലമോ പ്രസവാവധി നൽകേണ്ട സാഹചര്യത്തിലോ മറ്റു കാരണങ്ങളാലോ കമ്മ്യൂണിറ്റി നേഴ്സിന്റെ സേവനം തുടർച്ചയായി ലഭിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിന്, യോഗ്യതയുള്ള നഴ്സിന്റെ സേവനം ദിവസ വേതന നിരക്കിൽ പി.എം.സി ലഭ്യമാക്കേണ്ടതാണ്. ഈ രീതിയിൽ സേവനം ലഭ്യമാക്കുമ്പോൾ ഒരു ദിവസത്തേക്ക് 500 രൂപ പരമാവധി ഒരു മാസത്തേയ്ക്ക് 15,000 രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്.

2.14. ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കൽ

2.14.1 ഫിസിയോതെറാപ്പി പരിചരണം ആവശ്യമുള്ള രോഗികളെ സി.എച്ച്.സി യിലേക്ക് റഫർ ചെയ്ത് സി.എച്ച്.സി വഴി ലഭ്യമാക്കിയിട്ടുള്ള വിദഗ്ധ പാലിയേറ്റീവ് യൂണിറ്റിലെ ഫിസിയോതെറാപിസ്റ്റിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതുവഴി രോഗികൾക്ക് ആവശ്യമുള്ള ഫിസിയോതെറാപ്പി പരിചരണം ലഭ്യമാകുന്നില്ല എങ്കിൽ ബി.പി.റ്റി (ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി) പാസ്സായിട്ടുള്ള ഒരു ഫിസിയോതെറാപിസ്റ്റിന്റെ സേവനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

(1) ഒരു ദിവസം കുറഞ്ഞത് 6 രോഗികളെയെങ്കിലും ഫിസിയോതെറാപിസ്റ്റ് സന്ദർശിച്ചിരിക്കണം.

(2) പാലിയേറ്റീവ് കെയറിന്റെ ചുമതലയുള്ള അലോപ്പതി മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള രോഗികൾക്കായിരിക്കണം സേവനം നൽകേണ്ടത്.

(3) ഒരു മാസത്തിൽ കുറഞ്ഞത് ഒരു ദിവസം ഗൃഹസന്ദർശനം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ദിവസ വേതനം നൽകാവുന്നതാണ്.

(4) സേവനം നൽകിയ ദിവസങ്ങൾക്ക് ഒരു ദിവസത്തിന് 800 രൂപ നിരക്കിൽ ദിവസ വേതനം പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും നൽകാവുന്നതാണ്.

(5) ഏറ്റവും അടുത്ത പ്രദേശത്തുള്ള, യോഗ്യതയുള്ള ആൾക്ക് മുൻഗണന എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പി.എം.സി. ആയിരിക്കണം ഫിസിയോതെറാപിസ്റ്റിനെ തിരഞ്ഞെടുത്ത് സേവനത്തിനായി നിയോഗിക്കേണ്ടത്.

2.15. പ്രോജക്ട് തയ്യാറാക്കൽ, നടത്തിപ്പ്

2.15.1 നടപ്പാക്കാനുദ്ദേശിക്കുന്ന പരിചരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ഇനം തിരിച്ചുള്ള ചെലവുകൾ വ്യക്തമാക്കിക്കൊണ്ടും വിശദമായ പ്രോജക്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ/ മുനിസിപ്പാലിറ്റിയുടെ/ കോർപ്പറേഷന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

2.15.2 ഹോംകെയർ മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി.എം.സി കൾ ഉറപ്പാക്കണം. ഹോംകെയർ ടീമിനുള്ള ഭക്ഷണം, കമ്മ്യൂണിറ്റി നേഴ്സിനുള്ള ഹോണറേറിയം,

വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോംകെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്തമാസം 10-)o തീയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്

2.15.3 ഹോം കെയർ അംഗങ്ങളുടെ ഭക്ഷണത്തിന് ആവശ്യമായ തുക ഓരോ മാസവും എച്ച്.എം.സി. ഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ച് നൽകേണ്ടതാണ്. പ്രസ്തുത തുക പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്നും എച്ച്.എം. സി യിലേക്ക് പിന്നീട് അടവാക്കാവുന്നതാണ്.

2.15.4 അംഗൻവാടി പോഷകാഹാര പരിപാടി പോലെ എല്ലാ വർഷവും തുടർച്ചയായി നടപ്പാക്കേണ്ട ഒരു പ്രോജക്ടാണിത്. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായി പരിചരണം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ പ്രവർത്തനങ്ങൾ തുടർന്ന് നടപ്പാക്കേണ്ടതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽക്കാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതുമാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കാവുന്നതാണ്.

2.15.5 തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യ മേഖലാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കണം ഈ പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥൻ. ആരോഗ്യ സ്ഥാപനം കൈമാറിക്കിട്ടിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അത്തരം സ്ഥാപനത്തിലൂടെ വേണം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. സർക്കാർ ആശുപത്രികളുടെ നിയന്ത്രണം കൈമാറിക്കിട്ടിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പ്രവർത്തനപരിധിയിൽ പ്രവർത്തിക്കുന്ന ഗവ. ആശുപത്രി/ സി.എച്ച്.സി/ താലൂക്ക് ആശുപത്രി/ജില്ലാ ആശുപത്രി/ ജനറൽ ആശുപത്രി മുഖേന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതും അവിടത്തെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കേണ്ടതുമാണ്.

2.15.6 ഈ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട്/ തനതുഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് വകയിരുത്താവുന്നതാണ്. വികസനഫണ്ടിൽ നിന്നും വകയിരുത്തുന്ന തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് പരിചരണത്തിനും നീക്കിവയ്ക്കേണ്ട അഞ്ച് ശതമാനം അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മരുന്നു വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട് വകയിരുത്താമെങ്കിലും മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി മാത്രമേ തുക വിനിയോഗിക്കാൻ പാടുള്ളൂ.

2.16. മോണിട്ടറിംഗ്

2.16.1 ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നഗരഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ചചെയ്യേണ്ടതാണ്.

2.16.2 തദ്ദേശ ഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3. **വിദഗ്ധ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ**

3.1 പ്രാഥമിക പരിചരണ യൂണിറ്റുകൾ കമ്മ്യൂണിറ്റി നേഴ്സിന്റെ നേതൃത്വത്തിൽ പ്രധാനമായും നേഴ്സിംഗ് പരിചരണവും സാമൂഹിക പിന്തുണയും സാന്ത്വനവുമാണ് രോഗികൾക്ക് വീടുകളിൽ ലഭ്യമാക്കുന്നത്. ഇതിനപ്പുറമുള്ള വിദഗ്ധ പാലിയേറ്റീവ് പരിചരണം കുറച്ച് രോഗികൾക്ക് ആവശ്യമായി വന്നേക്കാം. പാലിയേറ്റീവ് കെയർ ഡോക്ടർമാരുടെ കൺസൽട്ടേഷൻ, മോർഫിൻ അടക്കമുള്ള പാലിയേറ്റീവ് മരുന്നുകൾ, ഫിസിയോതെറാപ്പി പരിചരണം, വിദഗ്ധ നേഴ്സിംഗ് പരിചരണം, ബുദ്ധിമുട്ട് കൂടിയ രോഗികൾക്കുള്ള കിടത്തി ചികിത്സ മുതലായവയാണ് ഇവ.

3.2 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് പിന്തുണ നൽകിക്കൊണ്ട് വിദഗ്ധ പാലിയേറ്റീവ് കെയർ സേവനം എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കണം. ഇതിനുവേണ്ടി ഗ്രാമ പ്രദേശങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018-ലെ പി.എച്ച് 5-51297/18/ ഡി.എച്ച്.എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

3.3 മുൻസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിൽ തങ്ങൾക്ക് കൈമാറികിട്ടിയിട്ടുള്ളതോ തങ്ങളുടെ പ്രവർത്തന പരിധിയിൽ പ്രവർത്തിക്കുന്നതോ ആയ ആശുപത്രി കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018ലെ പി.എച്ച് 5-51297/18/ഡി.എച്ച്.എസ്. സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

3.4 ജില്ലാപഞ്ചായത്തുകൾക്ക് ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3.7.2018 ലെ പി.എച്ച് 5-51297/18/ഡി.എച്ച്.എസ് സർക്കുലർ പ്രകാരമുള്ള വിദഗ്ധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

4. **സന്നദ്ധസംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉപയോഗപ്പെടുത്തൽ**

4.1 തദ്ദേശഭരണസ്ഥാപന പരിധിയിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകളേയും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നതോ പ്രവർത്തിക്കാൻ സന്നദ്ധതയുള്ളതോ ആയ സന്നദ്ധസംഘടനകളേയും സന്നദ്ധ പ്രവർത്തകരേയും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ശ്രമിക്കേണ്ടതാണ്.

4.2 സംരക്ഷിക്കാൻ ആരോരുമില്ലാത്ത നിർധനരായ കിടപ്പിലായ രോഗികളെ പരിചരിക്കുന്നതിനുള്ള സംവിധാനം സന്നദ്ധ സംഘടനകളുമായി ചേർന്ന് ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ശ്രമിക്കേണ്ടതാണ്

5. **സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്കുള്ള സഹായം**

ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത് സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനം പി.എം.സി വിലയിരുത്തി

തൃപ്തികരമാണെന്ന് ശ്രപാർശ ചെയ്യുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് കെ.എം.എസ്.സി.എൽ പ്രസിദ്ധപ്പെടുത്തുന്ന അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ട, പാലിയേറ്റീവ് കെയറിന് ആവശ്യമായ മരുന്നുകളും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികളും എല്ലാതലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പി.എം.സി. മുഖേന വാങ്ങി നൽകാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഇങ്ങനെ മരുന്നു വാങ്ങി നൽകാമെങ്കിലും ബന്ധപ്പെട്ട പ്രാഥമിക യൂണിറ്റുമായി കൂടിയാലോചിച്ച് ഇരട്ടിപ്പ് ഇല്ല എന്ന് ഉറപ്പാക്കി മാത്രമെ മരുന്നുകൾ വാങ്ങി നൽകാൻ പാടുള്ളൂ. ഇപ്രകാരം മരുന്നുകളും സാമഗ്രികളും ലഭ്യമാക്കുന്നത് ഒഴികെ ഇത്തരം യൂണിറ്റുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സഹായങ്ങൾ ലഭ്യമാക്കാൻ പാടില്ല.

****

5. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ

കേരള സർക്കാർ
നിയമ(ഇ) വകുപ്പ്

നം.24457/ഇ2/2017/നിയമം തീയതി, തിരുവനന്തപുരം 01.02.2018

വിജ്ഞാപനം

വിഷയം: സിഖ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. GO(P)No. 11/2014/നിയമം Dated 20/4/2015 (SRO No. 247/15)
2. GO(P)No. 6/2015/നിയമം Dated 20/4/2015 (SRO No. 247/15)

1909-ൽ അംഗീകാരം കിട്ടിയ ആനന്ദ് വിവാഹ നിയമത്തിലൂടെയാണ് സിഖ് രീതിയിലുള്ള വിവാഹ ചട്ടങ്ങൾക്ക് നിയമ സാധുത ലഭിക്കപ്പെട്ടത്. ആനന്ദ സമാഗമം എന്ന അർത്ഥം വരുന്ന ആനന്ദ് കരാജ് ഇപ്പോൾ സാർവ്വത്രികമായി സിഖുകാർ ആചരിച്ചു വരുന്നു. 2012-ാം മാണ്ട് ജൂൺ മാസം ഏഴാം തീയതി കേന്ദ്ര സർക്കാർ 2012-ലെ ആനന്ദ വിവാഹ (ഭേദഗതി) നിയമം (2012 ലെ 29) പുറപ്പെടുവിച്ചു. വിവാഹ ചടങ്ങുകളുടെ തെളിവ് സുഗമമാക്കുന്ന ഉദ്ദേശത്തിനു വേണ്ടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് 6-ാം വകുപ്പ് വിഭാവന ചെയ്യുന്നു. പ്രസ്തുത നിയമത്തിന്റെ 6(1) വകുപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2014-ലെ കേരള ആനന്ദ് വിവാഹ രജിസ്റ്ററാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഹിന്ദു വിവാഹ നിയമത്തിൻ കീഴിൽ അവരുടെ സർട്ടിഫിക്കറ്റുകൾ നൽകപ്പെടുന്നതുകൊണ്ട് സിഖുകാർക്ക് വിദേശത്ത് വെച്ച് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. സിഖുകാരുടെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംസ്ഥാനത്ത് സിഖ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സഹായകരമാകുമെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ ചുവടെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി അനുസരിക്കുന്നതിനു വേണ്ടി പുറപ്പെടുവിക്കുന്നു.

1) ഓരോ റവന്യൂ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 2014-ലെ കേരള ആനന്ദ് വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾക്ക് കീഴിലുള്ള സിഖ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടിയുള്ള അതാതു ജില്ലകളിലെ ജില്ലാ രജിസ്ട്രാർ (വിവാഹ രജിസ്ട്രാർ) ആയിരിക്കേണ്ടതാണ്.

2) സിഖുകാർക്ക് ഹിന്ദു വിവാഹ നിയമത്തിനു പകരമായി ആനന്ദ് വിവാഹ നിയമം അനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയുന്നതും, സർട്ടിഫിക്കറ്റ് നൽകേണ്ടത് ഹിന്ദു വിവാഹ നിയമത്തിൻ കീഴിലാകുന്നതിനു പകരം, ആനന്ദ വിവാഹ നിയമത്തിൻ കീഴിലാക്കേണ്ടതുമാണ്.

3) വിവാഹ രജിസ്ട്രാർമാരുടെ പ്രാദേശിക അധികാര പരിധിയ്ക്കകത്ത് നടത്തപ്പെടുന്ന ആനന്ദ് കരാജ് ചടങ്ങുകൾ മാത്രമേ സിഖ് വിവാഹങ്ങളായി രജിസ്റ്റർ ചെയ്യപ്പെടാൻ പാടുള്ളൂ.

ആനന്ദ് കരാജ് എന്നറിയപ്പെടുന്ന സിഖ് വിവാഹ ചടങ്ങുകൾ പ്രകാരം നടത്തുന്നതോ, മുറ പ്രകാരം നടന്നതായി കരുതുന്നതോ ആയ സിഖ് വിവാഹങ്ങളും, ടി വിവാഹ കർമ്മം നടന്നതോ, നടന്നതായി കരുതുന്നതോ ആയ ദിവസം മുതൽ നിയമപരമായ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

ബി.ജി. ഹരീന്ദ്രനാഥ്
സെക്രട്ടറി, നിയമ വകുപ്പ്.

1. റവന്യൂ വകുപ്പിന്
2. എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർക്കും/ജില്ലാ കളക്ടർമാർക്കും
3. കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ
4. ഐജി ഓഫ് രജിസ്ട്രേഷൻ, വഞ്ചിയൂർ, തിരുവനന്തപുരം
5. നിയമ (നോഡൽ) വകുപ്പ് (www. keralalawsect. org. (നിയമ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
6. വിവര&പൊതുജനസമ്പർക്കവകുപ്പ് (മാധ്യമപ്രസിദ്ധീകരണത്തിന്)
7. പൊതുഭരണ വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
8. ധനകാര്യ വകുപ്പ് (വെബ്സൈറ്റുകളിലൂടെ പ്രസിദ്ധീകരിക്കുന്നതിന്)
9. നികുതി വകുപ്പ്.
10. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്. തിരുവനന്തപുരം (മാധ്യമപ്രസിദ്ധീകരണത്തിന്)
11. പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്
12. സ്റ്റോക്ക്/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MR. JUSTICE A.MUHAMED MUSTAQUE

THURSDAY, THE 5TH DAY OF APRIL 2018 / 15TH CHAITHRA, 1940

WP(C).No. 7574 of 2018

PETITIONERS :

1 PRANAV A.M.,
S/O. MOHANAN, ARI HOUSE,
P.O. KUNDALIYUR, THRISSUR, PIN: 680 616
(REPRESENTED BY POWER OF ATTORNEY HOLDER,
MOHANAN S/O.KANDAKUTTY, ARI HOUSE,
P.O.KUNDALIYUR, THRISSUR, PIN: 680 616).

2 ARIELLE SEYCHELLE FOSTICON LAURO
@ LAURO ARIELLE SEYCHELLE,
W/O.PRANAV, ARI HOUSE,
P.O. KUNDALIYUR, THRISSUR, PIN: 680 616,
(REPRESENTED BY POWER OF ATTORNEY HOLDER,
MOHANAN S/O.KANDAKUTTY, ARI HOUSE,
P.O.KUNDALIYUR, THRISSUR, PIN: 680 616).

BY ADV.SRI.P.K.MANOMOHANAN

RESPONDENTS :

1. THE SECRETARY,
ENGANDIYUR GRAMA PANCHAYATH
ENGANDIYUR P.O.,
THRISSUR - 680 615.

2. THE DIRECTOR OF PANCHAYATHS,
(CHIEF REGISTRAR GENERAL OF MARRIAGES),
GOVERNMENT OF KERALA,
THIRUVANANTHAPURAM - 695001.

R1 BY ADVS. SRI.C.JOSEPH JOHNY
SMT.SMINI JOSE
R2 BY SENIOR GOVERNMENT PLEADER SRI.S.GOPINATHAN
AMICUS CURIAE SRI.SURYA BENOY

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 05-04-2018, THE COURT ON THE SAME DAY DELIVERED THE FOLLOWING:

EL

WP(C).No. 7574 of 2018 (V)

APPENDIX

PETITIONER(S)' EXHIBITS

EXHIBIT P1	TRUE COPY OF POWER OF ATTORNEY NO.55/2018 DATED 03/02/2018
EXHIBIT P2	TRUE COPY OF THE INDIAN PASSPORT NO.P7110192 OF PETITIONER NO.1
EXHIBIT P3	TRUE COPY OF THE PHILIPPINE PASSPORT NO.P2333770A OF PETITIONER NO.2
EXHIBIT P4	TRUE COPY OF CERTIFICATE OF CONVERSION TO HINDU DATED 11/9/2016
EXHIBIT P5	TRUE COPY OF THE MARRIAGE INVITATION CARD OF THE PETITIONERS DATED 13/9/2016
EXHIBIT P6	TRUE COPY OF DAILY MALAYALA MANORAMA DATED 16/9/2016 (REPORT OF MARRIAGE)
EXHIBIT P7	TRUE COPY OF CERTIFICATE OF MARRIAGE DATED 14/2/2018 ISSUED BY VETUVA SERVICE SOCIETY
EXHIBIT P8	TRUE COPY OF CERTIFICATE OF MARRIAGE NO.P-1-CER.1/17 DATED 11/8/2017 BY PANCHAYATH PRESIDENT
EXHIBIT P9	TRUE COPY OF APPLICATION IN FORM NO.1 DATED 30/1/2018 TO RESPONDENT NO.1 BY THE PETITIONERS
EXHIBIT P10	TRUE COPY OF CIRCULAR NO.B1-15346/2017 DATED 10/5/2017 ISSUED BY RESPONDENT NO.2

RESPONDENT(S)' EXHIBITS

NIL

TRUE COPY

P.S. TO JUDGE

EL

27.4.2018

"CR"

A.MUHAMED MUSTAQUE, J.

****

W.P.(C) No.7574 of 2018

****

Dated this the 05th day of April, 2018

JUDGMENT

The first petitioner is an Indian citizen and belongs to Hindu Community. The second petitioner is a citizen of Filipina. According to the petitioners, the second petitioner got converted to Hindu religion after undergoing sacred ceremonies and rites held at Vallivattam Sree Ayyappa Temple, Thrissur District and a certificate was issued by the temple authorities evidencing the said fact. Their marriage was solemnized on 13.9.2016 according to the custom applicable to the community to which the first petitioner belongs.

2. The petitioners approached the Marriage Registrar to register their marriage under the Kerala Registration of Marriages(Common) Rules, 2008 (for short, the 'Rules'). The Registrar refused to register the marriage

as he entertained a doubt regarding the validity of the marriage in accordance with the Hindu Marriage Act. The petitioners asserted that they belong to Hindu Community and therefore, the Registrar was unable to ascertain the validity of declaration whether they belonged to Hindu Community.

3. The question, therefore, arises is whether the Registrar under the Rules, is bound to register any marriage upon a declaration made by the parties without entering into the satisfaction as to the legality of such marriage. Considering the importance of the issue, this Court appointed Smt.Surya Benoy as A*micus Curiae*.

4. The marriage under the Hindu Marriage Act can take place only between two individuals, who are Hindus. If one of the parties is not a Hindu, merely because the marriage ceremony had been conducted in accordance with

the Hindu religious rites, cannot validate such marriage under the Hindu Marriage Act. The learned A*micus Curiae* placed before me the judgments of this Court in **Sabu K. Eliyas v. State of Kerala and Others [2014 (1) KHC 804], Rajesh Rajan v. Chief Registrar General of Marriages (Common), Tvm. and Others [2015 (4) KHC 752] and Thankamma Koshy v. State of Kerala and Others [2016(4) KHC 600].** The learned A*micus Curiae* submitted that the Registrar, in fact, is not deciding upon the validity of such marriage but only entering into the satisfaction whether he is bound to register such marriage or not. The learned A*micus Curiae* particularly pointed out to me the 4th proviso to Rule 6 inserted by way of an amendment dated 16.2.2015. This proviso states that the marriage other than one solemnized as per the law in India shall not be registered under the Rules. The learned A*micus Curiae*

after referring to Rule 10 pointed out to the nature of satisfaction to be entered into for registration of marriage after one year as referred therein by the Registrar General. It is further submitted that it is only on proof of satisfaction that the marriage has been solemnized, the Registrar General is bound to give suitable directions to the local Registrar to register the marriage.

5. I find force in the submission made by the learned *Amicus Curiae.* The registration of the marriage is not automatic. The legality of such marriage would depend upon the law applicable in India. What is the mode of satisfaction for registering the marriage to be entered by the registering officer, is the question that would give answer to the issue which is germane to the public law remedy. When a person declares that he is converted to Hindu, that would be sufficient for the public authorities to

act. There is no formal ceremony of expiation necessary to effectuate a conversion to Hinduism. In the absence of any particular mode prescribed for conversion as a Hindu, without there being any *mala fides* that can be pointed out, the public authority cannot refuse to act upon such request. I am fortified with such a view, in the light of the judgment of the Hon'ble Supreme Court in **Perumal Nadar (dead) by Legal Representative v. Ponnuswami Nadar (minor)[1978 KHC 429],** the Division Bench judgment of this Court in **Betsy and Another v. Nil [2009(4)KHC 560]** and the judgment of the learned single Judge in **Ram Mohan Das v. Travancore Devaswom Board and Others[1975 KHC 299].** The freedom to practice any religion as mentioned in Article 25 of the Constitution of India is available to both the citizens as well as non-citizens. The Government or any other public offices cannot insist that they can only act

upon such declaration based on a certificate issued by any authority appointed by the Government in this regard(see the judgment of this Court in **Aysha v. The Director, Office of the Directorate of Printing Department**[2018 (2) KHC 116). It is to be noted that the Registrar is only duty bound to conduct the summary enquiry as to the legality of the marriage. The Registrar is not the competent authority to decide on the competency to marry or validity of such marriage. He needs to have a *prima facie* view that the marriage has taken place in accordance with the personal law applicable to the parties. Once such a satisfaction is entered by the Registrar, he need not conduct further enquiry to the fact whether conversion to Hinduism or other religion is valid or not. As rightly pointed out by the learned *Amicus Curiae* that, in Indian context acceptance or acknowledgment into a community is understood based on

the social interactions of such convertee. However, an enquiry to be conducted for registering a marriage under the Rules is very limited as it has to be done within a shortest period of 45 days of marriage. On such background, it is very difficult for the Registrar to find out whether such convertee has been accepted by the community or not. It is to be noted that the validity of the marriage in accordance with the person is still open for consideration by the court concerned in appropriate stage if any dispute arises in such marriage. In fact, the Rules were framed pursuant to the directions in **Seema v. Ashwani Kumar [2006 KHC 121]**, wherein, the Hon'ble Supreme Court also observed that registration itself cannot be a proof of valid marriage *per se* and would not be the determinative factor regarding validity of a marriage. Therefore, it is clear that the very purpose of registration

of marriage is only to give a *prima facie* indication to accord evidence of marriage and not validity of such marriage. The validity of marriage depends upon the personal law applicable, if the parties get married in accordance with the personal law or depend upon the secular law that is applicable to such marriage.

6. The question in regard to the marriage under the context of the Rules is only limited for conducting an enquiry whether the parties are married in accordance with the personal law applicable to the parties or in accordance with the secular law applicable. Once that satisfaction is entered into by the Registrar, the Registrar is bound to register such marriage, notwithstanding that he had entertained a doubt regarding the competency or capacity of the persons to contract or solemnize such marriage in accordance with the law applicable.

7. In view of the fact that there is no dispute that the parties underwent ceremonies and rituals in accordance with the Hindu Marriage Act for performing the marriage, the Registrar ought to have registered the marriage. Accordingly, the writ petition is allowed directing the Registrar to register the marriage. This Court place great appreciation to the learned *Amicus Curiae*, who have ably assisted this Court on various aspects involved in this matter.

Sd/-

A.MUHAMED MUSTAQUE, JUDGE

ln

PAN/5641/2019-B1(DP)

പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം - 695033
ഓഫീസ്: 0471-2786309, മൊബൈൽ: 9496040605
ഇമെയിൽ: crbdkerala@gmail.com
തീയതി :27.06.2019

സർക്കുലർ

വിഷയം:- ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. ചീഫ് രജിസ്ട്രാറുടെ 10.05.2017 ലെ ബി1-15343/2017 നമ്പർ സർക്കുലർ
2. രജിസ്ട്രാർ ജനറലിന്റെ 12.03.2012 ലെ 1/7/2011-VS(CRS) നമ്പർ സർക്കുലർ
3. രജിസ്ട്രാർ ജനറലിന്റെ 15.05.2015 ലെ 1/7/2011-VS(CRS) നമ്പർ സർക്കുലർ
4. രജിസ്ട്രാർ ജനറലിന്റെ 13.01.2018 ലെ 1/7/2011-VS(CRS) നമ്പർ സർക്കുലർ

ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സുഗമമായി നടത്തുന്നതിന് സഹായകരമാകുന്ന തരത്തിൽ സംസ്ഥാന സർക്കാർ നിരവധി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നിർദ്ദേശങ്ങൾ സൂചന (1) സർക്കുലറിൽ 6.1 മുതൽ 6.6 വരെഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ സൂചന (2) മുതൽ (4) വരെ സർക്കുലറുകൾ പ്രകാരം രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രസക്തമായവ കൂടി ഇക്കാര്യത്തിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കാണുന്നു. ആയതിനാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാന സർക്കാർ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്ഥാപനങ്ങളിൽനിന്ന് ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ

സ്ഥാപനങ്ങളിൽനിന്ന് ദത്തെടുക്കുന്ന കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കളുടെ വിവരങ്ങൾ ലഭ്യമായവയും അല്ലാത്തവയും ഉണ്ടാകാം. അതുപോലെ കുട്ടിയുടെ ജനനം നേരത്തേ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളവയും ഇല്ലാത്തവയും ഉണ്ടാകാം. ഇപ്രകാരം ജനനം രജിസ്റ്റർ ചെയ്യപ്പെട്ടവയും അല്ലാത്തവയും വെവ്വേറെ കൈകാര്യം ചെയ്യേണ്ടതുണ്ട്.

(1) ജനനം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിലെ നടപടി

(എ) സ്ഥാപനങ്ങളിൽനിന്ന് ദത്തെടുത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിൽ പ്രസ്തുത ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലോ ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിലോ ജനനം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി)ജനന രജിസ്ട്രേഷൻ നടത്തുന്നതിന് ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

(സി) ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. കോടതി ഉത്തരവിൽ ജനന തീയതി വ്യക്തമാക്കിയിട്ടില്ലാത്ത കേസുകളിൽ സർക്കാർ സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനന തീയതി നിർണ്ണയിച്ച് രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഡി) ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യുന്നുവെങ്കിൽ പ്രസ്തുത സ്ഥലവും മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷൻ നടത്തുന്നുവെങ്കിൽ മാതാപിതാക്കളുടെ സ്ഥിരതാമസവും ജനന സ്ഥലമായി ഉൾപ്പെടുത്തേണ്ടതാണ്.

(ഇ) കോടതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരം ദത്തെടുത്ത മാതാപിതാക്കളുടെ പേരും

മേൽവിലാസവും യഥാക്രമം മാതാപിതാക്കളുടെ പേരും വിലാസവുമായി ഉൾപ്പെടുത്തേണ്ടതാണ്.

(2) ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ നടപടി

(എ) കുട്ടിയുടെ ജനന സർട്ടിഫിക്കറ്റോ അതിന്റെ പകർപ്പോ ലഭ്യമായിട്ടുണ്ടെങ്കിൽ മാത്രമേ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കാക്കാൻ പാടുള്ളൂ.

(ബി) ജനന രജിസ്ട്രേഷനിൽ മാറ്റം വരുത്തുന്നതിന്/രജിസ്ട്രേഷൻ നടത്തുന്നതിന് ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

(സി) നിലവിലുള്ള ജനന രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അപേക്ഷ പുതിയ ജനന റിപ്പോർട്ടും കോടതി ഉത്തരവും കുട്ടിയുടെ ജനന സർട്ടിഫിക്കറ്റും സഹിതം അഡോപ്ഷൻ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജനന മരണ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ് . ജനനം രജിസ്റ്റർ ചെയ്തിട്ടുള്ളത് ആ യൂണിറ്റിലല്ലെങ്കിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റിലേയ്ക്ക് അപേക്ഷ അയച്ചുകൊടുക്കേണ്ടതാണ്.

(ഡി) മേൽപ്പറഞ്ഞ അപേക്ഷ ലഭിക്കുന്ന ജനന മരണ രജിസ്ട്രാർ ദത്തെടുത്ത മാതാപിതാക്കളുടെ പേരും മേൽവിലാസവും ഉൾപ്പെടുത്തിയും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും പുതിയ ഒരു ജനന സർട്ടിഫിക്കറ്റ് ദത്തെടുത്ത മാതാപിതാക്കൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(ഇ) ദത്തെടുക്കുന്ന അവസരത്തിൽ നിലവിലുള്ള ജനന രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ ജനന തീയതി, ജനന സ്ഥലം എന്നിവയിൽ മാറ്റം വരുത്തുന്നതല്ല.

(എഫ്) ദത്തെടുക്കുന്ന കുട്ടിയുടെ ജനനം മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ദത്തെടുക്കുന്ന മാതാപിതാക്കളുടെ സ്ഥിര താമസ സ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ അവരുടെ അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ജി) ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. കോടതി ഉത്തരവിൽ ജനന തീയതി വ്യക്തമാക്കിയിട്ടില്ലാത്ത കേസുകളിൽ സർക്കാർ സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനന തീയതി നിർണ്ണയിച്ച് രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.

(എച്ച്) മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷൻ നടത്തുമ്പോൾ മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലം ജനന സ്ഥലമായി ഉൾപ്പെടുത്തേണ്ടതാണ്.

2. സ്ഥാപനങ്ങളിൽനിന്നല്ലാതെ ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ

സ്ഥാപനങ്ങളിൽ നിന്നുള്ള ദത്തെടുക്കലിനു പുറമേ ബന്ധുക്കളിൽനിന്നും സുഹൃത്തുക്കളിൽനിന്നുമുള്ള ദത്തെടുക്കലും സാധാരണമാണ്. ഇപ്രകാരം ദത്തെടുക്കുന്ന കുട്ടികളുടെ കാര്യത്തിലും മാതാപിതാക്കളുടെ വിവരങ്ങൾ ലഭ്യമായവയും അല്ലാത്തവയും ഉണ്ടാകാം. അതുപോലെ കുട്ടിയുടെ ജനനം നേരത്തേതന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളവയും ഇല്ലാത്തവയും ഉണ്ടാകാം. ഇപ്രകാരമുള്ള ദത്തെടുക്കലുകളുടെ സംഗതിയിൽ സ്വീകരിക്കേണ്ട നടപടിക്രമം ചുവടെ ചേർക്കുന്നു.

(1) ജനനം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിലെ നടപടി

(എ)സ്ഥാപനങ്ങളിൽനിന്നല്ലാതെ ദത്തെടുത്ത കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിൽ ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലോ ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിലോ ജനനം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി)ജനന രജിസ്ട്രേഷൻ നടത്തുന്നതിന് ദത്തെടുക്കൽ സംബന്ധിക്കുന്ന രജിസ്റ്റർ ചെയ്ത ദത്തെടുക്കൽ ആധാരം (Adoption deed) നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രസ്തുത ആധാരത്തിന്റെ കൃത്യത ജനന മരണ രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതും. അത് സാധുതയുള്ളതും സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(സി) ദത്തെടുക്കൽ ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. ജനന തീയതി വ്യക്തമാക്കിയിട്ടില്ലാത്ത കേസുകളിൽ സർക്കാർ സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനന തീയതി നിർണ്ണയിച്ച് രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഡി) ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം രജിസ്റ്റർ ചെയ്യുന്നുവെങ്കിൽ പ്രസ്തുത സ്ഥലവും മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷൻ നടത്തുന്നുവെങ്കിൽ മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലവും ജനന സ്ഥലമായി ഉൾപ്പെടുത്തേണ്ടതാണ്.

(ഇ) ദത്തെടുത്ത മാതാപിതാക്കളുടെ പേരും മേൽവിലാസവും യഥാക്രമം മാതാപിതാക്കളുടെ പേരും വിലാസവുമായി ഉൾപ്പെടുത്തേണ്ടതാണ്.

(2) ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ നടപടി

(എ) കുട്ടിയുടെ ജനന സർട്ടിഫിക്കറ്റോ അതിന്റെ പകർപ്പോ ലഭ്യമായിട്ടുണ്ടെങ്കിൽ മാത്രമേ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കാക്കാൻ പാടുള്ളൂ.

(ബി) ജനന രജിസ്ട്രേഷനിൽ മാറ്റം വരുത്തുന്നതിന്/രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്റ്റർ ചെയ്ത ദത്തെടുക്കൽ ആധാരം (Adoption deed) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

(സി) നിലവിലുള്ള ജനന രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അപേക്ഷ പുതിയ ജനന റിപ്പോർട്ടും രജിസ്റ്റർ ചെയ്ത ദത്തെടുക്കൽ ആധാരവും കുട്ടിയുടെ ജനന സർട്ടിഫിക്കറ്റും സഹിതം ദത്തെടുക്കൽ നടത്തിയ സ്ഥലത്തെ ജനന മരണ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും ജനനം രജിസ്റ്റർ ചെയ്തിട്ടുള്ളത് ആ യൂണിറ്റിലല്ലെങ്കിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റിലേയ്ക്ക് അപേക്ഷ അയച്ചുകൊടുക്കേണ്ടതുമാണ്.
(ഡി) മേൽപ്പറഞ്ഞ അപേക്ഷ ലഭിക്കുന്ന ജനന മരണ രജിസ്ട്രാർ ദത്തെടുത്ത മാതാപിതാക്കളുടെ പേരും മേൽവിലാസവും ഉൾപ്പെടുത്തിയും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽകുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും പുതിയ ഒരു ജനന സർട്ടിഫിക്കറ്റ് ദത്തെടുത്ത മാതാപിതാക്കൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.
(ഇ) ദത്തെടുക്കുന്ന അവസരത്തിൽ നിലവിലുള്ള ജനന രജിസ്ട്രേഷനിൽ മാറ്റങ്ങൾ വരുത്തി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ ജനന തീയതി, ജനന സ്ഥലം എന്നവയിൽ മാറ്റം വരുത്തുന്നതല്ല.
(എഫ്) ദത്തെടുക്കുന്ന കുട്ടിയുടെ ജനനം മുമ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ദത്തെടുക്കുന്ന മാതാപിതാക്കളുടെ സ്ഥിരതാമസസ്ഥലം ഉൾപ്പെടുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ അവരുടെ അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.
(ജി) രജിസ്റ്റർ ചെയ്ത ദത്തെടുക്കൽ ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനത്തീയതി രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്. ജനന തീയതി വ്യക്തമാക്കിയിട്ടില്ലാത്ത കേസുകളിൽ സർക്കാർ സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനന തീയതി നിർണ്ണയിച്ച് രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.
(എച്ച്) മാതാപിതാക്കളുടെ സ്ഥിരതാമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്ട്രേഷൻ നടത്തുമ്പോൾ മാതാപിതാക്കളുടെ സ്ഥിരതാമസ സ്ഥലം ജനന സ്ഥലമായി ഉൾപ്പെടുത്തേണ്ടതാണ്.

3. പൊതുവായ നിർദ്ദേശങ്ങൾ

(1) ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷനായി അപേക്ഷ ലഭിച്ചാൽ പരമാവധി പത്തു ദിവസത്തിനകം എല്ലാ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.
(2) താമസിച്ചുള്ള രജിസ്ട്രേഷൻ സംബന്ധിച്ച 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 13-ാം വകുപ്പിലെ വ്യവസ്ഥകൾ ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷന് ബാധകമാവുന്നതല്ലെന്ന് രജിസ്ട്രാർ ജനറൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ സബ് ഡിവിഷണൽ മജിസ്ട്രേട്ട്/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതിയോ ലേറ്റ് ഫീസോ ആവശ്യമില്ലാത്തതാണ്.

(ഒപ്പ്)
എം.പി.ഷാനവാസ്
ചീഫ് രജിസ്ട്രാർ

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ നഗര സഭ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ജനന മരണ രജിസ്ട്രാർമാർക്ക് സർക്കുലറിന്റെ പകർപ്പ് നൽകേണ്ടതാണ്)
അഡീഷണൽ ചീഫ് സെക്രട്ടറി, ആദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം.(ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും
എല്ലാ സെക്ഷൻ ഓഫീസർമാർക്കും
പബ്ലിസിറ്റി ഓഫീസർ
ബി2, ബി3 സീറ്റുകൾക്ക്
കരുതൽ ഫയൽ/അധികം

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്

B1/30277/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം - 695033
ഓഫീസ്: 0471-2786309, മൊബൈൽ: 9496040605
ഇമെയിൽ: crbdkerala@gmail.com
തീയതി : 19.10.2019

സർക്കുലർ

വിഷയം:- മരണ രജിസ്ട്രേഷൻ - മരണ രജിസ്ട്രേഷനിൽ ആധാർ നമ്പർ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- (1) ചീഫ് രജിസ്ട്രാറുടെ 18.09.2017 ലെ ബി1-30277/2017 നമ്പർ സർക്കുലർ
(2) രജിസ്ട്രാർ ജനറൽ, ഇന്ത്യ പുറപ്പെടുവിച്ച 3.04.2019 തീയതിയിലെ 1/12/2018-VS(CRS) നമ്പർ സർക്കുലർ

മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളുടെ ആധാർ നമ്പർ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് രജിസ്ട്രാർ ജനറൽ, 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, വകുപ്പ് 3(3) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലർ മുഖേന എല്ലാ രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിരുന്നു. Justice K.S.Puttuswamy (Retd.) & Anr. Vs. Union of India and others എന്ന റിട്ട് പെറ്റിഷനിൽ(W.P.(Civil) No.494 of 2012) ബഹു.സുപ്രീം കോടതി 26.09.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ജനറൽ സൂചന (2) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർമാരും മരണ രജിസ്ട്രേഷൻ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

1. 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിൽ ജനന മരണ രജിസ്ട്രേഷനുകൾക്കു വേണ്ടി വ്യക്തികളുടെ തിരിച്ചറിയൽ രേഖയായി ആധാർ ഉപയോഗിക്കുന്നതിന് നിഷ്കർഷിച്ചിട്ടില്ലാത്തതിനാലും മേൽപ്പറഞ്ഞ വിധിന്യായ പ്രകാരം ആധാറിന്റെ ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ജനന മരണ രജിസ്ട്രേഷന് ആധാറിന്റെ ഉപയോഗം നിർബ്ബന്ധിതമല്ലാത്തതാണ്. അതിനാൽ മേലിൽ മരണ രജിസ്ട്രേഷൻ നടത്തുന്നതിന് മരിച്ചയാളുടെയോ അപേക്ഷകന്റെയോ ആധാർ വിവരങ്ങളോ ഡിക്ലറേഷനോ നിർബ്ബന്ധമായി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതില്ല.
2. ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് തിരിച്ചറിയൽ രേഖയായി സ്വമേധയാ ആധാർ ഹാജരാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഹാജരാക്കുന്ന ആധാറിലെ ആദ്യത്തെ എട്ട് അക്കങ്ങൾ തിരിച്ചറിയാനാകാത്തവിധം കറുത്ത മഷി ഉപയോഗിച്ച് മറയ്ക്കേണ്ടതാണ്.
3. ആധാർ നമ്പർ ഏതെങ്കിലും ഡാറ്റാബെയ്സിൽ ശേഖരിച്ചു സൂക്ഷിക്കാനോ ഏതെങ്കിലും രേഖയിൽ പ്രിന്റ് ചെയ്യാനോ പാടില്ലാത്തതാണ്. ആവശ്യമെങ്കിൽ ആധാർ നമ്പരിന്റെ അവസാന നാല് അക്കങ്ങൾ മാത്രം സൂക്ഷിക്കുകയോ പ്രിന്റ് ചെയ്യുകയോ ആകാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ രജിസ്ട്രാർമാരും അക്കാര്യം ഉറപ്പു വരുത്തുന്നതിന് ജില്ലാ രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്

(ഒപ്പ്)
ബി.കെ.ദിനേശ് കുമാർ
ചീഫ് രജിസ്ട്രാർ (ജനന മരണം)

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർക്കും
പകർപ്പ്: രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ഉപരിപത്രം സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടറുടെ മേശപ്പുറത്ത്
നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ, അധികം

ഉത്തരവിന് പ്രകാരം
സൂപ്രണ്ട്

കേരള സർക്കാർ

നമ്പർ. 611417/ആർ.ഡി.3/16/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി:12/8/16

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - മാതാപിതാക്കൾ പരസ്പരം അകന്നുകഴിയുന്ന കേസുകളിൽ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 07-05-16-ലെ സി.ആർ.എം.പി. നമ്പർ: 3184/01/LA1/2016/KeSCPCR നമ്പർ ഉത്തരവ്.

മാതാപിതാക്കൾ പരസ്പരം അകന്നുകഴിയുന്ന കേസുകളിൽ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ്, മാതാപിതാക്കളിൽ ഏത് രക്ഷിതാവിനോടൊപ്പമാണോ കുട്ടി കഴിയുന്നത് ആ വ്യക്തിയുടെ അപേക്ഷയുടേയും തിരിച്ചറിയൽ രേഖകളുടേയും അടിസ്ഥാനത്തിൽ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മാതാപിതാക്കൾ പരസ്പരം അകന്ന് കഴിയുന്ന കേസുകളിൽ മാതാപിതാക്കളിൽ ആരുടെ സംരക്ഷണയിലാണോ കുട്ടി കഴിയുന്നത് ആ വ്യക്തിയുടെ അപേക്ഷയുടേയും തിരിച്ചറിയൽ രേഖകളുടേയും അടിസ്ഥാനത്തിൽ ജനന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മറ്റ് വ്യവസ്ഥകളെല്ലാം പാലിച്ചുകൊണ്ട് കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് നൽ കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

തുടരും

1. രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ നഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന).
5. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
7. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും,
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ്ഭവൻ, തിരുവനന്തപുരം.
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്).

ബി1-34679/12

പഞ്ചായത്ത് ഡറക്ടറേറ്റ്, തിരുവനന്തപുരം
തീയതി:29.04.2016

സർക്കുലർ

വിഷയം:- ജനന-മരണ രജിസ്ട്രേഷൻ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മറ്റു രജിസ്ട്രേഷൻ യൂണിറ്റുകളിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ഓൺലൈനായി പരിശോധിക്കുന്നതു സംബന്ധിച്ച നിർദ്ദേശം നൽകുന്നു

സൂചന:- 1. പഞ്ചായത്ത് ഡയറക്ടറുടെ 7.2.2015 ലെ ബി1-7258/2015 നമ്പർ സർക്കുലർ.
2. ഐ.കെ.എം.ഗ്രൂപ്പ് ഡയറക്ടറുടെ 05.04.2016 ലെ 852/ജിഡി/2016/ഐ.കെ.എം. നമ്പർ കത്ത്

ഒരിക്കൽ രജിസ്റ്റർ ചെയ്ത ജനനമോ മരണമോ തെറ്റായ വിവരങ്ങൾ നൽകി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ജനന തീയതി അല്ലെങ്കിൽ മരണതീയതി വ്യത്യാസപ്പെടുത്തി വീണ്ടും രജിസ്റ്റർ ചെയ്യുന്നത് തടയുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) സർക്കുലറിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ച്, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത സംഭവം മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടാകാമെന്ന് സംശയം തോന്നുന്ന കേസുകളിൽ ജനന മരണ രജിസ്ട്രാർ മറ്റൊരു യൂണിറ്റിൽ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസ്തുത ജനനം അല്ലെങ്കിൽ മരണം ആ യൂണിറ്റിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖാമൂലം മറുപടി നൽകേണ്ടതാണെന്നും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്ന് വിവരം ആവശ്യമാണെങ്കിൽ വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. 1970 നു മുമ്പുള്ള രജിസ്ട്രേഷനുകളുടെ ഡിജിറ്റൈസേഷൻ ചില യൂണിറ്റുകളിൽ പൂർത്തിയാക്കാത്തതിനാൽ രജിസ്ട്രാർമാർക്ക് വെബ്സൈറ്റിൽ തിരച്ചിൽ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നില്ല. എന്നാൽ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും എല്ലാ രജിസ്ട്രേഷനുകളുടെയും ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഡാറ്റയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതു വരെ നിലവിലുള്ള സ്ഥിതി തുടരുന്നത് രജിസ്ട്രാർമാരുടെ ജോലിഭാരം വർദ്ധിപ്പിക്കുന്നതിനും 1970 നു ശേഷമുള്ള രജിസ്ട്രേഷനുകളെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയ ശേഷവും രജിസ്റ്റർ ചെയ്ത സംഭവങ്ങൾ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിനുള്ള സാദ്ധ്യത നിലനിർത്തുന്നതിനും ഇടയാക്കുന്നതാണ്. ആയതിനാൽ സിവിൽ രജിസ്ട്രേഷൻ വെബ്സൈറ്റിൽ ലഭ്യമായ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും രജിസ്ട്രേഷനുകളിൽ തിരച്ചിൽ നടത്തുന്നതിനുള്ള സൗകര്യം 2016 മേയ് മാസം മുതൽ എല്ലാ രജിസ്ട്രാർമാർക്കും ലഭ്യമാക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം തിരച്ചിൽ നടത്തുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. രജിസ്ട്രാർമാർക്ക് www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ സുലേഖ ലോഗിൻ ഐഡി, പാസ്വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും ജനനമോ മരണമോ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ നൽകി തിരച്ചിൽ നടത്താവുന്നതുമാണ്. ഇപ്രകാരം തിരച്ചിൽ നടത്തുമ്പോൾ ജനനതീയതി അഥവാ മരണതീയതി ഉൾപ്പെടുന്ന വർഷത്തെയും അതിനു മുമ്പും ശേഷവുമുള്ള 3 വർഷങ്ങളിലെയും ഉൾപ്പടെ 7 വർഷങ്ങളിലെ രജിസ്ട്രേഷനുകളിൽ തിരച്ചിൽ നടത്തുന്നതിനായി നൽകിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്ന എല്ലാ രജിസ്ട്രേഷനുകളുടെയും വിവരം ലഭിക്കുന്നതാണ്.
2. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്ന രജിസ്ട്രേഷൻ ഏതെങ്കിലും യൂണിറ്റുകളിൽ നിലവിലുള്ളതായി

കണ്ടെത്തുന്നപക്ഷം അപേക്ഷ നിരസിക്കേണ്ടതും വ്യാജമായി രജിസ്ട്രേഷൻ നടത്താൻ ശ്രമിച്ച വ്യക്തിക്കെതിരെ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 23 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. നിലവിലുള്ള രജിസ്ട്രേഷനിലെ രേഖപ്പെടുത്തലുകളിലെയും അപേക്ഷയിലെ വിവരങ്ങളിലെയും അക്ഷരങ്ങൾ (spelling) വ്യത്യസ്തമാകാം എന്നതിനാൽ (ഉദാ: Sruthi, Sruthy, Shruthi, Shruthy, Sruti, Sruty, Shruty, Shruti മുതലായവ) സാദ്ധ്യമായ എല്ലാ രീതിയിലും തിരച്ചിൽ നടത്തേണ്ടതാണ്.
4. ഇംഗ്ലീഷിലും മലയാളത്തിലും തിരച്ചിൽ നടത്തുന്നതിന് സൗകര്യമുള്ളതിനാലും ചില രജിസ്ട്രേഷനുകൾ ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമായതിനാലും രണ്ട് ഭാഷയിലും തിരച്ചിൽ നടത്തേണ്ടതാണ്.
5. എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും എല്ലാ രജിസ്ട്രേഷനുകളും വെബ്സൈറ്റിൽ ലഭ്യമല്ലാത്തതിനാലും ഡിജിറ്റൈസേഷൻ പൂർത്തിയായ യൂണിറ്റുകളിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്ത എൻട്രികൾ (bad records) അവശേഷിക്കുന്നതിനാലും മേൽപ്പറഞ്ഞ പ്രകാരം തിരച്ചിൽ നടത്തുമ്പോൾ പൊരുത്തപ്പെടുന്ന രജിസ്ട്രേഷൻ ലഭ്യമായില്ല എന്ന കാരണത്താൽ മാത്രം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ പാടില്ല. അത്തരം സംഗതികളിൽ സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ (നിലവിലുള്ള നടപടികൾ) സ്വീകരിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.
6. എല്ലാ രജിസ്ട്രാർമാരും bad records പരിശോധിച്ച് തിരുത്തൽ വരുത്തി **2016 മേയ് 31** നു മുമ്പായി വെബ്സൈറ്റിലേക്ക് പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമോ തടസ്സങ്ങളോ ഉണ്ടെങ്കിൽ ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റിന്റെ സഹായം തേടേണ്ടതാണ്.
7. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിലെ നടപടി സംബന്ധിച്ചും താമസിച്ചുള്ള രജിസ്ട്രേഷൻ സംബന്ധിച്ചും പെർഫോമൻസ് ഓഡിറ്റ് ടീമുകൾ പരിശോധന നടത്തേണ്ടതും ഓൺലൈൻ തിരച്ചിൽ നടത്താതെയോ രജിസ്ട്രേഷൻ നിലവിലുണ്ടെന്ന് കണ്ടെത്താവുന്നതാണെങ്കിലും അപ്രകാരം ചെയ്യാതെയോ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുവെന്ന് എല്ലാ ജില്ലാ രജിസ്ട്രാർമാരും ഉറപ്പാക്കേണ്ടതാണ്.

എസ്.ലത
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ &
ജനന-മരണ ചീഫ് രജിസ്ട്രാർ

എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാർക്കും
പകർപ്പ്:അഡീഷണൽ ചീഫ് രജിസ്ട്രാർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
നഗരകാര്യ വകുപ്പ് ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (")
പബ്ലിസിറ്റി ആഫീസർ
കരുതൽ ഫയൽ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജനന മരണ വിവാഹ രജിസ്ട്രേഷൻ - ഫയൽ അദാലത്ത് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1620/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 18/05/2017

പരാമർശം:- ചീഫ് രജിസ്ട്രാർ (ജനന-മരണം) ടെ 27.04.2017 ലെ ബി1-12194/17 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്തെ വിവിധ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ജനന മരണ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ രജിസ്ട്രേഷൻ യൂണിറ്റുകളിൽ 2017 മെയ് മാസം 18, 19 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ നിന്നും ആവശ്യമായ തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ജനന മരണ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ രജിസ്ട്രേഷൻ യൂണിറ്റുകളിൽ 2017 മെയ് മാസം 18, 19 തീയതികളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ 7500 രൂപയിലും (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതവും മുനിസിപ്പാലിറ്റികൾ 15000 രൂപയിലും (പതിനയ്യായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ 25000 രൂപയിലും (ഇരുപത്തിയയ്യായിരം രൂപ മാത്രം) കവിയാത്ത തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് രജിസ്ട്രാർ, ചീഫ് രജിസ്ട്രാറുടെ കാര്യാലയം (ജനന-മരണം) കേരളം, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ബന്ധപ്പെട്ട കോർപ്പറേഷനുകൾ (നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിന്റെ പ്രകാരം,

സെക്ഷൻ ഓഫീസർ



PAN/25702/2018-B1(DP)

പഞ്ചായത്ത് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി.ഒ.
തിരുവനന്തപുരം - 695033
ഓഫീസ്: 0471-2786309, മൊബൈൽ: 9496040605
ഇമെയിൽ: crbdkerala@gmail.com
തീയതി : 10/11/2019

സർക്കുലർ

വിഷയം:- പ്രകൃതി ദുരന്തങ്ങളിൽ കണ്ടെത്താനാകാത്ത വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജനന മരണ രജിസ്ട്രാർമാരുടെ അറിവിലേക്കായി നൽകുന്നത് -സംബന്ധിച്ച്

സൂചന : 1. രജിസ്ട്രാർ ജനറൽ, ഇന്ത്യ പുറപ്പെടുവിച്ച 16.08.2013 തീയതിയിലെ 1/2/(Uttarakhand)/2011-VS(CRS) നമ്പർ സർക്കുലർ

2. രജിസ്ട്രാർ ജനറൽ, ഇന്ത്യ പുറപ്പെടുവിച്ച 12.09..2014 തീയതിയിലെ 1/12/2014-VS(CRS) നമ്പർ സർക്കുലർ

3. ചീഫ് രജിസ്ട്രാർ, രജിസ്ട്രാർ ജനറലിന് നൽകിയ 14.05.2019 ലെ PAN/25702/2018-B1 (DP) നമ്പർ കത്ത്

4. രജിസ്ട്രാർ ജനറൽ, ഇന്ത്യയുടെ 18.07.2019 തീയതിയിലെ 1/2/Kel/2007-VS(CRS) നമ്പർ കത്ത്

ഉത്തരാഖണ്ഡിലും ജമ്മു & കാശ്മീരിലും 2013, 2014 വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ കാണാതായ വ്യക്തികളുടെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഏകീകൃത നടപടിക്രമം രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകൾ ആവശ്യപ്പെട്ടതനുസരിച്ച് സൂചന (1), (2) സർക്കുലറുകൾ മുഖേന രജിസ്ട്രാർ ജനറൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കേരള സംസ്ഥാനത്തെ 2017, 2018 വർഷങ്ങളിൽ ബാധിച്ച ഓഖി ചുഴലിക്കാറ്റും മഹാ പ്രളയവും നിമിത്തമുണ്ടായ ദുരന്തങ്ങളിൽ കാണാതായതും മരണപ്പെട്ടിരിക്കാമെന്ന് ഉറപ്പിക്കാവുന്നതുമായ വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് മേൽപ്പറഞ്ഞ സർക്കുലറുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണോ എന്നതു സംബന്ധിച്ച് സൂചന (3) പ്രകാരം രജിസ്ട്രാർ ജനറലിനോട് സ്പഷ്ടീകരണം തേടിയതിനെത്തുടർന്ന്, ഓഖി ദുരന്തവും 2018 ലെ മഹാ പ്രളയവും ഉൾപ്പടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ കാണാതായ വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് സൂചന (1), (2) സർക്കുലറുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (4) കത്തു മുഖേന അറിയിച്ചിട്ടുള്ളതാണ് . പ്രസ്തുത സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതി ദുരന്തങ്ങളുടെ ഫലമായി മരണപ്പെട്ടതും മൃതശരീരം ലഭ്യമാകാത്തതുമായ വ്യക്തികളുടെ മരണ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിലെ വ്യവസ്ഥകൾ ജനന മരണ

രജിസ്ട്രാർമാരുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

പ്രകൃതി ദുരന്തങ്ങളിൽ കാണാതായതും മരിച്ചു പോയിരിക്കാനുള്ള എല്ലാ സാദ്ധ്യതകളും ഉള്ളതും എന്നാൽ മൃതശരീരം കണ്ടെത്താൻ കഴിയാത്തതുമായ വ്യക്തികൾ ആ ദുരന്തത്തിൽ മരണപ്പെട്ടിരിക്കാമെന്ന് ഉറപ്പാക്കുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമവും നടത്തിയെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. അതിലേക്കായി താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ഒരു വ്യക്തിയെ പ്രകൃതി ദുരന്തത്തിൽ കാണാതായതു സംബന്ധിച്ച റിപ്പോർട്ട് / പ്രഥമ വിവര റിപ്പോർട്ട് പ്രസ്തുത വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധു അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്യേണ്ടതാണ്. വ്യക്തിയെ കാണാതായത് മറ്റൊരു സ്ഥലത്താണെങ്കിൽ ആ സ്ഥലത്തെ പോലീസ് സ്റ്റേഷനിലേക്കും ഇത് റഫർ ചെയ്യേണ്ടതാണ്.
2. വ്യക്തിയെ കാണാതായതു സംബന്ധിച്ച് ഏറ്റവും അടുത്ത ബന്ധു നൽകിയതും നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയതുമായ സത്യവാങ്മൂലം സ്ഥിരരേഖയായി സൂക്ഷിക്കേണ്ടതാണ്.
3. പ്രഥമ വിവര റിപ്പോർട്ട് / വ്യക്തിയെ കാണാതായതു സംബന്ധിച്ച റിപ്പോർട്ട് ദുരന്തം നടന്ന സ്ഥലത്തെ ചുമതലയുള്ള ഉദ്യോഗസ്ഥന് (തഹസിൽദാർ/സബ് ഡിവിഷണൽ മജിസ്ട്രേറ്റ്) പോലീസിന്റെ റിപ്പോർട്ടും റേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക് മുതലായ തിരിച്ചറിയൽ രേഖകളും സഹിതം അയച്ചു കൊടുക്കേണ്ടതാണ്.
4. കാണാതായ വ്യക്തിയെ സംബന്ധിച്ച് തഹസിൽദാർ/സബ് ഡിവിഷണൽ മജിസ്ട്രേറ്റ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.
5. മേൽപ്പറഞ്ഞ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ /സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, കാണാതായ വ്യക്തി മരണപ്പെട്ടതായുള്ള താൽക്കാലിക നിഗമനം സംബന്ധിച്ച കാര്യകാരണ സഹിതമുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
6. മേൽ വിവരിച്ച പ്രകാരം മരണപ്പെട്ടതായി പ്രഖ്യാപിക്കുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട വ്യക്തികളുടെ പട്ടിക തയ്യാറാക്കി ദിനപ്പത്രത്തിലും ഔദ്യോഗിക ഗസറ്റിലും സർക്കാർ വെബ് സൈറ്റിലും ആക്ഷേപാഭിപ്രായങ്ങൾ ക്ഷണിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
7. ആക്ഷേപാഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം അനുവദിക്കേണ്ടതാണ്
8. നിർദ്ദിഷ്ട സമയപരിധിക്കകം ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി വിശദ വിവരങ്ങൾ ഉൾപ്പടെയുള്ള ഉത്തരവ് തഹസിൽദാർ/സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, ജനന മരണ രജിസ്ട്രാർക്ക് നൽകേണ്ടതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മരണം രജിസ്റ്റർ ചെയ്ത് മരണ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്.

9. മരിച്ചയാളിന്റെ അടുത്ത ബന്ധുവിന് മരണ സർട്ടിഫിക്കറ്റ് സൗജന്യമായി നൽകേണ്ടതും പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്ത പോലീസ് സ്റ്റേഷനിലേക്കും സർട്ടിഫിക്കറ്റ് അയച്ചു കൊടുക്കേണ്ടതുമാണ്.

10. ആക്ഷേപാഭിപ്രായങ്ങൾ ലഭിക്കുന്ന കേസുകളിൽ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുന്നതും തഹസിൽദാർ/സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ തൊട്ടുമുകളിലുള്ളതുമായ ഉദ്യോഗസ്ഥൻ ആക്ഷേപാഭിപ്രായങ്ങൾ സംബന്ധിച്ച് കാര്യകാരണ സഹിതമുള്ള വിശദമായ ഉത്തരവ് തഹസിൽദാർ/സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അയച്ചു കൊടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മരണ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഉത്തരവ് നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്.

11. ദുരന്ത സമയത്ത് ദുരിതബാധിത ഗ്രാമങ്ങളിൽപ്പെട്ടുപോയ മറ്റ് ജില്ലകളിലെ താമസക്കാരെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളേയും സംബന്ധിച്ച നടപടിക്രമങ്ങളിൽ കാണാതായതും മരിച്ചതായി കരുതപ്പെടുന്നതുമായ വ്യക്തിയുടെ അടുത്ത ബന്ധുക്കളോ കാണാതായ വ്യക്തിയെ സംബന്ധിച്ച റിപ്പോർട്ട്/എഫ്.ഐ.ആർ സമർപ്പിക്കേണ്ടതും, ദുരന്തബാധിത പ്രദേശങ്ങളിൽ കാണാതായ വ്യക്തിയെ സംബന്ധിച്ച റിപ്പോർട്ട്/എഫ്.ഐ.ആർ ഇതിനകം ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ നിയുക്ത ഉദ്യോഗസ്ഥൻ കാണാതായ വ്യക്തിയുടെ സ്വന്തം ജില്ലയിലെ/സംസ്ഥാനത്തെ താമസസ്ഥലത്തെ പോലീസ് സ്റ്റേഷൻറെ എസ്.എച്ച്ഒയ്ക്ക് അന്വേഷണത്തിന് കൈമാറേണ്ടതും രജിസ്ട്രേഷനായി മേൽ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

(ഒപ്പ്)
ബി.കെ.ദിനേശ് കുമാർ
ചീഫ് രജിസ്ട്രാർ (ജനന മരണം)

എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർക്കും
പകർപ്പ്: രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ (ഉപരിപത്രം സഹിതം)
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടറുടെ മേശപ്പുറത്ത്
നഗരകാര്യ ഡയറക്ടർ (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം. (ഉപരിപത്രം സഹിതം)
എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ, അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

.....ഗ്രാമ പഞ്ചായത്ത് / നഗരസഭ
മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം/മരണ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ട വിവരങ്ങൾ

1. മരിച്ചയാളുടെ പേര്:
2. ആധാർ (UID) /എൻറോൾമെന്റ് ഐ.ഡി. (EID) നമ്പർ .....
3. അപേക്ഷകന്റെ പേര്:
4. ആധാർ (UID) /എൻറോൾമെന്റ് ഐ.ഡി. (EID) നമ്പർ .....

മരിച്ചയാളുടെ ആധാർ നമ്പർ അറിയില്ലെങ്കിൽ നൽകേണ്ട സത്യപ്രസ്താവന

..... (മരിച്ചയാളുടെ പേരും വിലാസവും) എന്ന വ്യക്തിക്ക് എന്റെ അറിവിലും വിശ്വാസത്തിലും ആധാർ നമ്പർ ഇല്ലെന്നും ആധാർ നമ്പരിനായി എൻറോൾ ചെയ്തിട്ടില്ലെന്നും/എന്ന വ്യക്തിയുടെ ആധാർ നമ്പർ സംബന്ധിച്ച വിവരം എനിക്ക് അറിയില്ലെന്ന് ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

മേൽവിലാസം

അപേക്ഷകന് ആധാർ നമ്പർ ഇല്ലെങ്കിൽ നൽകേണ്ട സത്യപ്രസ്താവന

..... (മരിച്ചയാളുടെ പേരും വിലാസവും) എന്ന വ്യക്തിയുടെ മരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള വിവരം നൽകിയ / മരണ സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ച .... (അപേക്ഷകന്റെ പേരും വിലാസവും) എന്ന എനിക്ക് ആധാർ നമ്പർ ഇല്ലെന്നും ആധാർ നമ്പരിനായി എൻറോൾ ചെയ്തിട്ടില്ലെന്നും ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയും സത്യവുമാണെന്നും എന്റെയോ മരിച്ചയാളുടെയോ ആധാർ നമ്പർ സംബന്ധിച്ച് നൽകിയ വിവരങ്ങൾ വ്യാജമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 2016 ലെ ആധാർ ആക്ട് പ്രകാരവും 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരവും ശിക്ഷാർഹമാണെന്ന് എനിക്ക് അറിവുള്ളതാണെന്നും ഇതിനാൽ സത്യ പ്രസ്താവന ചെയ്യുന്നു.

അപേക്ഷകന്റെ ഒപ്പ്

പേര്

മേൽവിലാസം